# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

മേയ് 2017 വാല്യം 44 ലക്കം 2 | ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ് | പേജ് 12 വില 5.00 രൂപ


# ഇടതുപക്ഷ വിരുദ്ധ നിലപാടുകൾകൊണ്ട് ജനരോഷത്തിനിരയാകുന്ന എൽഡിഎഫ് ഭരണം

**ഒരു വർഷംപോലും തികയുന്നതിനുമുമ്പേ പിണറായി ഭരണം സ്വന്തം അണികളെവരെ നിരാശപ്പെടുത്തിയിരിക്കുകയാണ്. എല്ലാം ശരിയാക്കാമെന്നത് പരസ്യവാചകമായിരുന്നെങ്കിലും സാധാരണജനങ്ങൾക്ക് ഈ ഭരണത്തിൽ പ്രതീക്ഷയുണ്ടായിരുന്നു. അതെല്ലാം തകർന്നിരിക്കുകയാണ്. ഇടതുപക്ഷ സമീപനം എന്നല്ല, ജനാധിപത്യമര്യാദകൾപോലും തൊട്ടുതീണ്ടാത്ത ഭരണമാണ് നടക്കുന്നത്. യു.ഡി.എഫ് സർക്കാരിനെതിരെ എൽ.ഡി.എഫ് പ്രയോഗിച്ച തുരുപ്പ് ചീട്ട് അഴിമതിയുടേതായിരുന്നു. അക്കാര്യത്തിൽപോലും പിണറായി സർക്കാരിന് വ്യത്യസ്തത അവകാശപ്പെടാനില്ല എന്നതാണ് സ്ഥിതി.**

**കേ**രളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളുമായി സർക്കാർ പുലർത്തുന്ന അവിശുദ്ധബന്ധം അവരുടെ എല്ലാ ദുഷ്ചെയ്തികൾക്കും കൂട്ടുനിൽക്കുന്ന അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചിരിക്കുകയാണ്. മഹിജയുടെ സമരത്തെ കൈകാര്യം ചെയ്തരീതി സർക്കാരിനുണ്ടാക്കിയത് വലിയ കളങ്കമാണ്. സ്വാശ്രയഫീസിന്റെ കാര്യത്തിൽ മാനേജുമെന്റുകൾ വിട്ടുവീഴ്ചയ്ക്ക് തയ്യാറായിട്ടുപോലും അതിനനുവദിക്കാതിരുന്നത് മുഖ്യമന്ത്രിയായിരുന്നു. ലോ അക്കാദമി മാനേജ്മെന്റിന് സുരക്ഷാവലയം തീർത്ത് അവർ അപഹാസ്യരായി. ടോംസ് കോളജ് മാനേജ്മെന്റിന്റെ കൊള്ളയ്ക്കും കൊലയ്ക്കുംവരെ ചൂട്ടുപിടിക്കുന്ന സ്ഥിതിയിലേയ്ക്ക് അധ:പതിക്കുകയും ചെയ്തു.

മഹാരാജാസ് കോളജിൽനിന്ന് മാരകായുധങ്ങൾ കണ്ടെടുത്തത് എസ്എഫ്ഐ വെറുമൊരു ഗുണ്ടാസംഘമായി അധ:പതിച്ചിരിക്കുന്നു എന്നതിന്റെ പ്രത്യക്ഷത്തിലുള്ള തെളിവായിരുന്നു. അത് പണിയായുധങ്ങളാണ് എന്ന് ന്യായീകരിച്ച മുഖ്യമന്ത്രി കലാലയങ്ങളിലെ ജനാധിപത്യ അന്തരീക്ഷം പുന:സ്ഥാപിക്കുവാൻ ഒരു തരത്തിലും അനുവദിക്കില്ല എന്ന വെല്ലുവിളിയാണ് ഉയർത്തിയിരിക്കുന്നത്. ഒരു വശത്ത് വിദ്യാഭ്യാസക്കച്ചവടക്കാർക്ക് ഒത്താശ ചെയ്യുക, മറുവശത്ത് സംഘടനാ പ്രവർത്തനം ഗുണ്ടായിസമാക്കി സംഘടനാ സ്വാതന്ത്ര്യത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കാൻ കളമൊരുക്കുക. സ്വന്തം ചെയ്തികളെക്കുറിച്ച് സിപിഐ(എം) എന്നാണിനി ഒരു പുനർവിചിന്തനം നടത്തുക.

മുന്നണി മര്യാദകൾ കാറ്റിൽ പറത്തി കോട്ടയം ജില്ലാ പഞ്ചായത്തിൽ സിപിഐ(എം), മാണി കേരള കോൺഗ്രസ്സിന് പിന്തുണ നൽകി. മാണിക്കെതിരെ തെരഞ്ഞെടുപ്പ് വേളയിൽ ഉയർത്തിയ കോലാഹലങ്ങൾ എല്ലാം നിർലജ്ജം വിഴുങ്ങി. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്നത് ഇടതുപക്ഷ സ്വഭാവമോ ജനാധിപത്യപരമായ പ്രവർത്തന ശൈലിയോ മുന്നണികൾ മര്യാദകൾ പാലിക്കുന്ന ഒരു സംവിധാനംപോലുമോ അല്ല എന്ന് ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുകയാണ്. വർഗ്ഗസമരങ്ങളും ബഹുജനമുന്നേറ്റങ്ങളും വളർത്തിയെടുത്ത് ഇടതുപക്ഷ ധാരയെ ശക്തിപ്പെടുത്തുന്നതിന് പകരം ഏതാനും സീറ്റുകൾ

*(ശേഷം 5-ാം പേജിൽ)*

# ജിഷ്ണു വധം: സമരത്തിന്റെ പുതിയൊരു ഘട്ടം വിളംബരം ചെയ്ത് നിയമസഭാ മാർച്ച്



നയമസഭ മാർച്ചിന്റെ മുൻനിര



സഖാവ് വി.വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്യുന്നു

**ജി**ഷ്ണുവിന്റെ ഘാതകർക്ക് കർശനശിക്ഷ ഉറപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക, സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള ഗൂഢാലോചനകേസ് പിൻവലിക്കുക, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ജീവനക്കാർക്കും ജനാധിപത്യപരമായസംഘടനാ സ്വാതന്ത്ര്യം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ജിഷ്ണുസമരം പുതിയൊരു ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുകയാണ്. ഇത് വിളംബരം ചെയ്തുകൊണ്ടാണ് മെയ് 4ന് സെക്രട്ടേറിയറ്റിനുമുന്നിൽനിന്ന് നിയമസഭാ മന്ദിരത്തിലേയ്ക്ക് എസ് യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മാർച്ച് സംഘടിപ്പിച്ചത്. മാർച്ച് നിയമസഭാ മന്ദിരത്തിന് സമീപം പോലീസ് തടഞ്ഞു.

എസ്‌യുസിഐ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി. വേണുഗോപാൽ മാർച്ച് ഉദ്ഘാടനം ചെയ്തു. ഐതിഹാസികമായ ഒരു പ്രക്ഷോഭത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നതെന്ന് സഖാവ് വേണുഗോപാൽ ചൂണ്ടിക്കാണിച്ചു. വെറുമൊരു ആത്മഹത്യയെന്ന് പോലീസ് എഴുതിത്തള്ളുമായിരുന്ന ജിഷ്ണുവിന്റെ മരണം സംസ്ഥാനത്തിന്റെയാകെ രാഷ്ട്രീയ ശ്രദ്ധ പിടിച്ചുപറ്റിയ പ്രക്ഷോഭമായി മാറിയിരിക്കുകയാണ് ഇന്ന്.

ഇതുപോലൊരു ദാരുണസംഭവം ഇനിയൊരിക്കലും ഉണ്ടാകാൻ അനുവദിക്കില്ല എന്ന നിശ്ചയദാർഢ്യത്തോടെ ജിഷ്ണുവിന്റെ അമ്മ മഹിജയും കുടുംബാംഗങ്ങളും തുടങ്ങിവച്ച ധീരമായ സമരം കേരളത്തിലെ മാദ്ധ്യമങ്ങളും ബുദ്ധിജീവികളും നേരായി ചിന്തിക്കുന്നവരാകെയും ഏറ്റെടുക്കുകയായിരുന്നു. സ്വാശ്രയ സ്ഥാപനങ്ങളിൽ നടക്കുന്ന കൊള്ളയും മനുഷ്യാവകാശ ലംഘനങ്ങളും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തിലേയ്ക്കാണ് ഇന്നീ സമരം മുന്നേറുന്നതെന്ന് സഖാവ് വേണുഗോപാൽ ഓർമ്മിപ്പിച്ചു.

ഈ പ്രക്ഷോഭത്തെ നേരിടാൻ പിണറായി സർക്കാരിന് പതിനെട്ടടവും പയറ്റേണ്ടിവന്നു. സ്വാശ്രയ മാനേജുമെന്റുകളുമായി സിപിഐഎം നേതൃത്വം പുലർത്തുന്ന അവിശുദ്ധ ബന്ധം ഇതിലൂടെ ഒരിക്കൽക്കൂടി തുറന്നു കാട്ടപ്പെട്ടു. കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള എല്ലാ പഴുതുകളും ഒരുക്കിവച്ച് തയ്യാറാക്കിയ എഫ്ഐആർ തന്നെ ഇതിന്റെ ഏറ്റവും നല്ല ദൃഷ്ടാന്തമാണ്. ഒരു തുടർനടപടിക്കും സ്പർശിക്കാനാകാത്തവണ്ണമുള്ള രക്ഷാവലയമാണ് അത് കുറ്റവാളികൾക്ക് ചുറ്റും തീർത്തിരിക്കുന്നത്. ശക്തമായ ഒരു പ്രക്ഷോഭത്തിലൂടെ മാത്രമേ കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നസ്ഥിതി ഉണ്ടാകൂ എന്നും സഖാവ് വേണുഗോപാൽ പറഞ്ഞു.

സമരം ചെയ്തവർക്ക് ഒത്താശ ചെയ്തവരെ ജയിലിലടച്ചതിലൂടെ ഫാസിസ്റ്റ് മുഖമാണ് പിണറായി സർക്കാർ പ്രദർശിപ്പിച്ചതെന്ന് അദ്ധ്യക്ഷത വഹിച്ച സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജിഎസ്.പത്മകുമാർ പറഞ്ഞു. ഇടതുപക്ഷ രാഷ്ട്രീയത്തിന് ഇത് മായ്ക്കാനാകാത്ത കളങ്കമാണ്. ഇടതുപക്ഷേതരവും സമരവിരുദ്ധവുമായ പാതയിലൂടെയാണ് സിപിഐ(എം) ഭരണം മുന്നേറുന്നത്. മഹിജയുടെ സമരം എന്തുനേടിയെന്ന പിണറായിയുടെ ചോദ്യം മകനെ നഷ്ടപ്പെട്ട അമ്മയോടുള്ള അനാദരവ് മാത്രമല്ല, സമരങ്ങളോടുള്ള പുച്ഛംകൂടെയാണ് പ്രകടമാക്കുന്നത്. സ്വാശ്രയകോളജുകൾക്കകത്തു നടക്കുന്ന ഹീനമായ കാര്യങ്ങൾ പുറംലോകം അറിയാൻ ഇടയാക്കിയ ഈ സമരം ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിലേയ്ക്ക് മുന്നേറുകതന്നെ ചെയ്യുമെന്ന് സഖാവ് പത്മകുമാർ പ്രഖ്യാപിച്ചു.

ജയിൽമോചിതരമായ സഖാക്കൾ എം.ഷാജർഖാൻ, എസ്.മിനി, എസ്.ശ്രീകുമാർ എന്നിവരെ പ്രതിനിധീകരിച്ച് സഖാവ് ഷാജർഖാൻ മാർച്ചിനെ അഭിസംബോധന ചെയ്തു. സമരക്കാരല്ല, സമരക്കാർക്കെതിരെ സർക്കാരാണ് ഗൂഢാലോചന നടത്തിയതെന്ന് സഖാവ് ഷാജർഖാൻ പറഞ്ഞു. ഇന്ന് കേരളത്തിലെ നിരവധി സ്വാശ്രയ കോളജുകളിൽ നീതിക്കുവേണ്ടി വിദ്യാർത്ഥികൾ സംഘടിച്ചുകൊണ്ടിരിക്കുകയാണെന്നും വലിയൊരു വിദ്യാഭ്യാസ പ്രക്ഷോഭമായി ഇത് വളർന്നുവരുമെന്നും സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി കൂടിയായ സഖാവ് ഷാജർഖാൻ സർക്കാരിന് മുന്നറിയിപ്പ് നൽകി.

എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ, എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ.ബിജു, എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി സഖാവ് പി.കെ.പ്രഭാഷ് എന്നിവരും പ്രസംഗിച്ചു. ■

# ജിഷ്ണു സമരം: വസ്തുതകളെന്ത്?

എം.ഷാജർഖാൻ   എസ്.മിനി   എസ്.ശ്രീകുമാർ




ജയിലിലടയ്ക്കപ്പെട്ട കെ.എം.ഷാജഹാൻ, എം.ഷാജർഖാൻ, എസ്.മിനി, എസ്.ശ്രീകുമാർ എന്നിവർക്ക് ജാമ്യം നിഷേധിക്കപ്പെട്ടതിൽ പ്രതിഷേധിച്ച് മെയ് 10ന് സെക്രട്ടേറിയറ്റിനുമുന്നിൽ എസ്‌യുസിഐ(സി) പ്രവർത്തകർ നടത്തിയ പ്രകടനം

**കേരളത്തിലെ സ്വാശ്രയ വിദ്യാഭ്യാസത്തിന്റെ ഇരയാണ് ജിഷ്ണു പ്രണോയ്. വിദ്യാഭ്യാസമേഖല വാണിജ്യാടിസ്ഥാനത്തിൽ വളർന്നിരിക്കുന്നു. മാറിമാറി സംസ്ഥാനം ഭരിച്ച ഇടതു-വലതു മുന്നണികൾ സ്വീകരിച്ച വിദ്യാഭ്യാസനയത്തിന്റെ ഫലമാണിത്. സർക്കാരിനെയും നിയമസംവിധാനങ്ങളെയും വെല്ലുവിളിക്കുന്ന ഇത്തരം വിദ്യാലയങ്ങളിൽനിന്ന് മനുഷ്യാവകാശ ലംഘനങ്ങളുടെയും ക്രൂരമായ വിദ്യാർത്ഥി പീഡനങ്ങളുടെയും കഥകളാണ് ദൈനംദിനം കേൾക്കുന്നത്. മക്കൾക്ക് ഉന്നതവിദ്യാഭ്യാസവും മാന്യമായ തൊഴിലും ലഭിക്കുക എന്നത് രക്ഷിതാക്കളുടെ ആഗ്രഹമാണ്. അതിനെ ചൂഷണം ചെയ്യുകയാണ് സ്വാശ്രയസ്ഥാപനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കുവാൻ ജിഷ്ണുപ്രണോയ് തയ്യാറായി എന്നതാണ് അദ്ദേഹം ചെയ്ത കുറ്റം. അതിന് ആ വിദ്യാർത്ഥിക്ക് സ്വന്തം ജീവൻ തന്നെ വിലനൽകേണ്ടിവന്നു. ആ രക്തസാക്ഷിത്വം അഗ്നിയായി പടരേണ്ടതുണ്ട്. ജിഷ്ണുവിന്റെ കൊലയാളികൾ നിയമപരമായി ശിക്ഷിക്കപ്പെടണം. എന്നാൽ, നീതി നടപ്പിലാക്കുന്നതിനുവേണ്ടിയല്ല സർക്കാർ ശ്രമിക്കുന്നത്. കൊലയാളികൾ സംരക്ഷിക്കപ്പെടുകയും നീതിലഭിക്കേണ്ടവർ തെരുവിൽ പോലീസിന്റെ ക്രൂരമർദ്ദനങ്ങൾക്ക് ഇരയാകുകയും ചെയ്യേണ്ടിവരുന്നു. മകന്റെ കൊലയാളികളെ ശിക്ഷിക്കുന്നതിനുവേണ്ടി സമരം ചെയ്യേണ്ടിവരുന്ന ഒരമ്മയുടെ ഭാഗത്തുനിന്നാണ് ചിന്തിക്കേണ്ടത്. അവരുടെ പ്രവർത്തനങ്ങളോട് മനസ്സുകൊണ്ടെങ്കിലും നമ്മൾ ഐക്യപ്പെടേണ്ടതല്ലേ. നമ്മുടെ ഭരണാധികാരികളും സിപിഐ(എം) പ്രസ്ഥാനവും നീതിക്കുവേണ്ടിയുള്ള ജനാധിപത്യ പോരാട്ടത്തെ പൂർണ്ണമായും തള്ളിക്കളയുകയും അമ്മയെ പരിഹസിക്കുകയും ചെയ്യുന്നു. സമരത്തിനൊപ്പം നിന്നവരെ തുറുങ്കിലടക്കുന്നു. ബന്ധുക്കളെ ഭീഷണിപ്പെടുത്തുന്നു. രക്തബന്ധമുള്ളവർ മാത്രമേ സമരം ചെയ്യാവൂ എന്ന അഭിപ്രായം പൊതുസമൂഹത്തിന്റെ ചർച്ചയിലേക്ക് കൊണ്ടുവരുന്നു. സർക്കാരിനെതിരെയുള്ള സമരങ്ങളിൽ പങ്കെടുക്കുന്നവരെ അറസ്റ്റു ചെയ്തു ജയിലിൽ അടക്കുമെന്ന സന്ദേശം നൽകുന്നു. സമരത്തോടൊപ്പം നിൽക്കുന്നവരെ തീവ്രവാദികളും നുഴഞ്ഞുകയറ്റക്കാരുമാക്കുന്ന ഗൂഢാലോചനകൾ ഭരണകേന്ദ്രങ്ങളിൽനിന്ന് രൂപപ്പെടുന്നു. ന്യായത്തിന്റെയും ജനാധിപത്യത്തിന്റെയും വഴികളിൽ സഞ്ചരിക്കുന്നവർക്കൊപ്പം നിൽക്കാൻ ഈ സന്ദർഭത്തിൽ സമൂഹം തയ്യാറാകേണ്ടതുണ്ട്. അതിനായി, 2017 ഏപ്രിൽ 5-ാം തീയതി ഡിജിപി ഓഫീസിന് മുമ്പിൽ നടന്ന കാര്യങ്ങളുടെ വസ്തുതകൾ മനസ്സിലാക്കേണ്ടുന്നതുണ്ട്. അറസ്റ്റ് ചെയ്യപ്പെട്ട്, പിന്നീട് ജയിൽ വിമോചിതരായ സേവ് എജ്യുക്കേഷൻ കമ്മിറ്റി സെക്രട്ടറിയും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംഘാടകനുമായ എം.ഷാജർഖാൻ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)സംഘാടകരായ എസ്.മിനി, എസ്.ശ്രീകുമാർ എന്നിവർ വസ്തുതകൾ വ്യക്തമാക്കുന്നു.**



ജയിൽമോചിതരായ സഖാക്കൾ എം.ഷാജർഖാൻ, എസ്.മിനി, എസ്.ശ്രീകുമാർ എന്നിവർ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ. ലൂക്കോസിനോടൊപ്പം സെക്രട്ടേറിയറ്റിനുമുന്നിലെ സ്വീകരണയോഗത്തിൽ

### ഏപ്രിൽ അഞ്ചിന് ഡിജിപി ഓഫീസിനു മുന്നിൽ നടന്നതെന്ത് ?

ഏപ്രിൽ അഞ്ചിന് ഡിജിപി ഓഫീസിനു മുന്നിൽ നടന്നത് കേരള മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണ്. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത്. മഹിജയെപ്പോലെ ഒരാൾ, ജിഷ്ണു പ്രണോയിയുടെ അമ്മ, ജിഷ്ണു കൊല്ലപ്പെട്ടിട്ട് 90-ാം ദിവസമാണ് ഡിജിപി ഓഫീസിനു മുന്നിൽ സമരം നടത്താനായി വരുന്നത്.

വാസ്തവത്തിൽ രണ്ടുമാസം പിന്നിട്ടപ്പോൾ തന്നെ അവർ സമരത്തെപ്പറ്റി ചിന്തിച്ചു തുടങ്ങിയതാണ്. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും നൽകിയ ഉറപ്പുകൾ ലംഘിക്കപ്പെട്ടതോടെയാണ് മാർച്ച് 27-ാം തീയതി സമരം നടത്താൻ അവർ തീരുമാനിച്ചത്. ഡിജിപിയുടെ ഇടപെടലിന്റെയും നൽകിയ ഉറപ്പിന്റെയും അടിസ്ഥാനത്തിലാണ് ഏപ്രിൽ അഞ്ച് സമരത്തിനായി അവർ തീരുമാനിക്കുന്നത്. അത് കേരളത്തിലെ ആദ്യസർക്കാരിന്റെ 60-ാം വാർഷികമാണോ, പിറന്നാൾ ആണോ എന്നൊന്നും അവരാരും ചിന്തിച്ചിട്ടേയില്ല. വാസ്തവത്തിൽ ഞങ്ങളെ സംബന്ധിച്ചും അത് പരിഗണനാവിഷയമല്ല. 60-ാം വാർഷികം ഇവിടെ ജനജീവിതത്തിൽ എന്ത് വ്യത്യാസമാണ് ഉണ്ടാക്കുന്നത്. ഡിജിപിയുമായുള്ള ധാരണയുടെ അടിസ്ഥാനത്തിൽ അവർ തീയതി തീരുമാനിച്ചു. ഡിജിപി അവരോടു പറഞ്ഞത് ഒരാഴ്ചക്കുള്ളിൽ എല്ലാ പ്രതികളേയും അറസ്റ്റ് ചെയ്യുമെന്നായിരുന്നല്ലോ. 27-ാം തീയതി നടത്തുന്ന സമരം ഒരാഴ്ചത്തേക്കു മാറ്റിവയ്ക്കണം. ന്യൂ ഡൽഹിയിലെ കേരളാഹൗസിൽ വച്ച് ലോക്നാഥ്ബെഹ്റ ജിഷ്ണു പ്രണോയിയുടെ അമ്മാവൻ ശ്രീജിത്തിനു നല്കുന്ന വാഗ്ദാനമാണത്. അവർ അത് വിശ്വസിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലാണ് ഏപ്രിൽ 5 എന്ന തീയതി നിശ്ചയിക്കുന്നത്. ഈ ധാരണയുടെ അടിസ്ഥാനത്തിലാണ് അവർ ഏപ്രിൽ അഞ്ചിന് ഡിജിപി ഓഫീസിനു മുന്നിലേക്ക് വരുന്നത്. ഒരു വലിയ സമരസംഘമൊന്നും അവരോടൊപ്പമില്ല. 14 പേരാണ് അവരോടൊപ്പമുണ്ടായിരുന്നത്. നെഹ്റുകോളേജിലെ രണ്ട് വിദ്യാർത്ഥികൾ, എസ്‌യുസിഐ(സി) പ്രവർത്തകരായ ഞങ്ങൾ മൂന്നുപേർ-അങ്ങിനെ പത്തൊൻപത് പേരാണ് സമരം എന്ന് അവർ വിളിക്കുന്ന സംഘത്തിൽ പങ്കെടുത്തിട്ടുള്ളത്. രാവിലെ 7.30ന് മാവേലി എക്സ്പ്രസിനെത്തുന്ന അവരെ ഞങ്ങൾ റെയിൽവേ സ്റ്റേഷനിൽ സ്വീകരിക്കുന്നു. സ്റ്റേഷനുപുറത്തുവച്ച് മഹിജ മാധ്യമങ്ങളെ അഡ്രസ്സ് ചെയ്യുന്നു. ഞങ്ങൾ ഡിജിപി ഓഫീസിനു മുന്നിലേക്കു സമരം നടത്താൻ പോകും, എല്ലാവരുടെയും പിന്തുണ വേണം എന്ന് മഹിജ അഭ്യർത്ഥിക്കുന്നു. തുടർന്ന് അവർ ആവശ്യപ്പെട്ടതു പ്രകാരം ഞങ്ങൾ ബുക്ക് ചെയ്തിരുന്ന ഹോട്ടലിൽ എത്തി അവർ പ്രഭാതകർമ്മങ്ങൾ നിർവഹിക്കുന്നു. അവിടേക്കാണ് പോലീസ് ഉദ്യോഗസ്ഥന്മാർ വരുന്നത്. അവർ പറയുന്നത് ഡിജിപി ഓഫീസിനു മുന്നിൽ സമരം പാടില്ല. ഡിജിപിയെ കാണാം. സ്വാഭാവികമായും ബന്ധുക്കൾ പറഞ്ഞു ഞങ്ങൾ പതിനാലു പേരും ഡിജിപിയെ കാണാൻ അങ്ങോട്ട് വരുകയാണ്. അങ്ങനെ വരുന്നതും ഒരു സമരമാണ്. മഹിജയും ബന്ധുക്കളും നടത്തിയ ആ ഉദ്യമത്തെ സഹായിക്കുവാൻ ഏതൊരാളും ബാധ്യസ്ഥനാണ്. എന്നു പറഞ്ഞാൽ എസ്‌യുസിഐ(സി) പ്രവർത്തകർ എന്നതിന്റെ മാത്രം അടിസ്ഥാനത്തിലല്ല പറഞ്ഞത്, എസ്‌യുസിഐ(സി) തീർച്ചയായും ചെയ്യും. കാരണം അതൊരു സമരപ്രസ്ഥാനമാണ്. പക്ഷേ കേരളസമൂഹത്തിന്റെ ആകമാനമുള്ള ഒരു മുദ്രാവാക്യം ഏറ്റെടുത്തുകൊണ്ടാണ് മഹിജ തലസ്ഥാനത്ത് ഡിജിപി ഓഫീസിനു മുന്നിലേക്കു വരുന്നത്. അവരെ സഹായിക്കാനുള്ള ചുമതല ഞങ്ങൾ ഏറ്റെടുത്തു.

### ഡിജിപി ഓഫീസിനുമുന്നിൽ നടന്ന സംഭവത്തിലെ ഗൂഢാലോചന?

അവിടെ പോലീസ് ഉദ്യോഗസ്ഥരുണ്ട്. ഞങ്ങൾ പ്രതീക്ഷിച്ചത് മഹിജയെപ്പോലെ ഒരാൾവരുമ്പോൾ അവിടെ കയ്യേറ്റം പോയിട്ട് അപശബ്ദം പോലും ഉണ്ടാകില്ലെന്നാണ്. കാരണം സെൻസിറ്റീവ് ഇഷ്യൂവാണ്, മാധ്യമങ്ങൾ ലൈവ് ആണ്. കേരളം ശ്രദ്ധിക്കുന്ന ഒരു വിഷയമാണ്. വളരെ അവധാനതയോടെ, സംയമനത്തോടെ പോലീസ് പെരുമാറും എന്നുപ്രതീക്ഷിച്ചതുകൊണ്ട് തന്നെ ഒരു ആശങ്കയും ഞങ്ങൾക്ക് തോന്നിയില്ല. അവർ തടയും എന്ന് പറഞ്ഞിരുന്നു.

യഥാർത്ഥത്തിൽ ഡിജിപി ഓഫീസിനു മുന്നിലല്ല തടഞ്ഞത്, ഇരുനൂറു മീറ്റർ ദൂരെയുള്ള സുബ്രഹ്മണ്യൻ ഹാളിനടുത്താണ്. ആദ്യത്തെ ഏതാനും മിനിട്ടുകൾക്ക് ശേഷം പോലീസ് അക്രമാസക്തമായി പെരുമാറുകയാണുണ്ടായത്. അമ്മ മഹിജ ഉൾപ്പെടെയുള്ള ആളുകളെ ശാരീരികമായി കൈകാര്യം ചെയ്യുകയായിരുന്നു. മഹിജയുടെ നാഭിക്കു ചവിട്ടുന്ന സംഭവം വരെ ഉണ്ടായി. അമ്മാവനെ എത്ര മൃഗീയമായിട്ടാണ് എടുത്തെറിയുന്നത്. ഞങ്ങൾ ആ സമരത്തിൽ മുൻനിരയിലായിരുന്നില്ല. ഞാനും മിനിയും ശ്രീകുമാറും അവരെ സഹായിക്കാനാണ് ശ്രമിച്ചത്. അങ്ങനെ വന്നവരെ വണ്ടിയിലേക്ക് എടുത്ത് എറിയുകയായിരുന്നു. കെ.എം.ഷാജഹാൻ, വി.എസ്.അച്യുതാനന്ദന്റെ മുൻപ്രൈവറ്റ് സെക്രട്ടറി, ഐക്യദാർഢ്യസമിതിയുടെ ഭാഗമായിട്ട് വന്നതാണ്. അദ്ദേഹം ഇത് അറിഞ്ഞിട്ടുവരുന്ന ആളാണ്. അദ്ദേഹം മാത്രമല്ലല്ലോ. ആ സമരത്തിലേക്ക് സെബാസ്റ്റ്യൻ പോൾ വന്നുകൊണ്ടിരിക്കുകയായിരുന്നു. കവയത്രി സുഗതകുമാരിയെ വിളിച്ചിരുന്നു. നിരവധി സംസ്കാരിക പ്രവർത്തകരെ വിളിച്ചിരുന്നു. വാർത്ത അറിഞ്ഞവർ അവിടേക്കുവന്നുകൊണ്ടിരിക്കുകയാണ്. ആരും വരേണ്ടിവന്നില്ല, അതിനു മുമ്പേതന്നെ പോലീസ് അവരെ കൈകാര്യം ചെയ്ത് വാനിലാക്കിയിരുന്നു. അതിഭീകരമായ പോലീസ് തേർവാഴ്ച. കേരള ചരിത്രത്തിലെ കറുത്ത ദിനമായി സംഭവം മാറി. പോലീസിന്റെ ക്രൂരമായ നടപടിയുടെ ഭാഗമായിട്ടാണ് അങ്ങിനെ സംഭവിച്ചത്. ആരാണ് പോലീസിനു നിർദ്ദേശം കൊടുത്തത്? അസിസ്റ്റന്റ് കമ്മീഷണർ ബൈജു അവിടെ ഉണ്ടായിരുന്നു. അദ്ദേഹം അവിടെ വച്ച് ആരോടോ ഫോണിൽ സംസാരിക്കുന്നുമുണ്ടായിരുന്നു. ആരോടാണ് സംസാരിച്ചത്? മഹിജയെയും ബന്ധുക്കളെയും മർദ്ദിക്കാനും ഞങ്ങളെ അറസ്റ്റുചെയ്യാനും ജയിലിൽ അടയ്ക്കാനും നിർദ്ദേശം കൊടുത്തത് ആരാണ്? അപ്പോൾ സമരം നടക്കുന്ന സന്ദർഭത്തിൽ തന്നെ ഉന്നതങ്ങളിൽ ഒരു ഗൂഢാലോചന

# സ്വാശ്രയമാഫിയയ്ക്ക് തലോടലും ഇരകൾക്കുമേൽ അതിക്രമവും




അറസ്റ്റിൽ പ്രതിഷേധിച്ച് എസ്‌യുസിഐ(സി) പ്രവർത്തകർ ആലപ്പുഴ ടൗണിൽ നടത്തിയ പ്രകടനം

നടന്നിരുന്നു എന്നാണിത് കാണിക്കുന്നത്. പിന്നീട് ഇവർ ഞങ്ങളെ എ.ആർ.ക്യാമ്പിലേക്കു കൊണ്ടുപോയി. അതിനുമുമ്പേ മഹിജയെ ആശുപത്രിയിലാക്കി. അവശനിലയിൽ ആയതിനാൽ ശ്രീജിത്തിനേയും ആശുപത്രിയിലാക്കി. എ.ആർ ക്യാമ്പിൽ വന്നതിനു ശേഷം ഞങ്ങൾ നാലുപേരെ കൂട്ടത്തിൽ നിന്ന് പോലീസ് മാറ്റുകയാണുണ്ടായത്.

പോലീസ് കസ്റ്റഡിയിലായിരുന്നതിന് ശേഷം ഏകദേശം ഒരു പന്ത്രണ്ടുമണി കഴിഞ്ഞ് കോടിയേരിയും മനോജ് ഏബ്രഹാമും മാധ്യമങ്ങളെ കാണുമ്പോൾ പറയുന്നത് അവിടെ കുഴപ്പം സൃഷ്ടിച്ചത് പുറത്തുനിന്ന് വന്നവരാണ്, ബാഹ്യശക്തികളാണ് എന്നാണ്. ഏതു ബാഹ്യശക്തി? ഞങ്ങൾ ഒരു ബാഹ്യശക്തിയെയും കണ്ടില്ല. വേറെ ചില ആളുകൾ നുഴഞ്ഞുകയറി എന്നു പറയുന്നു. ആരാണ് നുഴഞ്ഞു കയറിയത്. ഞങ്ങൾ നുഴഞ്ഞുകയറ്റക്കാരാണെന്ന് അരിയാഹാരം കഴിക്കുന്ന ആരും വിശ്വസിക്കില്ല. ഞങ്ങളുടെ ഉത്തരവാദിത്വം സമരത്തെ സഹായിക്കുക എന്നുള്ളതാണ്. അമ്മയുടെ വിലാപം കേൾക്കാൻ മനസ്സുള്ളവരായതിനാലാണ്, സാമൂഹിക പ്രവർത്തനത്തിന്റെയും വിദ്യാഭ്യാസ പ്രവർത്തനത്തിന്റെയും ഭാഗമായി അതിനെ കാണുന്നതുകൊണ്ടാണ് അവരോടൊപ്പം അചഞ്ചലം ഞങ്ങൾ നിലകൊണ്ടത്.

പക്ഷേ അവിടെ ഞങ്ങൾ നാലുപേരെ -കെ.എം.ഷാജഹാനെയും എസ്‌യുസിഐ(സി) പ്രവർത്തകരായ ഞങ്ങളെയും അവർ പ്രത്യേകം മാറ്റി നിർത്താനും ബാക്കിയുള്ളവരെ വിട്ടയക്കാനും തീരുമാനിച്ചു. അത് ബന്ധുക്കൾ ചോദ്യം ചെയ്തു. എല്ലാവരും സമരത്തിനു വന്നവരാണ്, അവരെ വിടാതെ ഞങ്ങൾ പോകില്ല എന്ന് അവർ ഉറപ്പിച്ചു പറഞ്ഞു. പക്ഷേ പോലീസ് തന്ത്രപൂർവ്വം ഇടപെട്ടു. സിഐ-ഐജി തലത്തിൽ ആയിരിക്കില്ല ഇത്തരമൊരു ഗൂഢാലോചന നടന്നത്. ഉന്നതങ്ങളിൽ നിന്നുള്ള നിർദ്ദേശപ്രകാരമാണെന്നാണ് ഞങ്ങളോടു പോലീസ് പറഞ്ഞത്. ആരാണ് ആ ഉന്നതൻ? ഡിജിപിയാണോ? ഐജിയാണോ? അവരാരുമല്ല. അതിനു മുകളിൽ ആഭ്യന്തര സെക്രട്ടറിതലത്തിലോ, അതിനും മുകളിൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നോ ഉള്ള ആലോചനയാണത്. എസ്‌യുസിഐ(സി) സഖാക്കളെയും കെ.എം.ഷാജഹാനെയും പ്രതിചേർത്ത് കേസ് എടുക്കാനും ക്രിമിനൽ ഗൂഢാലോചന കുറ്റം ചുമത്താനും ജയിലിലടക്കാനുമുള്ള ഒരു ആസൂത്രിതമായ തീരുമാനം മന്ത്രിതലത്തിൽ ഉണ്ടായിരുന്നുവെന്നു വ്യക്തമാണ്.

അങ്ങനെ ഒരു നീക്കംനടത്തി ബന്ധുക്കളെ വിട്ടയക്കുകയും ഞങ്ങളെ കസ്റ്റഡിയിൽ എടുക്കുകയും ചെയ്തു.ആ സമയത്തൊന്നും അറസ്റ്റ് രേഖപ്പെടുത്തുന്നില്ല. ഒരു വാഹനത്തിൽ കയറ്റി ഞങ്ങളെ കൊണ്ടുപോകുകയാണ്. ചോദിച്ചിട്ടു പറയുന്നില്ല. നമുക്കൊരു ടൂർ പോകാം നഗരമൊക്കെ കാണാം എന്നൊക്കെയാണ് അവർ പറയുന്നത്. കഴക്കൂട്ടം, തുമ്പ, പേട്ട വഴി കുറേ സ്ഥലങ്ങളിലൂടെ കറങ്ങിയതിനു ശേഷം വെകുന്നേരമാണ് തിരിച്ചെത്തുന്നത്. ഫോൺ വാങ്ങിവച്ചു. അപ്പോഴും അവർ അറസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല. എന്തിനാണ് ഞങ്ങളെ അന്യായമായി തടങ്കലിൽ വച്ചിരിക്കുന്നത്? ഏതു നിയമപ്രകാരം? അതൊക്കെ നിയമവിരുദ്ധമല്ലേ? രാവിലെ പത്തുമണിക്ക് കസ്റ്റഡിയിൽ എടുത്ത ഞങ്ങളുടെ അറസ്റ്റ് വൈകുന്നേരം അഞ്ചുമണിക്കും രേഖപ്പെടുത്തിയില്ല.

ഞങ്ങളെ വിടണം എന്നു പറഞ്ഞപ്പോൾ ഏഴുമണിക്കാണ് അറസ്റ്റ് രേഖപ്പെടുത്തുന്നത്. അപ്പോഴും ഞങ്ങൾ ചെയ്തകുറ്റം എന്താണെന്നു പറയുന്നില്ല. എന്തിനാണ് അറസ്റ്റു രേഖപ്പെടുത്തുന്നത് എന്ന ചോദ്യത്തിന് അതൊക്കെ സി.ഐ വന്നിട്ട് പറയുമെന്ന മറുപടിയാണ് ലഭിച്ചത്.പിന്നീട് കോടതിയിൽ കൊണ്ടുപോകുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതാണ് കണ്ടത്. രേഖകൾ തയ്യാറാക്കി അതിനാവശ്യമായ മെഡിക്കൽ ടെസ്റ്റുകൾ നടത്തുക തുടങ്ങിയ കാര്യങ്ങളിലേക്കു നീങ്ങി. ഏതു വകുപ്പ് പ്രകാരമാണ് അറസ്റ്റ് ചെയ്തത് എന്ന ചോദ്യത്തിന്, വകുപ്പ് തീരുമാനിച്ചിട്ടില്ല എന്നാണ് അവർ പറഞ്ഞത്. വകുപ്പുകൾ ചാർത്തുന്നതിനുള്ള ഗൂഢാലോചനകൾ ആ സമയത്താണ് നടക്കുന്നത്. അവിടം മുതൽതന്നെ സംഭവപരമ്പരയുടെ ഓരോഘട്ടത്തിലും പോലീസിന്റെ ഗൂഢാലോചന നമ്മൾ കാണുകയാണ്. കൃത്യനിർവഹണം തടസ്സപ്പെടുത്തി, അന്യായമായി സംഘം ചേർന്നു, പോലീസിന്റെ പണം അപഹരിച്ചു എന്നിങ്ങനെ കുറെ കള്ളക്കേസുകൾ എഴുതി ചേർത്ത് ഞങ്ങളെ രാത്രി 12 മണിക്ക് കോടതിയിൽ ഹാജരാക്കി. വെളുപ്പിന് 3 മണിക്ക് ജയിലിലാക്കി. ഒരു പകലും ഒരു രാത്രിയും ഞങ്ങളെ അന്യായമായി തടങ്കലിൽ വച്ചു. നിയമവിരുദ്ധമായി കാര്യങ്ങൾ നീക്കി. പോലീസ് ഈ സംഭവത്തിന്റെ ആരംഭം മുതൽ നടത്തിയ ഗൂഢാലോചനയാണ് സംഭവം വഷളാക്കിയത്.




അവിഷ്ണയുടെ നിരാഹാര സമരത്തിന് എഐഡിഎസ്ഒയുടെ ഐക്യദാർഢ്യം

### കേസിൽ ഹിമവൽ ഭദ്രാനന്ദ ഉൾപ്പെട്ടതെങ്ങനെ?

മ്യൂസിയം സ്റ്റേഷനിൽ തിരിച്ചെത്തിയപ്പോൾ ആണ് ഭദ്രാനന്ദയെ കാണുന്നത്. ആദ്യം മനസ്സിലായില്ല. പിന്നീടാണ് ഹിമവൽ ഭദ്രാനന്ദയെന്ന തോക്കുസ്വാമിയാണെന്ന് അറിയുന്നത്. ഇയാൾ ഇവിടെ വന്നതെങ്ങനെ എന്ന് അന്വേഷിച്ചപ്പോഴാണ് ഉന്നതപോലീസ് ഉദ്യോഗസ്ഥർ കൊണ്ടിരുത്തിയിട്ടുപോയതാണെന്ന് പോലീസുകാർ പറയുന്നത്. പിന്നീട് ഞങ്ങളെ കോടതിയിൽ കൊണ്ടുപോകുമ്പോൾ ഇദ്ദേഹത്തെയും ഒപ്പം കൊണ്ടുവരുന്നു. അപ്പോൾ വീണ്ടും അന്വേഷിച്ചപ്പോഴാണ് പോലീസുകാർ പറയുന്നത് അയാളും ഈ കേസിലെ പ്രതിയാണെന്ന്. ഞങ്ങളുടെ കൂടെ സമരത്തിന് അദ്ദേഹമില്ല. പിന്നെ എങ്ങനെ അദ്ദേഹം പ്രതിയായി. ഞങ്ങളെ അറസ്റ്റുചെയ്യുമ്പോൾ കൂട്ടത്തിൽ അദ്ദേഹം ഉണ്ടായിരുന്നില്ല. പിന്നെങ്ങനെ അദ്ദേഹം ഇവിടെയെത്തി. അത് പോലീസിന് അറിയില്ല. പക്ഷേ കേസിൽ അദ്ദേഹത്തേയും ചേർക്കാൻ പറഞ്ഞിരിക്കുന്നു. ഞങ്ങൾ അദ്ദേഹത്തോടു ചോദിച്ചപ്പോൾ പറഞ്ഞത് എനിക്ക് ഈ കേസ്സുമായി യാതൊരു ബന്ധവുമില്ല. മറ്റൊരു കാര്യത്തിന് ഡിജിപിയെ കാണാൻ വന്നതാണ്. ബഹളം നടക്കുന്നിടത്ത് നോക്കി നിന്നപ്പോൾ പോലീസ് എന്നെയും പിടിച്ചുകൊണ്ട് പോരുകയായിരുന്നു. അത് അന്യായമാണ്. ഒരു പൗരന്റെ അവകാശത്തിനുമേൽ പോലീസ് നടത്തുന്ന കടന്നാക്രമണമാണിത്. ഡിജിപിയെ കാണുന്നതിന് അനുവാദം ലഭിച്ച അദ്ദേഹത്തെ ഈ കേസ്സിൽ പ്രതിചേർക്കുന്നതിലൂടെ പോലീസ് വീണ്ടും ഗൂഢാലോചന നടത്തിയിരിക്കുന്നു. സ്വാഭാവികമായ ഒരു സമരത്തിൽ ഗൂഢാലോചന ആരോപിക്കുന്നതിനായി പോലീസ് നടത്തിയ ഗൂഢാലോചനയാണിത്.

### ജിഷ്ണുവിന്റെ കുടുംബത്തോടൊപ്പമെന്ന് പറയുകയും അതേ കുടുംബത്തിന്റെ സമരത്തെ അടിച്ചമർത്തുകയും ചെയ്യുന്ന പിണറായി സർക്കാർ.

ജിഷ്ണുവിന്റെ കൊലപാതകം കഴിഞ്ഞ് നൂറ് ദിവസത്തിലധികമായി. യഥാർത്ഥത്തിൽ സർക്കാർ എന്ത് ചെയ്തു? ഒന്നും ചെയ്തില്ലെന്നുമാത്രമല്ല വിപരീതമായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. ഇടിമുറിയിൽ നിന്നു ക്രൂരമായ മർദ്ദനത്തിന് വിധേയനായി അവശനിലയിലെത്തിയ ജിഷ്ണു ഹോസ്റ്റൽ മുറിയിൽ ആത്മഹത്യ ചെയ്തു എന്ന വാർത്തയാണ് നമ്മൾ അറിയുന്നത്. സഞ്ജിത്ത് വിശ്വനാഥും, സി.പി. പ്രവീണും ശക്തിവേലും ചേർന്നാണ് മർദ്ദിക്കുന്നത്. രക്തക്കറകൾ അവരുടെ മുറിയിൽ തന്നെയുണ്ട്. പക്ഷേ പോലീസ് വേണ്ടവിധം അന്വേഷിച്ചില്ല. 100 ദിവസമായി ഒന്നും ചെയ്തിട്ടില്ല. ഇടിമുറിയിൽ വച്ചാണ് മരണത്തിലേക്ക് നയിച്ചത്. പ്രതികളിൽ കൃഷ്ണദാസ് ഉൾപ്പെടെ ഒരാളെയും കസ്റ്റഡിയിൽ എടുത്ത് ചോദ്യം ചെയ്യാൻ പോലീസിന് സാധിച്ചില്ല. അവർ പറയുന്ന കഥകൾ വിശ്വസിക്കുന്നതല്ലാതെ, അവർക്കെതിരെ ചന്ദ്രഹാസം ഇളക്കുന്നതല്ലാതെ അവരെ ചോദ്യം ചെയ്തിട്ടില്ല ഇതുവരെ. പകരം പോലീസ് ഒരു സ്ക്രിപ്റ്റ് തയ്യാറാക്കുന്നു. ആ സ്ക്രിപ്റ്റനുസരിച്ച് അവർ പ്രവർത്തിക്കുന്നു. പോലീസ് പോസ്റ്റ്മോർട്ടം നടത്താൻ ആളെ ഏർപ്പെടുത്തുന്നു. അവർ എല്ലാ തെളിവുകളും നശിപ്പിച്ചുകൊണ്ട് അത് നിർവ്വഹിക്കുന്നു. ശരീരത്തിലെ മുറിപ്പാടുകൾ പോലും പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽ വരാത്തവിധം റിപ്പോർട്ട് സമർപ്പിക്കുന്നു. തുടക്കം മുതൽ തെളിവുകൾ നഷ്ടപ്പെടുത്തി. എങ്ങനെയാണ് ജിഷ്ണു മരിച്ചത്? ഒരു ക്ലിപ്പിൽ തൂങ്ങിനിൽക്കുന്നു എന്നാണ് പറഞ്ഞത്. ഒരു ക്ലിപ്പിൽ ഒരാൾക്ക് എങ്ങനെയാണ് ആത്മഹത്യചെയ്യാൻ സാധിക്കുക. സാഹചര്യത്തെളിവുകൾ പോലും കൊലപാതകത്തിലേക്ക് വിരൽ ചൂണ്ടുന്നു. തൂങ്ങിമരിക്കാൻ ഉപയോഗിച്ച തോർത്ത് പോലും ഫോറൻസിക് വിദഗ്ധനെക്കൊണ്ട് പരിശോധിപ്പിച്ചിട്ടില്ല. അതാരുടെ കയ്യിലാണെന്നുപോലും അറിയില്ല. എല്ലാ തെളിവുകളും പോലീസിന്റെ കയ്യിൽ ഉണ്ടെന്നാണ് പറയുന്നത്. പക്ഷേ പോലീസ് എന്തുകൊണ്ട് തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റപത്രം തയ്യാറാക്കിയിരുന്നെങ്കിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുമായിരുന്നില്ലല്ലോ. അതുചെയ്യാതെയിരുന്നതുകൊണ്ടല്ലേ പ്രതികൾ ഓരോരുത്തരായി ജാമ്യം നേടിയത്. മുൻകൂർ ജാമ്യം നേടുന്നതിന് ആവശ്യമായ സഹായം ചെയ്തുകൊടുത്തു സർക്കാർ. അവിടെയാണ് കുറ്റകൃത്യം നടന്നിരിക്കുന്നത്. കുറ്റവാളികളെ സംരക്ഷിക്കുന്ന കുറ്റകൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്നു അന്വേഷണ ഉദ്യോഗസ്ഥൻ. കുടുംബത്തിന് അന്വേഷണത്തിൽ പരാതിയില്ലെന്നു സർക്കാർ പറയുന്നു.എങ്കിൽ ആ അന്വേഷണ റിപ്പോർട്ട് എവിടെ? ആ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് ഒരു എഫ്.ഐ.ആർ. തയ്യാറാക്കുന്നില്ല. പകരം നേരത്തെയുള്ള ദുർബലമായ എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിലല്ലേ ഇപ്പോഴും കാര്യങ്ങൾ നടക്കുന്നത്. പി. കൃഷ്ണദാസിന് ജാമ്യം അനുവദിച്ചുകൊണ്ട് കോടതി പറഞ്ഞത് നിങ്ങൾക്ക് തെളിവുകൾ ഉണ്ടെങ്കിൽ ഈ പ്രതിയെ എന്നെന്നേക്കുമായി അകത്തിടാം. തെളിവുകൾ ഹാജരാക്കൂ. തെളിവുകൾ ഹാജരാക്കില്ല. തെളിവുകൾ നശിപ്പിച്ചുകളഞ്ഞു. അവശേഷിക്കുന്ന തെളിവുകൾ ഹാജരാക്കാൻ ഉദ്ദേശിക്കുന്നില്ല. ഏതെങ്കിലും ഉദ്യോഗസ്ഥർ ആത്മാർത്ഥമായി



സെക്രട്ടേറിയറ്റിനുമുന്നിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എസ്.രാജീവൻ പ്രസംഗിക്കുന്നു

(ശേഷം 4-ാം പേജിൽ)

# സ്വാശ്രയവിദ്യാഭ്യാസ സമ്പ്രദായത്തിനെതിരായ മുന്നേറ്റം അനിവാര്യം

(3-ാം പേജിൽ നിന്ന്)

അന്വേഷിച്ചു എന്നതുകൊണ്ടുമാത്രമായില്ല. ആ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിക്കുന്നു എന്നതാണ് പ്രധാനം. ഏറ്റവും അവസാനം ഒരു ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ചിരിക്കുന്നു. മഹിജ സമരത്തിനുവന്നതിനുശേഷം മാത്രമല്ലേ അത് ഉണ്ടായത്. യഥാർത്ഥത്തിൽ പോലീസ് പ്രതികൾക്ക് വേണ്ടി നിലകൊളളുന്നു. പ്രതികൾക്കുവേണ്ടി പോലീസിന് സ്വതന്ത്രമായി നിൽക്കാനാവില്ല. ഇടതുപക്ഷ സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള ഒരു ക്രിമിനൽ സംഘമാണ് പോലീസ്. അതവർ പറഞ്ഞിട്ടുണ്ട്. ഏത് പ്രതിയെ രക്ഷിക്കണം, ഏത് പ്രതിയെ പിടിക്കണം എന്നത് പോലീസ് സ്വതന്ത്രമായി എടുക്കുന്ന തീരുമാനമല്ല. കോടിയേരിയുടെ പത്രസമ്മേളനത്തിൽനിന്ന് ഇടതുമുന്നണിയുടെ പോലീസ് നയം വ്യക്തമാണ്. മഹിജയുടെ സംഭവത്തിൽ പോലീസിനെ സംരക്ഷിക്കാൻ എന്തുകൊണ്ടാണ് വെപ്രാളം കാണിക്കുന്നത്. പോലീസ് പിണറായിയുടെ ആജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നത് കൊണ്ടാണ്.

### എസ്‌യുസിഐ(സി) മഹിജയെയും കുടുംബത്തെയും റാഞ്ചി?

എസ്‌യുസിഐ(സി) മഹിജയെയും കുടുംബത്തെയും റാഞ്ചിയെന്നാണ് മുഖ്യമന്ത്രി പിണറായി വിജയൻ ആരോപിക്കുന്നത്. വേദന അനുഭവിക്കുന്ന ആളുകൾക്കൊപ്പം നിൽക്കുക, അവരുടെ പോരാട്ടങ്ങളോട് അനുഭാവം കാട്ടുക- അങ്ങനെയൊക്കെ ചെയ്യാൻ മനസ്സുള്ള ഒരാൾക്ക് ഇത്തരമൊരു പ്രസ്താവന നടത്താനാവില്ല. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രവർത്തകർ മഹിജയെ കാണാൻ പോകുന്ന നാൾ മുതൽ അവരെ തിരിച്ചറിഞ്ഞവരാണ്. ഫെബ്രുവരിമാസം ആദ്യം തന്നെ ഞങ്ങൾ മഹിജയെ വീട്ടിൽ പോയി കണ്ടതാണ്. മഹിജയുടെ ഉള്ളിൽ ഒരു പോരാട്ടവീര്യം ഉണ്ട്. സാധാരണ അമ്മമാരെ പോലെ മകന്റെ ഘാതകരെ അറസ്റ്റ് ചെയ്യണം എന്നു മാത്രമല്ല അവർ പറഞ്ഞത്. ഇനിയൊരു ജിഷ്ണു സംഭവം ആവർത്തിക്കരുത്, ഒരമ്മയ്ക്കും ഈ ഗതി വരരുതെന്ന് അവർ ആഗ്രഹിക്കുന്നു. ആ വാക്കുകളിൽ ഒരു സാമൂഹിക ഉള്ളടക്കമുണ്ട്. അത് മനസ്സിലാക്കാനുള്ള രാഷ്ട്രീയബോധം, സാംസ്കാരികബോധം ഇടതുപക്ഷ പ്രവർത്തകർക്ക് ഉണ്ടാകേണ്ടതാണ്. എന്നാൽ എന്തുകൊണ്ടോ പിണറായി വിജയനും സംഘത്തിനും അതില്ലാതെ പോയി. പാർട്ടിഗ്രാമത്തിൽ ജീവിക്കുന്ന, പാർട്ടികുടുംബമായ മഹിജയുടെ കുടുംബം അവിടെനിന്ന് എങ്ങനെയാണ് ഈ സമരശക്തിയെ കണ്ടെത്തുന്നത്?. എത്ര വലിയ കോട്ടകെട്ടിയാലും ജനങ്ങൾ അവരുടെ സമരശക്തിയെ കണ്ടെത്തും. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റെടുത്ത് സന്ധിയില്ലാത്ത പോരാട്ടം നടത്തുന്ന പ്രസ്ഥാനത്തെ ജനങ്ങൾ തിരിച്ചറിയുകയും അതിനോടൊപ്പം ചേരുകയും ചെയ്യുക എന്നത് ചരിത്രത്തിന്റെ അനിവാര്യതയാണ്. അതു മനസിലാക്കാൻപോലും മുഖ്യമന്ത്രി പിണറായി വിജയന് കഴിയുന്നില്ല. അതുകൊണ്ടാണ് പിണറായി വിജയൻ എസ്‌യുസിഐ(സി) പാർട്ടി കുടുംബത്തെ റാഞ്ചി എന്നു പറയുന്നത്. ആരും ആരെയും റാഞ്ചിയതല്ല. അവർ പാർട്ടി കുടുംബം തന്നെയാണ്. സിപിഎമ്മിൽ നിന്ന് വിട്ടുപോരാൻ ഞങ്ങൾ പറഞ്ഞിട്ടില്ല. ഞങ്ങൾ അവരെ കാണുന്നതും അവരുടെ പ്രശ്നങ്ങൾക്കൊപ്പം നിൽക്കുന്നതും പോരാടാൻ തീരുമാനിച്ചതും സഹായിക്കാൻ തീരുമാനിച്ചതും എസ്‌യുസിഐ(സി) കുടുംബം എന്നതിന്റെ അടിസ്ഥാനത്തിലല്ല. സിപിഐ(എം) കുടുംബം എന്ന പരിഗണനയിൽ തന്നെയാണ്. ഞങ്ങൾ അവരോട് പറഞ്ഞില്ല നിങ്ങൾ സിപിഐ(എം) വിട്ട് എസ്‌യുസിഐ(സി)-ൽ വന്നാൽ സമരം ഏറ്റെടുക്കാമെന്ന്. ഞങ്ങൾ പറഞ്ഞത് നിങ്ങൾ സമരത്തിന് വന്നാൽ ഞങ്ങൾ സഹായിക്കുമെന്നാണ്. അത് കുടുംബപശ്ചാത്തലം നോക്കിയല്ല. സ്വാശ്രയവിദ്യാഭ്യാസനയത്തിനെതിരെ മൂന്നു പതിറ്റാണ്ടായി ഞങ്ങൾ നടത്തിവരുന്ന സമരങ്ങളുടെ രാഷ്ട്രീയം ഉയർത്തിപ്പിടിക്കുന്നതിനുള്ള ബാധ്യത ഞങ്ങൾക്കുണ്ട്.

രജനി എസ് ആനന്ദ് മരിക്കുമ്പോഴും ഞങ്ങൾ സമരത്തിൽ ആയിരുന്നു. ഇപ്പോൾ ലോ അക്കാദമി സമരത്തിൽ, ടോംസ് കോളേജ് വിഷയത്തിൽ, മാള മെറ്റ്സ് കോളേജ് പ്രശ്നത്തിലൊക്കെ ഞങ്ങൾ സമരത്തിന്റെ ഭാഗത്താണ്. എസ്‌യുസിഐ (സി)യുടെ വിദ്യാർത്ഥിസംഘടനയായ എഐഡിഎസ്ഒ, സ്വതന്ത്ര സമിതിയായ സേവ് എജ്യുക്കേഷൻ കമ്മറ്റിയൊക്കെ ഈ വിഷയങ്ങൾ സജീവമായി ഏറ്റെടുക്കുന്നുണ്ട്. അത്തരം സമരങ്ങളൊക്കെ രാഷ്ട്രീയത്തിനും ജാതിമതത്തിനുമതീതമായി സാമൂഹ്യപ്രശ്നം എന്നനിലയിൽ ഉയർത്തിക്കൊണ്ടുവരുവാൻ കഴിയുന്നത് ഒരു ഇടതുപക്ഷരാഷ്ട്രീയലൈൻ അടിസ്ഥാനപരമായി ഉള്ളതുകൊണ്ടാണ്. ഏത് പാർട്ടിക്കാരൻ, ഏതു പാർട്ടിക്കാരി എന്നു നോക്കാതെ പ്രശ്നങ്ങൾക്കൊപ്പംനിന്ന് പോരാടുവാനുള്ള ഒരു രാഷ്ട്രീയബോധം, മനോഭാവം ഞങ്ങൾക്കുണ്ട്. അതാണ് യഥാർത്ഥ ഇടതുപക്ഷസമരരാഷ്ട്രീയം. ഇടതുപക്ഷലൈനിൽ അടിയുറച്ച് നിന്ന് പൊരുതുന്നതുകൊണ്ടാണ് ഈ സമരത്തിലും ഞങ്ങൾ പങ്കാളികളായത്. മഹിജ സമരത്തിന് വന്നില്ലെങ്കിലും ഈ സമരത്തിനൊപ്പമായിരിക്കും ഞങ്ങൾ ഉണ്ടാവുക.

### സ്വാശ്രയവിദ്യാഭ്യാസ നയത്തിനെതിരെയുള്ള മുന്നേറ്റം

ജിഷ്ണു പ്രണോയിയുടെ മരണത്തെ തുടർന്ന് സ്വാശ്രയവിദ്യാഭ്യാസനയത്തിനെതിരെ വലിയ ഒരു അവബോധം സമൂഹത്തിൽ രൂപപ്പെട്ടിട്ടുണ്ട്. 2004 ജൂലൈ 22നാണ് രജനി എസ് ആനന്ദ് മരിക്കുന്നത്. ഒരു പതിറ്റാണ്ടിനുശേഷം കേരളത്തിന്റെ വിദ്യാഭ്യാസ മേഖല വളരെ മാറിയിരിക്കുന്നു. സമ്പൂർണ്ണമായും വിദ്യാഭ്യാസ മാഫിയയുടെ കയ്യിലേക്ക് വിട്ടുകൊടുക്കുന്ന സമീപനമാണ് എൽഡിഎഫും യുഡിഎഫും സ്വീകരിച്ചത്. അതിനെത്തുടർന്ന് മനുഷ്യാവകാശങ്ങൾപോലും ലംഘിക്കാൻ മാനേജ്മെന്റുകൾക്ക് അവകാശം ലഭിക്കുകയായിരുന്നു. ജിഷ്ണു പ്രണോയിയുടെ കൊലപാതകം സ്വാശ്രയ സമ്പ്രദായത്തിനെതിരെ ആഞ്ഞടിക്കുന്നതിന് പൊതുസമൂഹത്തെ തയ്യാറാക്കിയിരിക്കുന്നു. എന്നുവച്ചാൽ സ്വാശ്രയസമ്പ്രദായത്തെതന്നെ അവസാനിപ്പിക്കുന്നതിനുള്ള സമരശക്തിക്ക് വളർന്നുവരാൻ ഈ കൊലപാതകം സാഹചര്യമൊരുക്കിയിരിക്കുകയാണ്. ജിഷ്ണു പ്രണോയിയുടെ കൊലപാതകത്തെതുടർന്നാണ് കേരളത്തിലെ വിവിധ കോളേജുകളിൽ വിദ്യാർത്ഥിപ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. ലോ അക്കാദമിയിലെയും ടോംസിലെയും വിദ്യാർത്ഥിപ്രശ്നങ്ങൾ പൊതുസമൂഹത്തിലേക്ക് എത്തുന്നതിന് ജിഷ്ണുവിന്റെ ജീവത്യാഗം കാരണമാകുന്നുണ്ട്.




കോഴിക്കോട് ടൗണിൽ ഏപ്രിൽ 29ന് നടന്ന യോഗം സ്വാതന്ത്ര്യസമരസേനാനി പി.വാസു ഉദ്ഘാടനം ചെയ്യുന്നു.

### മഹിജ ഉയർത്തുന്ന സമരശക്തി

മഹിജ പോരാളിയാണ്. 90 ദിവസങ്ങൾക്കുശേഷവും സമരം തീവ്രമാകാൻ കാരണം മഹിജയാണ്. മഹിജയെ തടയാനാവില്ല. മറ്റൊരു അമ്മയായിരുന്നെങ്കിൽ ഒരുപക്ഷേ കീഴടങ്ങിപ്പോയേനെ. മഹിജയുടെ ബന്ധുക്കൾക്കുപോലും നീതിക്കുവേണ്ടിയുള്ള സമരത്തിൽനിന്ന് വിട്ടുപോവാൻ ആവില്ല. മഹിജയ്ക്കൊപ്പം അടിയുറച്ച് നിന്നേ തീരൂ എന്ന തീരുമാനത്തിലേക്ക് അവരെ എത്തിച്ചത് മഹിജയുടെ സമരവീര്യമാണ്. ഇപ്പോൾ മഹിജയുടെ കുടുംബാംഗങ്ങളെ പലരെയും ഭീഷണിപ്പെടുത്തി വച്ചിരിക്കുകയാണ്. സമരത്തിൽ ഗൂഢാലോചനാകുറ്റം സർക്കാർ മാറ്റിമാറ്റി പറഞ്ഞുകൊണ്ടിരിക്കയാണ്. ഇപ്പോൾ അതിന്റെ ഉത്തരവാദിത്തം ആരോപിക്കുന്നത് എസ്.യു.സി.ഐ.യിലും ജിഷ്ണുവിന്റെ അമ്മാവൻ ശ്രീജിത്തിലുമാണ്. ഈ വിഷയത്തിൽ സർക്കാരിനെ വിമർശിക്കുന്നവർ അല്ലെങ്കിൽ സമരത്തിനൊപ്പം നിൽക്കുന്നവരൊക്കെ നിലവിൽ ഗൂഢാലോചനക്കാർ ആകുന്ന സ്ഥിതിവിശേഷത്തിലേക്കാണ് സർക്കാർ കാര്യങ്ങളെ നയിക്കുന്നത്. കുടുംബാംഗങ്ങളുടെ പേരിൽ വരെ ഗൂഢാലോചനകുറ്റം ചുമത്തിയിരിക്കുന്നു. ഇത് ഫാസിസ്റ്റ് സമീപനമാണ്. കുടുംബാംഗങ്ങളെ ഭീഷണിപ്പെടുത്തി ഈ സമരത്തിൽനിന്ന് പിൻവലിപ്പിച്ചേക്കാം. പക്ഷേ സമരത്തിന്റെ അഗ്നി കെടുത്താൻ അവർക്കാവില്ല. കാരണം മഹിജ എന്ന പോരാളി അവിടെ ജീവിച്ചിരിക്കുന്നുണ്ട്. അവർ ജീവിച്ചിരിക്കുന്ന കാലത്തോളം ജിഷ്ണുപ്രണോയിയുടെ ഘാതകരെ അറസ്റ്റുചെയ്യാതെ, ജയിലിലടയ്ക്കാതെ അവർ സമരത്തിൽനിന്ന് പിൻമാറും എന്ന് കരുതാനാവില്ല.

### സമരത്തിൽ പങ്കെടുക്കുന്ന പൊതു പ്രവർത്തകരെ അറസ്റ്റു ചെയ്ത് ജയിലിലടക്കുന്നതിലൂടെ പിണറായി സർക്കാർ കേരളത്തിലെ ജനങ്ങൾക്ക് നൽകുന്ന സന്ദേശം എന്താണ്?

വിപൽക്കരമായ സന്ദേശം ആണ് നൽകുന്നത്. ജനാധിപത്യത്തെ കശാപ്പു ചെയ്യുന്ന ഏർപ്പാടാണത്.പൊതുപ്രവർത്തകർ പൊതു വിഷയങ്ങളിൽ ഇടപെടാനോ സമരങ്ങളിൽ ഇടപെടാനോ പാടില്ല. കുടുംബക്കാരോ ബന്ധുക്കളോ ഇനി മുതൽ ആവലാതികൾ ബോധിപ്പിച്ചാൽ മതി. അവരുടെ കൂടെ നിങ്ങൾ ആരും പോകേണ്ടതില്ല. ആ സമരങ്ങളിൽ ആരും പങ്കെടുക്കേണ്ടതുമില്ല. പങ്കെടുത്താൽ അവർ നുഴഞ്ഞു കയറ്റക്കാരാകും. അവരെ ഞങ്ങൾ തീവ്രവാദികൾ എന്നും വിളിക്കും. അവരെ ഞങ്ങൾ ഗൂഢാലോചന കുറ്റം ചുമത്തി ജയിലിൽ അടക്കും. ആയതിനാൽ ആരും തന്നെ മറ്റുള്ളവരുടെ പ്രശ്നങ്ങളിൽ ഇടപെടാൻ പാടില്ല. സാമൂഹികമായ ഒരു ഉത്തരവാദിത്തവും നിർവ്വഹിക്കരുത്. ഇതാണ് പിണറായി പറഞ്ഞതിന്റെ അർത്ഥം. സർക്കാർ ഇത് പുനർവിചിന്തനം ചെയ്യണം. പത്രമാധ്യമങ്ങളിലൂടെ ദിവസവും മുഖ്യമന്ത്രിയുടെ ധാർഷ്ട്യം നിറഞ്ഞ, ജനാധിപത്യ വിരുദ്ധമായ, ഇടതുപക്ഷ വിരുദ്ധമായ പ്രഖ്യാപനങ്ങൾ ആണല്ലോ കാണുന്നത്. അത് സിപിഎം എന്ന പ്രസ്ഥാനത്തിനുണ്ടാക്കുന്ന നഷ്ടം തിരിച്ചറിയേണ്ടതുണ്ട്. സിപിഎം ഇല്ലാതാകണം എന്ന് ഞങ്ങൾ ആഗ്രഹിക്കുന്നില്ല. കാരണം കേന്ദ്ര സർക്കാരിന്റെ ഫാസിസ്റ്റ് നയപരിപാടികൾക്കെതിരെ ദേശീയതലത്തിൽ ആറ് ഇടതുപക്ഷപാർട്ടികൾ യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. അതിൽ ഞങ്ങളും സിപിഎമ്മും ഉണ്ട്. അതുകൊണ്ടാണ് സിപിഎം ഒരു ഇടതുപക്ഷ പാർട്ടിയായിനിലനിൽക്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നത്. ആ പാർട്ടിയിലെ സാധാരണ പ്രവർത്തകരെ സംബന്ധിച്ച് തെറ്റായ അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷെ ആ പാർട്ടിയുടെ നേതാക്കന്മാർ ആ പ്രസ്ഥാനത്തെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും അതിനുവേണ്ടി പോരാടാൻ തയ്യാറുള്ളവരുമായ ലക്ഷക്കണക്കിന് ആളുകൾ പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് സിപിഐ(എം). പക്ഷെ അതിന്റെ നേതൃനിരയിൽ നിൽക്കുന്നവർ പ്രസ്ഥാനത്തിന്റെ അന്തകരായി മാറുന്നു. ഇടതുപക്ഷ രാഷ്ട്രീയത്തിന് വിപരീതമായി പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. അങ്ങേയറ്റം ദുഃഖകരമാണിത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് മഹിജാ സംഭവവും അതിനെത്തുടർന്ന് പൊതുപ്രവർത്തകരായ ഞങ്ങളെ ക്രിമിനൽ കുറ്റം ചുമത്തി അറസ്റ്റ് ചെയ്ത് ജയിലിൽ അടച്ചതും. തെറ്റുകൾ തിരുത്താൻ സിപിഐ(എം) ഉം മുന്നണിയും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.



ജയിൽ മോചിതരായ സഖാക്കൾക്ക് തിരുവനന്തപുരം പൗരാവലിയുടെ സ്വീകരണം

### നെഹ്റു കോളേജിലെ സമരത്തിന്റെ നാൾവഴികൾ

2017 ഫെബ്രുവരി 2-ാം തീയതി സേവ്



ജയിൽമോചിതരായ സഖാക്കൾ എം.ഷാജർഖാൻ, എസ്.മിനി എന്നിവർക്ക് മെയ് മൂന്നിന് കൊല്ലത്ത് നൽകിയ സ്വീകരണം.

# സർക്കാർ നിലപാട് ഇടതുപക്ഷ രാഷ്ട്രീയത്തിന് കനത്ത തിരിച്ചടി

എജ്യുക്കേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നെഹ്റു കോളേജ് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്ന ഒരു സ്വതന്ത്രസംഘടന രൂപപ്പെട്ടു. ആ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 11-ാം തീയതി ജിഷ്ണുവിന്റെ ജന്മദിനത്തിൽ സമരം ആരംഭിക്കുകയുമുണ്ടായി. ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റു ചെയ്യുക, പ്രതികളെ കോളേജിൽനിന്നും പുറത്താക്കുക, കോളേജിലെ വിദ്യാർത്ഥി പീഡനങ്ങൾ അവസാനിപ്പിക്കുക, ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുക തുടങ്ങിയ ഡിമാന്റുകളായിരുന്നു ആ സമരം ഉയർത്തിയത്. സാശ്രയ കോളേജുകളുടെ മുൻപിൽ അത്തരം ഒരു സമരം ഇതുവരെ നടന്നിട്ടില്ല. ആ സമരം ഉദ്ഘാടനം ചെയ്തത് എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടറി പി.കെ. പ്രഭാഷാണ്. ഫെബ്രുവരി 13 മുതൽ മറ്റു വിദ്യാർത്ഥി സംഘടനകൾ സമരരംഗത്തേക്ക് വന്നു. അപ്പോഴൊന്നും എസ്എഫ്ഐ സമരരംഗത്തില്ല. പിന്നീട് 14-ാം തീയതി ആണ് എസ്എഫ്ഐ സമരരംഗത്തേക്ക് കടന്നുവരുന്നത്. കോളേജ് തുറക്കുക എന്നതായിരുന്നു അവരുടെ ആവശ്യം. ഘാതകരെ അറസ്റ്റു ചെയ്യുക എന്ന ആവശ്യം അവർ അപ്പോൾ പോലും ഉന്നയിച്ചിട്ടില്ല. ജില്ലാ കളക്ടറുമായി ഉണ്ടാക്കിയ കരാറിനെ തുടർന്ന് സമരം 15-ാം തീയതി താത്കാലികമായി അവസാനിപ്പിച്ചു.

ജിഷ്ണുവിന്റെ ഘാതകരെ അറസ്റ്റു ചെയ്യുക എന്നത് ഒരു പൊതുവിഷയമായി ഏറ്റെടുക്കുകയും മറ്റുള്ള വിഷയങ്ങൾ ക്യാമ്പസിനുള്ളിൽ തന്നെ പരിഹരിക്കുവാനും 15 അംഗ വിദ്യാർത്ഥി യൂണിയൻ രൂപീകരിക്കുവാനും തീരുമാനമായി. ആ വിജയത്തിൽ സുപ്രധാനമായ പങ്കുവഹിക്കുവാൻ സേവ് എജ്യുക്കേഷൻ കമ്മിറ്റിക്കു കഴിഞ്ഞു. ഈ മാതൃക കേരളത്തിലെ എല്ലാ കലാലയങ്ങൾക്കും സ്വീകരിക്കാവുന്നതാണ്. ടോംസ് കോളേജിലും മെറ്റ്സ് കോളേജിലും അതാണ് സംഭവിച്ചത്. അതിന്റെ തുടർച്ചയിലാണ് കോടതിയിൽ പോരാടുന്നതിനും ഡിജിപിയെ കാണുന്നതിനുമായി തിരുവനന്തപുരത്തെത്തുന്നതുമായ സംഭവങ്ങൾ ഉണ്ടായത്. അവയ്ക്കെല്ലാം ക്രമാനുഗതമായ വികാസമുണ്ട്. ഒരു 3 മാസക്കാലത്തെ സമരചരിത്രമുണ്ട്, അതു പരിശോധിച്ചാൽ മഹിജ എങ്ങനെ ഡിജിപി ഓഫീസിന് മുൻപിലെത്തിയെന്നു മനസ്സിലാക്കാം. 90 ദിവസവും മാധ്യമങ്ങളുടെ നിർലോഭമായ പിന്തുണയുണ്ടായിരുന്നു. ഈ സമരത്തോടൊപ്പം നിൽക്കുവാൻ സേവ് എജ്യുക്കേഷൻ കമ്മിറ്റിയുടെയും പാർട്ടിയുടെയും പ്രവർത്തകർ എന്ന നിലയിൽ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ അഭിമാനിക്കുന്നു. പൊതുസമൂഹത്തിന്റെ പിന്തുണ മഹിജക്ക് ഒപ്പമുണ്ട്. ഞങ്ങൾക്കൊപ്പമുണ്ട്. അതുകൊണ്ട് പിണറായി വിജയനും സംഘവും ഗൂഢാലോചന എന്ന ആരോപണം പിൻവലിച്ച് കേരളത്തിലെ പൊതുസമൂഹത്തിനോട് മാപ്പ് പറയേണ്ടതാണ്. സമരം മുന്നേറും. അതിനെ തടയാൻ ആർക്കുമാവില്ല.

**ജയിൽ അനുഭവം.**

ജയിൽ ഒരു നല്ല സ്ഥലം അല്ല. അത് കുറ്റകൃത്യം തടയാൻ സഹായിക്കുന്നുമില്ല. ജയിലിൽ ഭൂരിപക്ഷം പേരും നിരപരാധികളാണ്. ഞങ്ങൾ ജയിലിൽ കിടന്നത് എന്ത് കുറ്റം ചെയ്തിട്ടാണ്? ഒരു തെറ്റും ചെയ്യാതെ ആണ് 7 ദിവസം ജയിലിൽ കിടന്നത്. എവിടെയാണ് നീതി? പിണറായി സർക്കാരാണ് ഞങ്ങളെ ജയിലിൽ അടച്ചത്. ജിഷ്ണു കൊല ചെയ്യപ്പെട്ടതിന്റെ പേരിൽ ഒരാളും ഇതുവരെ ജയിലിൽ കിടന്നില്ല. പക്ഷെ സമരം ചെയ്ത ഞങ്ങൾ ജയിലിൽ കിടന്നു. നിരപരാധികൾ ആണ് ജയിലിൽ കിടക്കേണ്ടിവരിക. കുറ്റക്കാരെ ജയിലിൽ അടക്കാൻ നമ്മൾ വേറൊരു ജയിൽ ഉണ്ടാക്കണം. ജിഷ്ണുവിനു വേണ്ടി, മഹിജക്കൊപ്പം സമരം ചെയ്ത് ജയിലിൽ അടക്കപ്പെട്ടതിൽ ഞങ്ങൾ അഭിമാനിക്കുന്നു. മാധ്യമങ്ങളടക്കം കേരളസമൂഹം നൽകിയ പിന്തുണയും ഐക്യദാർഢ്യവും ഞങ്ങൾ ഹൃദയപൂർവം സ്വീകരിക്കുന്നു. അത് ഞങ്ങൾക്ക് കൂടുതൽ കരുത്താണ് നൽകിയിട്ടുള്ളത്. ■




**കണ്ണൂരിൽ നടന്ന ജനാധിപത്യ സംരക്ഷണ യോഗത്തിൽ ഡോ. ഡി.സുരേന്ദ്രനാഥ് പ്രസംഗിക്കുന്നു. അഡ്വ. വിവേക് പി.സി, എം.ഷാജർഖാൻ, കെ.സുനിൽകുമാർ, അഡ്വ. കസ്തുരി ദേവൻ എന്നിവർ വേദിയിൽ**




**എറണാകുളം നഗരത്തിലെ സമരകേന്ദ്രം എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ ഹൈക്കോടതി ജംഗ്ഷനിൽ ഉദ്ഘാടനം ചെയ്യുന്നു**




**കട്ടപ്പന ടൗണിൽ നടന്ന പ്രതിഷേധ കൂട്ടായ്മ ദർശന ഫിലിംസൊസൈറ്റി സെക്രട്ടറി ഇ.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു**

# ജനരോഷത്തിനിരയാകുന്ന എൽഡിഎഫ് ഭരണം

*(1-ാം പേജിൽ നിന്ന്)*

ക്കും അധികാരങ്ങൾക്കുംവേണ്ടി എന്ത് നെറികേട് കാട്ടാനും മടിയില്ലാത്ത കൂട്ടരാണ് തങ്ങൾ എന്ന് അവർ സ്വയം വിളിച്ചു പറയുകയാണ്.

എൽഡിഎഫിലെ രണ്ടാം കക്ഷിയായ സിപിഐ പല വിഷയങ്ങളിലും തുറന്ന വിയോജിപ്പ് പ്രകടിപ്പിച്ച് രംഗത്തുവരുന്നത് എൽഡിഎഫ്, സിപിഐ(എം) നടത്തുന്ന ഒരു കമ്പനിയും മറ്റു കക്ഷികൾ വെറും ആശ്രിതരും എന്ന സ്ഥിതി നിലനിൽക്കുന്നതുകൊണ്ടുതന്നെയാണ്. കേരളത്തിൽ ആർഎസ്പി വലതുപക്ഷ ചേരിയിലേയ്ക്ക് മാറാൻ നിർബന്ധിതരായി. ഇപ്പോൾ ഫോർവേഡ് ബ്ലോക്കും വലതുപാളയത്തിലെത്തി. സിപിഐ കൂടി മോചനം നേടിയാൽ പിന്നെ സിപിഐ(എം) ആന്റ് കമ്പനി പൂർണ്ണാർത്ഥത്തിൽ നിലവിൽ വരും. ഇടതുപക്ഷ രാഷ്ട്രീയ ദൗത്യം കൈവെടിഞ്ഞ് പാർലമെന്ററി രാഷ്ട്രീയത്തിന്റെ ചളിക്കുണ്ടിൽ പതിച്ചാൽ പിന്നെ ഇത്തരം ദുര്യോഗങ്ങൾ സ്വാഭാവികമാണ്. എന്നാൽ ഈ പ്രസ്ഥാനങ്ങളിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന അണികളുടെയും അനുഭാവികളുടെയും സ്ഥിതി ദയനീയമാണ്. സിപിഐ(എം) എന്ന പാർട്ടിയെക്കുറിച്ചും അവരുടെ ചെയ്തികളെക്കുറിച്ചും ശരിയായ വിലയിരുത്തൽ നടത്താനും ശരിയായ രാഷ്ട്രീയ പാത കണ്ടെത്താനും അവർക്ക് കഴിയാതെ വന്നാൽ അത് സൃഷ്ടിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കും. മൂന്നാറിൽ കൈയേറ്റ മാഫിയയുടെ സംരക്ഷകർ തങ്ങളാണെന്ന് പരസ്യമായി പ്രഖ്യാപിക്കുന്ന നിലപാടാണ് സിപിഐ(എം )സ്വീകരിച്ചത്. അവരുടെ നേതാക്കൾതന്നെ കൈയേറ്റക്കാരാണ്. കൈയേറ്റത്തിന് മറയായി കുരിശ് സ്ഥാപിച്ചതിനെ പള്ളിക്കാർ തള്ളിപ്പറഞ്ഞിട്ടുപോലും സിപിഐ(എം) പിന്മാറാൻ തയ്യാറായില്ല.

ഹീനകൃത്യങ്ങൾക്ക് മതത്തെ മറയാക്കുന്ന അപകടകരമായ പ്രവണതയുടെയും സ്പോൺസർമാരായി അവർ. കൈയേറ്റക്കാരിൽ നിന്ന് മൂന്നാറിനെ രക്ഷിക്കാനുള്ള എളിയ ശ്രമത്തിനുപോലും പൊതുസമൂഹത്തിന്റെ വലിയ പിന്തുണ ലഭിക്കുമായിരുന്നു. എന്നാൽ മൂലധനശക്തികളുടെയും മാഫിയകളുടെയും താൽപര്യസംരക്ഷകരായി മാറിക്കഴിഞ്ഞതിനാൽ സിപിഐ(എം)ന് നന്മയുടെയും സത്യത്തിന്റെയും പാത ഇനി തീർത്തും അപ്രാപ്യമായിരിക്കും. നാടിനെ വലിയൊരു പതനത്തിലേയ്ക്ക് നയിക്കുന്ന ഒരു സംഹാരശക്തിയായുള്ള സിപിഐ(എം)ന്റെ ഈ പ്രയാണത്തിന് തടയിടേണ്ടത് സാമൂഹ്യതാൽപര്യം പേറുന്ന ഏവരുടെയും ഉത്തരവാദിത്തമായി മാറുകയാണ് ഇവിടെ. സങ്കുചിതമായ കക്ഷിരാഷ്ട്രീയ പരിഗണനകൾവച്ച് ഭരണം നടത്തുന്നത് ജനാധിപത്യമല്ല. പോലീസ് മേധാവിയെ നീക്കം ചെയ്ത നടപടിയിൽ പ്രതിഫലിച്ചത് ഈ സമീപനമായിരുന്നു. അതിന് കോടതിയിൽ തിരിച്ചടിയേറ്റത് സ്വാഭാവികം മാത്രം. എന്നാൽ ടി.പി. സെൻകുമാറിനെ മാറ്റി നിർത്താൻ കഴിഞ്ഞ കാലയളവിൽ എന്തൊക്കെ കരുനീക്കങ്ങളും നെറികേടുകളുമാണ് പോലീസ് സേനയിൽ സിപിഐ(എം) ചെയ്ത് കൂട്ടിയത് എന്ന കാര്യം അന്വേഷിക്കേണ്ടതാണ്. ഇതിന്റെ പേരിൽ പൊതുഖജനാവിൽനിന്ന് ചെലവഴിച്ച കോടികൾക്കും ആരാണ് ഉത്തരവാദികൾ? പോലീസിനെ പാർട്ടിയുടെ വരുതിയിലാക്കുന്ന, തികച്ചും ജനാധിപത്യവിരുദ്ധമായ സമീപനം ഉപേക്ഷിക്കാത്തിടത്തോളം ജനങ്ങൾക്ക് നീതി കിട്ടില്ല എന്നുമാത്രമല്ല, അപകടകരമായ ചില പ്രവണതകൾക്ക് ഇത് അടിത്തറയൊരുക്കുകയും ചെയ്തിരിക്കുന്നു. നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ അപമാനിക്കുകയും വിരട്ടുകയും ചെയ്യുന്ന മൂന്നാർ മോഡൽ ഇതിന്റെ മറുവശം മാത്രമാണ്.

ഒരു വർഷം തികയുന്നതിനുമുമ്പ് രണ്ട് മന്ത്രിമാർക്ക് രാജി വയ്ക്കേണ്ടി വന്നത് കുറച്ചൊന്നുമല്ല നാണക്കേടുണ്ടാക്കിയത്. രാഷ്ട്രീയ കൊലപാതകങ്ങളുടെ ആസൂത്രകനെന്ന് സ്വയം പ്രഖ്യാപിച്ച എം.എം. മണി ആ സ്ഥാനത്തുതുടരുന്നതാകട്ടെ അതിനെക്കാൾ അപമാനകരവും. ഇപ്പോഴിതാ സ്ത്രീത്വത്തെ ആകെ അവഹേളിക്കുന്ന നിലപാടും ഈ മന്ത്രി പുംഗവൻ സ്വീകരിച്ചിരിക്കുന്നു. മൂന്നാറിൽ ട്രേഡ് യൂണിയൻ മാടമ്പിമാർക്ക് കനത്ത പ്രഹരം ഏൽപ്പിച്ചുകൊണ്ട് ചെറുത്തുനിൽപ്പിന്റെ നൂതനമായ ഒരു പാത തുറന്നെടുത്ത 'പെമ്പിളൈ ഒരുമൈ' സമരത്തെക്കൂടി ഇതിലൂടെ അപമാനിച്ചിരിക്കുകയാണ് ഇദ്ദേഹം. ഇത് മണിയുടെ മാത്രം നിലപാടല്ല. മഹിജയുടെ സമരം എന്ത് നേടി എന്ന പിണറായിയുടെ ചോദ്യത്തിലും സമരത്തോടുള്ള അവഹേളനമാണ് കുടികൊള്ളുന്നത്. ഉയർന്ന സാംസ്കാരിക അന്തരീക്ഷം വളർത്തിയെടുക്കാനുള്ള ബാദ്ധ്യത ഇടതുപക്ഷത്തിനുണ്ട്. അത്തരം ഒരു അന്തരീക്ഷത്തിലേ അനീതിക്കെതിരായ നിലപാടുകളും ചുവടുവയ്പുകളും ശക്തിപ്പെടൂ. സമരങ്ങളെ അപഹസിച്ചും അടിച്ചമർത്തിയും പിന്നിൽനിന്ന് കുത്തിയും ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ വളർച്ചയ്ക്ക് വലിയ പ്രതിബന്ധങ്ങളാണ് ഇവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

സിപിഐ(എം)ന്റെ ചെയ്തികൾ ഇടതുപക്ഷത്തിന്റെ ചെയ്തികളായി വ്യാഖ്യാനിക്കപ്പെടുന്നു എന്നതാണ് ഏറെ അപകടകരം. വലതുപക്ഷ ശക്തികൾ ഈ സാഹചര്യം മുതലെടുക്കുകയാണ്. സംഘപരിവാർ ശക്തികൾ ജീവിതത്തിന്റെ നാനാതുറകളിൽ അഴിച്ചുവിടുന്ന ആക്രമണങ്ങൾക്കെതിരെ ജനാധിപത്യ മതേതര ധാരണകൾ ഊട്ടിയുറപ്പിച്ചുകൊണ്ടും ഇടതുപക്ഷ രാഷ്ട്രീയ ധാരയെ ശക്തിപ്പെടുത്തിക്കൊണ്ടും രാജ്യവ്യാപകമായ ചെറുത്തുനിൽപ്പ് വികസിപ്പിച്ചെടുക്കേണ്ട സന്ദർഭത്തിലാണ് അതിന് നേർവിപരീത ദിശയിലുള്ള സിപിഐ(എം)ന്റെ സഞ്ചാരം. അധികാരത്തിന്റെ ഉച്ഛിഷ്ടങ്ങളല്ല, സാമൂഹ്യമാറ്റത്തിലേയ്ക്കുള്ള നാഴികക്കല്ലുകളാണ് ഇടതുപക്ഷത്തെ പ്രചോദിപ്പിക്കേണ്ടത്. രാജ്യമെമ്പാടുമുള്ള അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങൾ ആ വിശ്വാസമാണ് ഇടതുപക്ഷ ശക്തികളിൽ അർപ്പിക്കുന്നത്. അവരുടെ പ്രതീക്ഷയ്ക്കൊത്തുയരാൻ സിപിഐ(എം)നും കൂട്ടർക്കും കർശനമായ തിരുത്തലുകൾതന്നെ വരുത്തേണ്ടിവരും. ■

# ജിഷ്ണു സംഭവം: സർക്കാർ നിലപാടിൽ വ്യാപക പ്രതിഷേധം

**ജിഷ്ണുവിന്റെ കൊലയാളികളെ അറസ്റ്റുചെയ്യുന്നതിൽ അലംഭാവം കാണിച്ചും പ്രതികൾക്ക് രക്ഷപെടാൻ പഴുതൊരുക്കിയും നീതിയാവശ്യപ്പെട്ട അമ്മയെ മർദ്ദിച്ചും നിരപരാധികളെ ജയിലിലടച്ചും കേരളാപോലീസ് പൊറുക്കാനാകാത്ത അപരാധമാണ് ചെയ്തത്. എൽഡിഎഫ് സർക്കാർ ഈ ഹീനമായ നടപടികളെ ന്യായീകരിച്ചപ്പോൾ ബുദ്ധിജീവികളും മാധ്യമങ്ങളും പൊതുസമൂഹം ഒന്നാകെയും ഈ അതിക്രമത്തിനെതിരെ ശക്തമായി പ്രതികരിച്ചു. ആ പ്രതികരണങ്ങളിൽ നിന്നുള്ള ചില ഭാഗങ്ങൾ താഴെക്കൊടുക്കുന്നു.**



ആറുപേരിൽ കൂടുതൽ ആളുകളെ കാണുമ്പോൾ സഭാകമ്പവും പേടിയും തോന്നുന്ന ഡിജിപിക്ക് അവധി കൊടുത്ത് കൗൺസലിംഗിന് വിധേയമാക്കുക.

## സമൂഹം മഹിജയുടെ സമരത്തിന് പിന്തുണ നൽകി. അത് ഗൂഢാലോചനയാണെങ്കിൽ ഞാൻ അതിൽ പങ്കാളിയാണ്

-ഗൗരിദാസൻ നായർ

സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തിയ പ്രസംഗം, ഏപ്രിൽ 10



**ന**മ്മുടെയൊക്കെ പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും മുൻപന്തിയിൽ നിന്നും പ്രവർത്തിച്ച നാലു പേരാണ്, എന്റെ വിദ്യാർത്ഥി കൂടിയായ ഷാജർഖാനും ഞാൻ അനുജത്തിയെ പോലെ കൊണ്ട് നടക്കുന്ന സഖാവ് മിനിയും ശ്രീകുമാറും എന്നോടൊപ്പം രാഷ്ട്രീയ രംഗത്ത് നിൽക്കുകയും പിന്നീട് അക്കാദമികരംഗത്തേക്ക് മാറുകയും മറ്റുമേഖലകളിലേക്ക് പോകുകയും പൊതുപ്രവർത്തനത്തിന്റെയും സാമൂഹ്യവിമർശനത്തിന്റെയും വഴികളിലെത്തുകയും ചെയ്ത കെ.എം. ഷാജഹാനും. ഞങ്ങളെയൊക്കെ വളർത്തിവിട്ട സമൂഹം ഞങ്ങളെ പഠിപ്പിച്ചത് നൊന്തുകരയുന്ന ഒരു കുടുംബത്തെ കണ്ടില്ലായെന്ന് നടിച്ച് നടന്നുപോകാനല്ല. ഞങ്ങളെ ഞങ്ങളുടെ രാഷ്ട്രീയബോധം പഠിപ്പിച്ചത് നൊന്തുകരയുന്ന കുടുംബമാണെങ്കിലും വ്യക്തിയാണെങ്കിലും വേദനിക്കുന്ന ഏത് മനുഷ്യന്റെയും കൈചേർത്ത് പിടിക്കാനും അവരോടൊപ്പം നിൽക്കാനും അവരെ സമരമുഖത്തേക്ക് കൊണ്ടുവരാനുമാണ്. ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയും അച്ഛൻ അശോകനും അമ്മാവൻ ശ്രീജിത്തും അവരുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് തിരുവനന്തപുരത്തേക്ക് വരണമെന്ന് ആഗ്രഹിച്ചപ്പോൾ ഷാജർഖാനെയും മിനിയെയും സഹായത്തിന് വിളിച്ചുവെന്ന് പറയുന്നത് തന്നെ കേരളത്തിൽ വിശ്വാസമർപ്പിക്കാവുന്നത് ആരിലാണെന്ന് തെളിയുകയാണ്.

തിരുവനന്തപുരത്തേക്ക് വരുവാനാഗ്രഹിച്ചുകൊണ്ട് ജിഷ്ണു പ്രണോയിയുടെ മാതാപിതാക്കളിവിടെ വന്നപ്പോൾ അവർക്ക് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു, അവരോടൊപ്പം നിന്നു, അവർക്ക് പിന്തുണ നൽകി, അവർക്ക് ധൈര്യം കൊടുത്തു, അവരുടെ പിന്നിൽ കേരളീയ സമൂഹം ഉണ്ടെന്ന് പറഞ്ഞു, അങ്ങനെ പറഞ്ഞത് ഗൂഢാലോചനയാണെങ്കിൽ ആ ഗൂഢാലോചനയിൽ ഞാനും പങ്കാളിയാണ്. അങ്ങനെയൊരു ഗൂഢാലോചനയുടെ കഥയാണ് മെനെഞ്ഞെടുക്കുന്നതെങ്കിൽ, ഞാൻ ചോദിക്കട്ടെ, ആർ.സുഗതനെ പോലെ, പി.കൃഷ്ണപിള്ളയെ പോലെ, പണ്ട് കാലത്തെ എല്ലാ കമ്മ്യൂണിസ്റ്റു വിപ്ലവനേതാക്കളെയുംപോലെ അവരെല്ലാം ഗൂഢാലോചനക്കാരല്ലായിരുന്നോ. അവരെല്ലാം സമരം നയിച്ചില്ലേ. അവരെല്ലാം പോലീസ് സ്റ്റേഷന് മുമ്പിൽ പോയില്ലേ.

നമ്മളോരോരുത്തരും ഗൂഢാലോചകരായി മാറുന്ന കാലമെന്ന് പറഞ്ഞാൽ, ആ കാലം അപകടകരമായ കാലമാണെന്ന് ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. അങ്ങനെയൊരു അപകടകരമായ കാലമുണ്ടെങ്കിൽ, ആ കാലത്തിന്റെ നടുവിലൂടെ സഞ്ചരിക്കുന്ന ഷാജർഖാന്റെയും മിനിയുടെയും ശ്രീകുമാറിന്റെയും ഷാജഹാന്റെയും പേരിൽ അഭിമാനിക്കുന്ന ഒരാളാണ് ഞാൻ. അത്തരം കൂടുതൽ ഗൂഢാലോചകർ ആവശ്യമായ സ്ഥലമാണ് കേരളം.

രണ്ടുകൂട്ടരും(ഭരണ-പ്രതിപക്ഷങ്ങൾ) ഒരേ കച്ചവടത്തിന്റെ അപ്പുറവുമിപ്പുറവുമായി, ഒരേ മേശയുടെ അപ്പുറവുമിപ്പുറവുമായി മാറുന്ന ഒരു കാലം. അവിടെ വ്യത്യസ്തതയുള്ള ആളുകളില്ലെന്നല്ല.വ്യത്യസ്തത പ്രകടിപ്പിക്കുന്ന, സംസാരിക്കുന്ന പാർട്ടികളില്ലെന്നല്ല. പക്ഷേ, പൊതുവിൽ നമ്മെ ആകെ വിഷമിപ്പിക്കുന്ന തരത്തിലുള്ള ഒരു ഒത്തുതീർപ്പിന്റെ അന്തരീക്ഷം കേരളത്തിലുരുത്തിരിഞ്ഞ് വരുമ്പോൾ ഇതിന്റെ പുറത്ത് നിന്നുകൊണ്ട് കേരളത്തിന്റെ പൊതുസമൂഹത്തിന്റെയും ചിന്തിക്കുന്ന രാഷ്ട്രീയ സമൂഹത്തിന്റെയും ശബ്ദവും നാവുമായി മാറുന്ന വ്യക്തികളെയാണ് ഇന്ന് ഗൂഢാലോചകരായി തുറുങ്കിലടച്ചിരിക്കുന്നത്. അവർക്ക് വേണ്ടി കേരളത്തിൽ ചെറിയ ശബ്ദങ്ങൾ ഉയർന്നാൽ പോരാ.

## ഭരണപക്ഷം വിമർശിക്കുന്നവരെ ജയിലിലടയ്ക്കുന്നു

-ആനന്ദ്

മനോരമ, ഏപ്രിൽ 12, 2017

**ഭ**രണപക്ഷം അവരെ വിമർശിക്കുന്നവരെ മാത്രമല്ല, വഴിയേ പോകുന്ന ഇഷ്ടമില്ലാത്ത മുഖമുള്ളവരെയും നേരിടുവാനുള്ള അവസരമാക്കിയിരിക്കുന്നു ജിഷ്ണു സംഭവം.

ഇതെല്ലാം നടക്കുന്നത് ഭയാനകമായ ഒരു ചുഴലിക്കാറ്റ് രാജ്യത്തെങ്ങും പരന്നുകൊണ്ടിരിക്കുന്ന



സമയത്താണ് എന്ന് ഓർക്കുക. വിശ്വാസത്തിന്റെ പേരിലും വിശ്വാസമില്ലാത്തതിന്റെ പേരിലും പ്രേമിക്കുന്നതിന്റെ പേരിലും തമ്മിൽ സംസാരിക്കുന്നതിന്റെ പേരിലും വിലക്കപ്പെട്ട ഭക്ഷണം കഴിച്ചതിന്റെ പേരിലും വസ്ത്രം ധരിച്ചതിന്റെ പേരിലും ആളുകളെ ചുഴന്നു പിടിക്കുന്ന ഒരു ചുഴലിക്കാറ്റ്. അതിന്റെ അനുകരണങ്ങൾ കക്ഷിഭേദമന്യേ ഓരോരോ സംസ്ഥാനത്തിലും പ്രകടമാകുന്നതു കൂടുതൽ ഭീതിദമാകുന്നു.

ഏറ്റവും പരിതാപകരം പൗരന്മാർക്ക് ആശ്രയിക്കാനുള്ള ന്യായാലയങ്ങളുടെമേലും ഈ ചുഴലി പതിക്കുന്നതായി അനുഭവപ്പെടുന്നു എന്നതാണ്.

## അനുഭാവപ്രകടനം പൗരസ്വാതന്ത്ര്യം

-ബിആർപി ഭാസ്കർ

മനോരമ ഏപ്രിൽ 11, 2017

**സി.**കെ.ജാനുവും കെ.കെ.രമയും തോമസ് ഐസക്കും ഓരോരോ ആവശ്യങ്ങൾ ഉന്നയിച്ച് സെ



ക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തിയപ്പോൾ ഈ ലേഖകൻ അവർക്ഷണിക്കാതെ അവിടെ പോയി അനുഭാവം പ്രകടിപ്പിച്ചിട്ടുണ്ട്.

ജിഷ്ണുവിന്റെ കുടുംബത്തിന്റെ തികച്ചും ന്യായയുക്തമായ ആവശ്യങ്ങൾ വൈകിയാണെങ്കിലും അംഗീകരിക്കുകവഴി സർക്കാർ ഒരു തെറ്റു തിരുത്തൽ നടത്തിയിരിക്കുന്നു.

നിർഭാഗ്യമെന്നു പറയട്ടെ, അതിനിടയിൽ ഒരു പക്ഷേ ആ കുടുംബത്തോട് കാട്ടിയതിനേക്കാൾ ഗുരുതരമായ(നീചമായ എന്ന വാക്ക് ബോധപൂർവ്വം ഒഴിവാക്കുന്നു) ഒരു തെറ്റ് ചെയ്തിരിക്കുന്നു. ആ തെറ്റ് പൊതുപ്രവർത്തകനായ കെ.എം. ഷാജഹാൻ, എം.ഷാജർഖാൻ, അദ്ദേഹത്തിന്റെ ഭാര്യ മിനി എന്നിവരുടെ അറസ്റ്റും അവരുടെമേൽ ചുമത്തപ്പെട്ടിട്ടുള്ള പ്രത്യക്ഷത്തിൽ തന്നെ വ്യാജമെന്നു കാണാവുന്ന ക്രിമിനൽ കേസുമാണ്.

സംഭവം നടന്ന ദിവസം തന്നെ മുഖ്യമന്ത്രി തോക്കു സ്വാമിയുടെ സാന്നിദ്ധ്യത്തിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിച്ചതും ഹിമവൽ ഭദ്രാനന്ദയെ പോലീസ് വിളിച്ചുവരുത്തുകയായിരുന്നെന്ന വെളിപ്പെടുത്തലും കൂട്ടി വായിക്കുമ്പോൾ ആ സംഘർഷാവസ്ഥ ഒരു ഗൂഢാലോചനയുടെ ഫലമായിരുന്നുവെങ്കിൽ അതിന്റെ പിന്നിൽ പ്രവർത്തിച്ചത് ജിഷ്ണു കുടുംബത്തിന്റെ സമരത്തിന് പിന്തുണ നൽകാൻ ചെന്നവരായിരുന്നില്ല അവരുടെ സമരം പരാജയപ്പെടുത്താൻ ആഗ്രഹിച്ച ഏതോ ഔദ്യോഗിക കേന്ദ്രമായിരുന്നു എന്ന് കരുതേണ്ടിവരും.

എന്താവാം ആ കുത്സിത ശ്രമത്തിനു പിന്നിൽ. ഷാജഹാനും കൂട്ടർക്കുമെതിരായ നടപടികൾ നിയമപാലനത്തിന്റെ ഭാഗമല്ല. അതിന്റെ പിന്നിൽ ജനകീയ സമരങ്ങൾക്കു പിന്തുണ നൽകുന്നവരെ പീഡിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ നിരുത്സാഹപ്പെടുത്തുകയെന്ന രാഷ്ട്രീയ ലക്ഷ്യമാണ് ഉള്ളത്.

## ഷാജഹാന്റെയും ഷാജർഖാന്റെയും അറസ്റ്റ് ഞെട്ടിച്ചു.

-സക്കറിയ

മാതൃഭൂമി ഏപ്രിൽ 8, 2017

**ന്യാ**യമായ പരാതിയുമായി എത്തിയ സ്ത്രീയെ സഹായിച്ചതിന് പൊതുപ്രവർത്തകരായ കെ.എം. ഷാജഹാനെയും ഷാജർഖാനെയും ജയിലിലടച്ചെന്ന വാർത്ത ഞെട്ടി



ക്കുന്നതാണെന്ന് സാഹിത്യകാരൻ സക്കറിയ. പൗരന്മാരോട് ഭരണകൂടവും പോലീസും കാണിക്കേണ്ട സാമാന്യ മര്യാദയുടെ അതിർത്തി ലംഘിക്കപ്പെട്ടു. പരാതി പറയാനെത്തിയ സ്ത്രീയെ സഹായിച്ചതിന് ഗൂഢാലോചനയ്ക്കും സംഘം ചേരലിനും പോലീസിന്റെ കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തുന്നതിനുമുള്ള വകുപ്പുകളിട്ട് കേസെടുക്കുന്നത് ജനാധിപത്യ സംവിധാനത്തിൽ ഉണ്ടാകാൻ പാടില്ലാത്തതാണെന്നും അദ്ദേഹം പറഞ്ഞു.

## മഹിജയുടെ ചിത്രം സാധാരണക്കാരന്റെ ചങ്ക് തകർക്കും

-എൻ.എസ്.മാധവൻ

ഏപ്രിൽ 5 ന് ടിറ്ററിൽ കുറിച്ചത്.

**ഇ**ത് നജീബിന്റെ അമ്മയല്ല, നടന്നത് രാധികാവെമുലയെ ചുവന്ന മാലയിട്ട് ആദരിച്ച കേരളത്തിൽ. സാധാരണക്കാരുടെ 'ഒറ്റ ചങ്ക്' തകർക്കുന്ന ചിത്രം.

## സമരങ്ങളില്ലാതെ ജനാധിപത്യമില്ല

- അഡ്വ. കാളീശ്വരം രാജ്

മാതൃഭൂമി ഏപ്രിൽ 8, 2017

**പ്ര**ത്യയശാസ്ത്രപരമായ നീതിബോധം ഒരു മരണത്തിന്റെ മൂർത്ത പശ്ചാത്തലത്തിൽ മറ്റാരെക്കാളും മുമ്പേ ഉയർത്തിപ്പിടിക്കേണ്ടത് കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. പ്രതിഷേധങ്ങളും വിമർശനങ്ങളും സമരങ്ങളും സത്യാഗ്രഹങ്ങളുമില്ലെങ്കിൽ ജനാധിപത്യമില്ല. സമാധാനപരമായി സംഘംചേരാനുള്ള അവകാശം ഭരണഘടനാദത്തമാണ്. ഇന്ത്യൻ ഭരണഘടനയുടെ 19(1)(ബി) സമാധാനപരമായി സംഘം ചേരാനുള്ള മൗലിക അവകാശത്തെക്കുറിച്ചുള്ളതാണ്. സംഭാഷണ സ്വാതന്ത്ര്യവും അഭിപ്രായപ്രകടനസ്വാതന്ത്ര്യവും 19(1)(എ) അനുഛേദത്തിന്റെ പരിധിയിൽവരുന്നു. ഒന്നോർത്താൽ അടിയന്തരാവസ്ഥയ്ക്കെതിരായാലും സമീപകാലത്ത് കേന്ദ്രസർക്കാർ കാണിച്ച അമിതാധികാര പ്രവണതകൾക്കെതിരെയായാലും ഒരു രാഷ്ട്രം പ്രതീക്ഷയറ്റുപോകാതെ നിലകൊണ്ടത് സാധാരണ മനുഷ്യരുടെ സംഘരൂപങ്ങളിലായിരുന്നു.

എന്നാൽ കേരളംപോലെ സാക്ഷരതയിലും രാഷ്ട്രീയ ബോധത്തിലും മുന്നിട്ടുനിൽക്കുന്ന ഒരു സംസ്ഥാനത്തെ ഇടതുപക്ഷ സർക്കാർ സ്വീകരിച്ച സമീപനം തികച്ചും ജാധിപത്യവിരുദ്ധവും മനുഷ്യാവകാശ വിരുദ്ധവുമാണ്. ജിഷ്ണുവിന്റെ മാതാവ് കുറേക്കൂടി മെച്ചപ്പെട്ടതും സംസ്കാര സമ്പന്നവുമായ പരിഗണന അർഹിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ പ്രതിനിധിയും നേതാവുമായ മുഖ്യമന്ത്രി സംഭവത്തിനുശേഷം നടത്തിയ പ്രതികരണങ്ങൾ പലതും നിർഭാഗ്യകരമായിപ്പോയി.

കേൾക്കേണ്ടവർ കേൾക്കാനായി യോജിച്ച സ്ഥലം സമരത്തിനായി തെരഞ്ഞെടുക്കാനുള്ള അവകാശം ജനങ്ങൾക്കുണ്ടെന്ന് അനിതാ താക്കൂറിന്റെ കേസിൽ (റിട്ട് പെറ്റീഷൻ 118/2007) സുപ്രീംകോടതി പറയുകയുണ്ടായി. ഭരണഘടനയുടെ 19-ാം അനുഛേദത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട വിധിയാണിത്. ഈ അനുഛേദവും വിധിയും സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഓഫീസിനും ബാധകമാണ്. ഇത്തരം ഓഫീസുകൾക്കുമുന്നിൽ സമാധാനപരമായ സമരംപോലും പാടില്ലെന്നു പറയാൻ ഒരു ജനാധിപത്യ സർക്കാരിന് അവകാശമില്ല.

ഇന്ത്യയിലെ ലക്ഷക്കണക്കിന് ജാധിപത്യ വിശ്വാസികൾ ഈ രാ

# സിപിഐ(എം) ഇടതുപക്ഷ രാഷ്ട്രീയത്തിലേയ്ക്ക് മടങ്ങിവരണം

ജ്യത്ത് ജീവിക്കുന്നതും സമരം ചെയ്യുന്നതും ഈ ഭരണഘടനാ തത്ത്വത്തിൻമേലുള്ള വിശ്വാസത്തിന്റെ പേരിലാണ്. അതിനാലാണ് സമാധാപരമായി രാംലീല മൈതാനത്ത് 2011ൽ നടത്തിയ പ്രക്ഷോഭത്തിന്റെ നേർക്കുണ്ടായ പോലീസ് അതിക്രമത്തിന്റെ പേരിൽ സുപ്രീംകോടതി നേരിട്ട് കേസെടുത്തത്(നമ്പർ 122/ 2011). പ്രക്ഷോഭകാരികളെ പുറത്താക്കാനുള്ള തീരുമാനവും ആ തീരുമാനം നടപ്പാക്കിയ രീതിയും ഒരുപോലെ നിയമവിരുദ്ധമാണെന്ന് സുപ്രീംകോടതി പറഞ്ഞു. തമിഴ്നാട്ടിൽ ജല്ലിക്കെട്ട് പ്രക്ഷോഭകാരികൾക്കുനേരെ ഇക്കഴിഞ്ഞ ജനുവരിയിൽ പോലീസ് അതിക്രമമുണ്ടായപ്പോൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഇടപെട്ടതും ഈ ഭരണഘടനാ സങ്കൽപ്പത്തിന്റെ പേരിൽ ത്തന്നെ.



ഒരു ആൾക്കൂട്ടം സമാധാന ധ്വസംനം നടത്തുമ്പോൾ മാത്രമാണ് പോലീസിന് ബലംപ്രയോഗിക്കാനുള്ള അധികാരമുണ്ടാകുന്നത്. അതിനുതന്നെ നിയതമായ നടപടിക്രമങ്ങളുണ്ട്. കരംസിങ്ങിന്റെ കേസിൽ (1979 ക്രിമിനൽ ലോ ജേണൽ 1211) പഞ്ചാബ് ഹരിയാണ ഹൈക്കോടതി ഇക്കാര്യം വിശദീകരിച്ചത് പിന്നീട് സുപ്രീംകോടതി അംഗീകരിച്ചതാണ്. ന്യായീകരണമില്ലാത്ത പോലീസ് അതിക്രമങ്ങളുടെ പേരിൽ ഭരണകൂടം നഷ്ടപരിഹാരം നൽകണമെന്ന് സുപ്രീംകോടതി വിധിച്ച ഒട്ടേറെ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. സഹേലിയുടെ കേസ്(1990), സുപ്രീംകോർട്ട് കേസസ്422, ജോഗീന്ദർ കൗറിന്റെ കേസ്(1968) എന്നിവ ഉദാഹരണം.

ജിഷ്ണുവിന്റെ അമ്മ മഹിജയോടൊപ്പം സാധാരണ മലയാളിയുടെ വേദനിക്കുന്ന മനസ്സുണ്ട്. ഈ പശ്ചാത്തലത്തിലാണ് പ്രതിഷേധവും പ്രക്ഷോഭവും നടന്നത്. അതിനാൽത്തന്നെ സമരംചെയ്യാനുള്ള അവകാശം കുടുംബാംഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താവുന്നതല്ല. രാഷ്ട്രീയ പാർട്ടികളും മറ്റ് ബഹുജനപ്രസ്ഥാനങ്ങളും സമരം ഏറ്റെടുക്കുകയോ സമരത്തിന് പിന്തുണ നൽകുകയോ ചെയ്യുന്നതിൽ അസ്വാഭാവികമായി യാതൊന്നുമില്ല. അത്തരം സമരങ്ങളെ ജനാധിപത്യപരമായ മര്യാദയോടെ കാണുകയായിരുന്നു സർക്കാരും പോലീസും ചെയ്യേണ്ടിയിരുന്നത്. അക്രമത്തിലൂടെ അപകടമുണ്ടാകുമെന്ന കേവലമായ ഭീതിപോലും പോരാ, ഗൗരവപ്പെട്ട അപകടങ്ങൾ സംഭവിക്കുമെന്നും അതുടനെ സംഭവിക്കുമെന്നും ഉറപ്പുണ്ടെങ്കിൽ മാത്രമേ സംഘടനാ സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും അടിച്ചമർത്താൻ പാടുള്ളുവെന്ന വിറ്റ്നിയും കാലിഫോർണിയയും തമ്മിലുള്ള കേസിലെ വിധി (274, യു.എസ്. 357, 375(1927) ഏതുകാലത്തേയ്ക്കുമുള്ള ഒരു ജനാധിപത്യ പാഠം കൂടിയാണ്.

1966 ലെ ശൈത്യകാലത്ത് കോർണർ യൂണിവേഴ്സിറ്റി ലോ സ്കൂളിലെ ഹരൂപ് എ. ഫ്രീമാൻ എന്ന നിയമാധ്യാപകൻ നിയമലംഘന പ്രസ്ഥാനങ്ങൾപോലും നിയമപരമാണ് എന്നു വാദിക്കുകയുണ്ടായി. അതിനദ്ദേഹം ആധാരമാക്കിയതാകട്ടെ ഗാന്ധിജിയുടെ പ്രക്ഷോഭങ്ങളെയായിരുന്നു. ഏതായാലും സമാധാനപരമായ സമരങ്ങളിലേർപ്പെടുന്നവർക്കെതിരെ ജാമ്യമില്ലാ വകുപ്പുകൾ പ്രകാരം കേസെടുത്ത് ജയിലിലിടയ്ക്കുന്നത് ഇടതുപക്ഷ സർക്കാരിനെന്നല്ല ഏതൊരു തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനും ഭൂഷണമല്ല.

### സർക്കാർ തലത്തിലുള്ള ഗൂഢാലോചന

-ജോസഫ് സി.മാത്യു

മാതൃഭൂമി ഏപ്രിൽ 8, 2017

**പൊ**തുപ്രവർത്തകരെ അറസ്റ്റുചെയ്യാനായി സർക്കാർ തലത്തിലാണ് ഗൂഢാലോചന നടന്നതെന്ന് വി.എസ്.അച്ചുതാനന്ദന്റെ മുൻ ഐടി ഉപദേഷ്ടാവ് ജോസഫ് സി.മാത്യു. ഒരു കുട്ടി മരിച്ചതിന് വീട്ടുകാർക്കല്ലാതെ അയൽക്കാർക്ക് പരാതി പറയാൻ പാടില്ലെന്ന നിലപാട് ഇടതുപക്ഷ സർക്കാരിൽനിന്ന് ഉണ്ടാകുന്നത് അരാഷ്ട്രീയമാണ്. മഹിജയോട് കാണിച്ച അതിക്രമത്തെ ന്യായീകരിക്കാൻ മറ്റുള്ളവരുടെ തലയിൽ എല്ലാം കെട്ടിവയ്ക്കാനുള്ള സർക്കാർ ശ്രമമാണിത്. ആരെങ്കിലും മരിക്കുമ്പോൾ സിപിഐ(എം) ഹർത്താൽ നടത്തുന്നത് ബന്ധുത്വമുള്ളതുകൊണ്ടാണോയെന്നും അദ്ദേഹം ചോദിച്ചു.



### ശക്തമായ ജനാധിപത്യ മുന്നേറ്റം അനിവാര്യം

-എൻ.വേണു

ആർ.എം.പി.ഐ

സംസ്ഥാന സെക്രട്ടറി

ഏപ്രിൽ 10ന് സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്

കൊടും കുറ്റവാളികൾ തടവിൽ നിന്നിറങ്ങി യഥേഷ്ടം വിഹരിക്കുകയും സമരനേതാക്കളെ കള്ളക്കേസിൽ കുടുക്കി ജയിലിലിടുകയും ചെയ്യുന്ന അവസ്ഥയാണ് പിണറായി ഭരണത്തിൽ ഉള്ളത്. അതിശക്തമായ ജനാധിപത്യ സംരക്ഷണ പ്രസ്ഥാനം വളർത്തിയെടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തിര കടമ.



### തെറ്റുതിരുത്തി ഇടതുപക്ഷ രാഷ്ട്രീയത്തിലേക്ക് സി.പി.ഐ(എം) മടങ്ങിവരണം

- സി.കെ.ലൂക്കോസ്

സംസ്ഥാന സെക്രട്ടറി,

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

**ജി**ഷ്ണു സമരത്തിന്റെ യഥാർത്ഥത്തിലുള്ള ബാക്കിപത്രം എന്താണ്? ജിഷ്ണുവിന്റെ അമ്മയുടെ കണ്ണീർ തോരുന്നില്ല എന്ന് മാത്രമല്ല അതിനെ അധികരിപ്പിക്കുകയും 7 ദിവസം ആശുപത്രിയിൽ പ്രവേശിപ്പിക്കാൻ തക്കവിധം ശാരീരികക്ഷതം പോലും ഏൽപ്പിക്കപ്പെടുകയും ആണ് ഉണ്ടായത്. ജിഷ്ണുമാർ ഇനിയും സൃഷ്ടിക്കപ്പെടത്തക്കവിധം സ്വാശ്രയ മാഫിയകൾ സംസ്ഥാനത്തൊട്ടാകെ വിഹരിക്കും; ഹതഭാഗ്യരായ മാതാപിതാക്കൾ നടുറോഡിൽ വലിച്ചിഴയ്ക്കപ്പെടും; ഇടതുപക്ഷ മേനി നടിക്കുന്ന സർക്കാർ ജനങ്ങൾ നേരിട്ട് കണ്ട് അനുഭവിച്ചറിഞ്ഞ കാര്യങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് തെറ്റിദ്ധാരണ പരത്താൻ ശ്രമിച്ചുകൊണ്ടേയിരിക്കും; യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയം മുറുകെ പിടിക്കുന്നവരെ കള്ളക്കേസ്സിൽ കുടുക്കി തുറുങ്കിലടയ്ക്കും.

എന്നാൽ, എടുത്തുപറയത്തക്ക മറ്റൊന്ന് കൂടിയുണ്ട്. പ്രബുദ്ധ കേരളം സി.പി.ഐ(എം) ന്റെ രാഷ്ട്രീയത്തെ തുറന്നുകാണാൻ ഇടയായിരിക്കുന്നു. വക്രബുദ്ധികൾ അല്ലാത്ത അവരുടെ സഹയാത്രി



കരും അനുഭാവികളും ആയിരിക്കുന്ന ഒരു വിഭാഗം പോലും ആ തിരിച്ചറിവിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു. സി.പി.ഐ(എം) ഇതിൽ നിന്നെല്ലാം മതിയായ പാഠങ്ങൾ പഠിച്ച് തെറ്റുകൾ തിരുത്തി യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയ നിലപാടിലേയ്ക്ക് വരണമെന്ന അഭ്യർത്ഥനയേ ഞങ്ങൾക്കുള്ളു. ■

---

മാതൃഭൂമി മുഖപ്രസംഗം

ഏപ്രിൽ 10, 2017

## പൊതുപ്രവർത്തകരുടെ അറസ്റ്റ് ജനാധിപത്യവിരുദ്ധം

**പ്ര**തിഷേധ സമരങ്ങളോടും എതിർസ്വരമുയർത്തുന്ന പൊതുപ്രവർത്തകരോടുമുള്ള അസഹിഷ്ണുത ജനാധിപത്യ ഭരണകൂടങ്ങൾക്ക് ചേർന്നതല്ല. സമരം ചെയ്യാനും സമാധാപരമായി സംഘംചേരാനും അഭിപ്രായപ്രകടനം നടത്താനും പൊതുതാൽപര്യമുള്ള വിഷയങ്ങളിൽ ഇടപെടാനുമുള്ള സ്വാതന്ത്ര്യം ജനാധിപത്യ സമ്പ്രദായം വാഗ്ദാനം ചെയ്യുന്നുണ്ട്. സർക്കാരും പോലീസും ആ സാമാന്യരീതി മറന്നു പെരുമാറുന്നതുകൊണ്ടാണ് ഇങ്ങനെ ഓർമ്മിപ്പിക്കേണ്ടിവരുന്നത്.

കേരളത്തിലെ ആദ്യമന്ത്രി സഭ, ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുണ്ടായ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലേറിയതിന്റെ അറുപതാം വാർഷികദിനമായ ഏപ്രിൽ അഞ്ചിന് തിരുവനന്തപുരത്തെ പോലീസ് ആസ്ഥാനത്തിനുമുന്നിൽ നടന്ന പ്രതിഷേധസമരത്തെ പോലീസ് നേരിട്ട രീതി നീതിയെയും മനുഷ്യാവകാശങ്ങളെയും കാറ്റിൽ പറത്തിയുള്ളതായിരുന്നു. തൃശ്ശൂർ ജില്ലയിലെ പാമ്പാടിയിലുള്ള സ്വാശ്രയസ്ഥാപനമായ നെഹ്റു എൻജിനീയറിങ് കോളജിലെ വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ ദുരൂഹമരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റു ചെയ്യണം എന്നാവശ്യപ്പെട്ട് അമ്മയും അച്ഛനും ഉൾപ്പെടെ ഒരു സംഘംപേർ ഡിജിപിയെ കാണാനെത്തിയപ്പോഴാണ് പോലീസിന്റെ വഴിപിഴച്ച നടപടികൾ ഉണ്ടായത്. ജിഷ്ണുവിന്റെ അച്ഛനമ്മമാരും ബന്ധുക്കളും ഉൾപ്പെടെയുള്ളവരെ പ്രതിഷേധ സമരത്തിന്റെ പേരിൽ പോലീസ് പിടികൂടി. ബന്ധുക്കളെ വിട്ടയച്ച പോലീസ് അവർക്കു പിന്തുണയുമായി ഒപ്പമുണ്ടായിരുന്ന നാലു പൊതുപ്രവർത്തകരെ ജയിലിലടയ്ക്കുകയാണ് ചെയ്തത്.

മുൻമുഖ്യമന്ത്രി വി.എസ്.അച്ചുതാനന്ദന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന പൊതുപ്രവർത്തകൻ കെ.എം.ഷാജഹാൻ, എസ്.യു.സി.ഐ പ്രവർത്തകനായ ഷാജർഖാൻ, ഭാര്യ മിനി, ശ്രീകുമാർ എന്നിവരാണ് സമരത്തിന്റെ പേരിൽ ജാമ്യം നിഷേധിക്കപ്പെട്ട് ജയിലിൽ കഴിയുന്നത് സന്യാസിയെന്ന് അവകാശപ്പെടുന്ന ഒരു കുപ്രസിദ്ധനെക്കൂടി അവർക്കൊപ്പം പോലീസ് അറസ്റ്റ് ചെയ്തിരുന്നു. സമരവുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് അയാളോ മരിച്ച ജിഷ്ണുവിന്റെ ബന്ധുക്കളോ അവകാശപ്പെടുന്നില്ലെങ്കിലും പൊതുപ്രവർത്തകരെ തടവറയിലടയ്ക്കാനുള്ള മറയായി പോലീസ് അതിനെ മാറ്റിയിരിക്കുകയാണ്.

സമരവുമായി ബന്ധമില്ലാത്ത ഒരാളെ ആ സ്ഥലത്തുണ്ടായിരുന്നതിന്റെ പേരിൽ പിടികൂടുകയും അയാളുടെ സാന്നിദ്ധ്യംകൊണ്ടുമാത്രം ഒരു ഗൂഢാലോചന സങ്കൽപ്പിച്ച് പൊതുപ്രവർത്തകരെ ജയിലിലടയ്ക്കുകയും ചെയ്തത് ജനാധിപത്യവിരുദ്ധവും മനുഷ്യാവകാശലംഘനവുമായ പ്രവൃത്തിയാണെന്ന് പറയാതെ വയ്യ. ജിഷ്ണുവിന്റെ അമ്മ മഹിജയോടും മറ്റു ബന്ധുക്കളോടുമുള്ള പോലീസിന്റെ പെരുമാറ്റത്തെ ഭരണകക്ഷിയായ സിപിഎമ്മിന്റെ പോളിറ്റ് ബ്യൂറോ അംഗം എംഎ ബേബിയും ഭരണപരിഷ്ക്കാര കമ്മീഷനംഗം വിഎസ് അച്ചുതാനന്ദനും വിമർശിച്ചുണ്ടെന്നുകൂടി ഓർക്കേണ്ടതുണ്ട്. സർക്കാരിന്റെ നയംതന്നെയാണ് പോലീസ് പിന്തുടർന്നതെന്ന് സിപിഎം സംസ്ഥാന സെക്രട്ടേറിയറ്റ് അഭിപ്രയാപ്പെട്ടതാണ് ഇതിന്റെ മറുവശം.

സ്വതന്ത്രമായി ചിന്തിക്കുകയും പൗരാവകാശവും സമരാവകാശവും പരമപ്രധാനമാണെന്ന് കരുതുകയും ചെയ്യുന്ന ജനങ്ങളെ നിരാശപ്പെടുത്തുന്ന നിലപാടാണിത്. ഒരു വ്യക്തിയോ സമൂഹമോ നേരിടുന്ന അനീതിയും വേദനയും അവകാശലംഘനവും പൊതുപ്രശ്നമാണ്. അതിൽ ഇടപെടാനും നീതിക്കുവേണ്ടി സംസാരിക്കാനും സമരം ചെയ്യാനും ആർക്കും അവകാശമുണ്ട്. അത്തരം ഇടപെടലുകളുടെ ചരിത്രമാണ് നമ്മുടെ രാഷ്ട്രീയത്തിന്റെയും പൊതുമണ്ഡലത്തിന്റെയും ചരിത്രം. അതിൽ മുഖ്യപങ്കുവഹിച്ച രാഷ്ട്രീയ പ്രസ്ഥാനമാണ് ഇടതുപക്ഷം അങ്ങനെ ഇടപെടുന്നവരെ സാങ്കൽപ്പികമായൊരു ഗൂഢാലോചനാ സിദ്ധാന്തത്തിന്റെ പേരിൽ അന്യായമായി തടവിലാക്കുന്നത് ഗുരതരമായ ചില പ്രതിസന്ധികളും വെല്ലുവിളികളും സമൂഹത്തിൽ സൃഷ്ടിക്കുന്നുണ്ട്. സ്വതന്ത്രാഭിപ്രായം പറയുന്നവരെയും എതിർക്കുന്നവരെയും ഏതിനിമഷം വേണമെങ്കിലും പോലീസിന് ക്രിമിനൽപ്പുള്ളികളാക്കാമെന്ന് വരുന്നത് അത്യന്തം ആപത്കരമാണ്. ഡിജിപി ഓഫീസിനുമുന്നിലെ സമരവും പൊതുപ്രവർത്തകരുടെ അന്യായത്തടങ്കലും നമ്മുടെ പൊതുജീവിതത്തിൽ ഒരു വിപത് സന്ദേശമാണ് കൊണ്ടുവരുന്നത്.

ക്രിമിനൽ പശ്ചാത്തലമില്ലാത്തവരും ഒട്ടേറെ പൊതുപ്രശ്നങ്ങളിൽ ഇടപെട്ട് തങ്ങളുടെ നൈതികനിലപാടുകൾ വ്യക്തമാക്കിയിട്ടുള്ളവരുമായ പൊതു പ്രവർത്തകരെ ബലിയാടാക്കിയിരിക്കുന്നത് ജിഷ്ണുവിന്റെ അമ്മയെയും കുടുംബാംഗങ്ങളെയും കൈകാര്യം ചെയ്തതിൽ പോലീസിന് പറ്റിയ വീഴ്ച മറച്ചുവയ്ക്കാനാണ് എന്ന് വ്യക്തം. പോലീസ് ആസ്ഥാനത്തെ സംഭവങ്ങൾക്കുപിന്നിൽ ഗൂഢാലോചനയുണ്ടെന്ന പോലീസ് വാദം സാമാന്യജനങ്ങൾക്കിടയിൽ സംശയങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അത്തരമൊരു ഗൂഢാലോചന ഏതു സമരത്തിലും പ്രതിഷേധത്തിലും ആരോപിച്ച് ജനാധിപത്യ അവകാശമായ, സമരം ചെയ്യുന്ന, ഏവരെയും തടവിലാക്കാൻ പോലീസിനാകുമെന്നും അതിന് സർക്കാരിന്റെ പിന്തുണ കൂടിയുണ്ടെങ്കിൽ തങ്ങളുടെ ജീവിതം നരകമാകുമെന്നുമാണ് ജനങ്ങൾ മനസ്സിലാക്കുന്നത്. സമരം ചെയ്ത ബന്ധുക്കളെ വിട്ടയച്ചു. കൂടെ വന്നവരെയാണ് അന്യായമായി സംഘം ചേർന്നതിനും പോലീസിന്റെ ജോലി തടസ്സപ്പെടുത്തിയതിനും അറസ്റ്റ് ചെയ്തത് എന്ന വാദം ഒരു തമാശ മാത്രമാണ്. ബന്ധുക്കൾക്കുമാത്രമേ സമരങ്ങളിൽ പങ്കെടുക്കാവൂ എന്ന നിയമം വരുന്ന കാലത്തുമാത്രമേ ജനങ്ങളത് ഗൗരവത്തിലെടുക്കൂ. ഈ അസഹിഷ്ണുതയും ഗൂഢാലോചന സിദ്ധാന്തവും മനുഷ്യാവകാശ ലംഘനവും ഇടതുപക്ഷ നൈതികബോധം പുലർത്തുമെന്ന് അവകാശപ്പെടുന്ന ഒരു സർക്കാരിന് ചേർന്നതല്ല. ■

ഏപ്രിൽ 24

# എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സ്ഥാപന ദിനം

## 69–ാം വാർഷികാചരണ സമ്മേളനം സുൽത്താൻ ബത്തേരിയിൽ




പൊതുസമ്മേളനത്തിൽ സഖാവ് വി.വേണുഗോപാൽ പ്രസംഗിക്കുന്നു




സ്ഥാപനവാർഷികത്തോടനുബന്ധിച്ച് സുൽത്താൻബത്തേരിയിൽനടന്ന പ്രകടനം

**എസ്.**യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സ്ഥാപന ദിനമായ ഏപ്രിൽ 24 ഇന്ത്യയൊട്ടാകെ ആചരിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതല ആചരണ സമ്മേളനം വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ വച്ച് നടന്നു. ടൗണിൽ പ്രകടനം നടത്തിയശേഷമാണ് 69–ാം വാർഷികാചരണ സമ്മേളനത്തിലേക്ക് കടന്നത്. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അണിനിരന്ന പ്രകടനത്തിന് പാർട്ടി സംസ്ഥാന കമ്മിറ്റി അംഗങ്ങൾക്കൊപ്പം ജില്ലാ സംഘാടക കമ്മിറ്റി അംഗങ്ങളും നേതൃത്വം നൽകി. കോട്ടക്കുന്നിൽ നിന്നും ആരംഭിച്ച പ്രകടനം ചുങ്കം, ഗാന്ധി ജംഗ്ഷൻ, അസംപ്ഷൻ ജംഗ്ഷൻ വഴി സ്വതന്ത്ര മൈതാനിയിൽ എത്തിച്ചേർന്നു. എ.ഐ.ഡി.വൈ.ഒ മ്യൂസിക്ക് സ്ക്വാഡിന്റെ നേതൃത്വത്തിലുള്ള സംഗീത പരിപാടി അവിടെ നേരത്തെത്തന്നെ ആരംഭിച്ചിരുന്നു.

എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റി അംഗവുമായ സഖാവ് സി.കെ. ലൂക്കോസിന് അനാരോഗ്യംമൂലം സമ്മേളനത്തിന് എത്തിച്ചേരാൻ കഴിഞ്ഞില്ല. എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി. വേണുഗോപാൽ അദ്ധ്യക്ഷത വഹിച്ചു. മഹാനായ തൊഴിലാളിവർഗ്ഗ നേതാവും പാർട്ടിയുടെ സ്ഥാപക നേതാവും സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് ആചാര്യൻമാരിലൊരാളുമായ സഖാവ് ശിബ്ദാസ് ഘോഷിനെ അനുസ്മരിക്കുന്ന ഗാനാലാപനത്തോടെയാണ് യോഗനടപടികൾ ആരംഭിച്ചത്.

സാർവ്വദേശീയമായും ദേശീയമായും സാമ്രാജ്യത്വ – മുതലാളിത്ത ശക്തികൾ തൊഴിലെടുത്ത് ജീവിക്കുന്നവർക്കും ബഹുജനങ്ങൾക്കും നേരെ കടുത്ത വെല്ലുവിളി ഉയർത്തിയിരിക്കുന്ന സന്ദർഭമാണിതെന്ന് സഖാവ് വി. വേണുഗോപാൽ അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. അമേരിക്കൻ സാമ്രാജ്യത്വം, പുതിയ പ്രസിഡണ്ട് ട്രംപിലൂടെ ഉത്തര കൊറിയ, സിറിയ, തുടങ്ങിയ രാജ്യങ്ങൾക്കുമേൽ യുദ്ധം അടിച്ചേൽപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ്. യുദ്ധം കൂടാതെ സാമ്രാജ്യത്വത്തിന് നില നിൽക്കാനാവില്ലെന്ന മഹാനായ ലെനിന്റെ പാഠം ശരിവയ്ക്കുന്നതാണ് ഈ സംഭവങ്ങൾ. വീറുറ്റ സാമ്രാജ്യത്വവിരുദ്ധ സമരപാരമ്പര്യത്തെ മുഴുവൻ അപഹസിച്ചുകൊണ്ട് മോഡി ഗവൺമെന്റ്, യുദ്ധക്കുറ്റവാളിയായ അമേരിക്കൻ ഭരണകൂടവുമായും സയണിസ്റ്റ് ഇസ്രായേലുമായും ബാന്ധവത്തിലാണ്. ഇന്ത്യൻ മുതലാളിത്തത്തെ അമേരിക്കയുടെ ജൂനിയർ പങ്കാളിയായി നിലനിർത്താനാണ് കോൺഗ്രസ്സ് സർക്കാരിനെപ്പോലെ മോഡിസർക്കാരും ശ്രമിക്കുന്നത്.

വ്യവസായ, തൊഴിൽ, കാർഷിക, വിദ്യാഭ്യാസ, സാസ്കാരികരംഗങ്ങളിലെല്ലാം കോർപ്പറേറ്റുകളുടെ താല്പര്യങ്ങളും ആർ.എസ്.എസ്സിന്റെ ഫാസിസ്റ്റ് അജണ്ടയുമാണ് നടപ്പാക്കുന്നത്. ഇതിനെതിരെ രാജ്യവ്യാപകമായ ജനകീയ പ്രക്ഷോഭണം കെട്ടിപ്പടുക്കുവാൻ ബാദ്ധ്യതപ്പെട്ട സി.പി.ഐ(എം) പോലുള്ള ഇടതുപാർട്ടികൾ പാർലമെന്ററി രാഷ്ട്രീയത്തിന്റെ അപ്പക്കഷണങ്ങളിൽ അഭിരമിക്കുകയാണ് ഇപ്പോഴും. കേരളത്തിൽ, ജിഷ്ണുവിന്റെ മാതാവ് നടത്തുന്ന സമരത്തെ സഹായിച്ചതിന്റെ പേരിൽ എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) ന്റെ സംഘാടകരെയും മറ്റൊരു പൊതുപ്രവർത്തകനെയും ഒരാഴ്ചയോളം തുറുങ്കിലടയ്ക്കുകയും കള്ളക്കേസ്സ് ചുമത്തുകയും ചെയ്തത് ഇതിന്റെ ഒടുവിലത്തെ തെളിവാണ്. ഇത്തരം നയ–നടപടികൾമൂലം, ബംഗാളിൽ അധികാരത്തിൽ നിന്ന് മാത്രമല്ല, ജനഹൃദയങ്ങളിൽ നിന്നും പാടെ തൂത്തെറിയപ്പെട്ട പാർട്ടിയായി മാറിയതിൽ നിന്നും ഇവർ പഠിക്കാൻ തയ്യാറാവുന്നില്ല– അദ്ദേഹം ഓർമ്മിപ്പിച്ചു.

ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അടിയുറച്ച തൊഴിലാളിവർഗ്ഗ ചിന്തയുടെ അടിത്തറയിൽ ബഹുജന പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന പാർട്ടിയായ എസ്.യു.സിഐ(കമ്മ്യൂണിസ്റ്റ്) നെ ശക്തിപ്പെടുത്തുവാൻ മുന്നോട്ട് വരണമെന്ന് തൊഴിലാളികളോടും കർഷകരോടും യുവാക്കളോടും അദ്ദേഹം അഭ്യർത്ഥിച്ചു.

ജിഷ്ണു പ്രണോയിയുടെ അമ്മ മഹിജയെ സഹായിച്ചുവെന്നതിന്റെ പേരിൽ ഏഴു ദിവസം ജയിലിലടയ്ക്കപ്പെടുകയും ഗൂഢാലോചന ഉൾപ്പെടുള്ള വകുപ്പുകൾ ചേർത്ത് കള്ളക്കേസ്സ് ചുമത്തപ്പെടുകയും ചെയ്ത എസ്.യു.സി.ഐ സംഘാടകരായ എം. ഷാജർഖാൻ,എസ്. മിനി എന്നിവരെ പാർട്ടിയുടെ വയനാട് ജില്ലാക്കമ്മിറ്റിയുടെയും കർഷക പ്രതിരോധ സമിതിയുടെയും പേരിൽ സഖാക്കൾ പി.കെ.ഭഗത്, ദേവസ്യപുറ്റനാൽ എന്നിവർ ഹാരമണിയിച്ച് സ്വീകരിച്ചു. സഖാവ് എം. ഷാജർഖാൻ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് പ്രസംഗിച്ചു.

വൈദ്യുതി മന്ത്രി എം.എം. മണി നടത്തിക്കൊണ്ടിരിക്കുന്ന സ്ത്രീവിരുദ്ധ പരാമർശങ്ങൾ സഭ്യതയുടെ സീമപോലും ലംഘിക്കുന്നതാകയാൽ അദ്ദേഹത്തെ മന്ത്രി സ്ഥാനത്തുനിന്നും ഉടൻ മാറ്റണമെന്ന പ്രമേയം എസ്.യു.സി.ഐ സംസ്ഥാന കമ്മിറ്റി അംഗവും എ.ഐ.എം.എസ്.എസ് സംസ്ഥാന സെക്രട്ടറിയുമായ സഖാവ് ഷൈല കെ. ജോൺ യോഗത്തിൽ അവതരിപ്പിച്ചു. പ്രമേയം യോഗം ഏകകണ്ഠമായി പാസ്സാക്കി.

ഇന്റർനാഷണൽ ഗാനാലാപനത്തോടെ സമ്മേളനം സമാപിച്ചു. ■



ഏപ്രിൽ 24ന് കൽക്കത്തയെലെ ശഹീദ് മിനാർ മൈതാനിയിൽ നടന്ന സ്ഥാപനദിനാചരണ റാലി.



**സ്ത്രീ**കൾക്കും കുട്ടികൾക്കും നേർക്കുണ്ടാകുന്ന അതിക്രമങ്ങൾക്കെതിരെ കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ സംഗമവും സംഘചിത്രരചനയും മാവേലിക്കര കെഎസ്ആർടിസി ജംഗ്ഷനിൽ നടന്നു. ജനകീയ പ്രതിരോധ സമിതി മാവേലിക്കര താലൂക്ക് സെക്രട്ടറി കെ.ആർ ഓമനക്കുട്ടൻ അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വ.മാത്യു വേളങ്ങാടൻ ഉദ്ഘാടനം ചെയ്യുന്നു. ■

## ആലപ്പുഴയിൽ പ്രീ പ്രൈമറി ടീച്ചേഴ്സിന്റെയും ഹെൽപേഴ്സിന്റെയും കളക്ട്രേറ്റ് മാർച്ച്

**പ്രീ** പ്രൈമറി ടീച്ചേഴ്സ് ആന്റ് ഹെൽപ്പേഴ്സ് ഓർഗനൈസേഷൻ(PPTHO) കളക്ട്രേറ്റ് മാർച്ചും സമ്മേളനവും നടത്തി.

എയ്ഡഡ്– ഗവണ്മെന്റ് സ്കൂളുകളുടെ ഭാഗമായി പ്രീപ്രൈമറിയെ അംഗീകരിക്കുക, ഓണറേറിയമല്ല സർക്കാർ നിരക്കിലുള്ള ശമ്പളം പ്രീ പ്രൈമറി ജീവനക്കാർക്കു നൽകുക, തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുക, പ്രീപ്രൈമറി മേഖലയെകുറിച്ച് പഠിക്കുവാൻ കമ്മീഷനെ വച്ചുകൊണ്ട് പ്രീപ്രൈമറി മേഖലയ്ക്കനുകൂലമായ നിയമനിർമ്മാണം നടത്തുവാനും നിയമസഭയിൽ പ്രീപ്രൈമറി മേഖലയിലെ പ്രശ്നങ്ങൾ അടിയന്തിരമായി ചർച്ച ചെയ്യുവാനുമാവശ്യപ്പെട്ടുകൊണ്ട് കളക്ടർക്ക് നിവേദനം സമർപ്പിച്ചു.

എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും ജനപ്രതിനിധികളെകണ്ട് നിവേദനം സമർപ്പിക്കുവാനും തീരുമാനിച്ചു. PPTHO ജില്ലാ പ്രസിഡന്റ് വി.ഉഷാകുമാരി, അദ്ധ്യക്ഷത വഹിച്ച സമ്മേളനം സംസ്ഥാന പ്രസിഡന്റ് പി.വനജ ടീച്ചർ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജോയിന്റ് സെക്രട്ടറി ശ്രീമതി കെ.പി സുബൈദ, സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ സെക്രട്ടറി ആർ.പാർത്ഥസാരഥി വർമ്മ, സ്ത്രീസുരക്ഷാ സമിതി ജില്ലാ സെക്രട്ടറി അഡ്വ.എം.എ ബിന്ദു, സി.വി പീതാംബരൻ, എസ് അനിൽ പ്രസാദ്, എം.സജീന, എസ്.സബിത, സുപ്രിയ, ബിന്ദുലേഖ, രശ്മി ജ.ആർ, പാർവതി, റീന. എസ് തുടങ്ങിയവർ പ്രസംഗിച്ചു.

ജില്ലാ സെക്രട്ടറി രശ്മി ജസ്വാഗതവും ട്രഷറർ സെലിൻ കെ. ബാബു കൃതജ്ഞതയും രേഖപ്പെടുത്തി. ■

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെയും എഐയുടിയുസിയുടെയും ആഭിമുഖ്യത്തിൽ

# മേയ്ദിനാചരണം

## തിരുവനന്തപുരം

എഐയുറ്റിയുസി തിരുവനന്തപുരത്ത് മെയ്ദിന റാലിയും യോഗവും സംഘടിപ്പിച്ചു. രാവിലെ 10 മണിക്ക് പാളയത്തുനിന്നും റാലി ആരംഭിച്ചു. സെക്രട്ടേറിയറ്റിനുമുന്നിൽ യോഗം നടത്തി. എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ യോഗം ഉദ്ഘാടനം ചെയ്തു.

130 വർഷങ്ങൾക്കുമുമ്പ് അമേരിക്കയിലെ തൊഴിലാളികൾ സ്വന്തം ജീവൻ നൽകി പൊരുതി നേടിയെടുത്ത അവകാശങ്ങൾ തിരിച്ചുപിടിക്കപ്പെടുന്ന ഘട്ടമാണിന്ന് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ജോലി സമയം 10 മുതൽ 16 മണിക്കൂർ വരെയായിരിക്കുന്നു. വിശേഷിച്ചും ഐടി മേഖലകളിൽ. തൊഴിൽ സ്ഥിരത കെട്ടുകഥയായിരിക്കുന്നു. എവിടെയും കരാർവത്ക്കരണം നടപ്പിലാക്കുന്നു. പെൻഷൻ ബഹുഭൂരിപക്ഷത്തിനും നിഷേധിക്കപ്പെടുന്നു.

ഇന്ത്യയിൽ മുൻകോൺഗ്രസ് സർക്കാരുകളെ അതിശയിപ്പിക്കുന്ന വേഗതയിലാണ് നരേന്ദ്രമോദി സർക്കാർ ഈ നയങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയങ്ങളും ഇതേ നയങ്ങളെ അരക്കിട്ടുറപ്പിക്കുന്നതാണ്. വീറുറ്റ സമരപാതയിലണിനിരക്കുക എന്നതാണ് തൊഴിലാളികളുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം. എസ് യുസിഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജി.എസ്.പത്മകുമാർ മുഖ്യപ്രസംഗം നടത്തി. വർഗ്ഗസമരത്തെ പ്രതിപാദിക്കാതെയും അതിനനുസൃതമായ സമരസംഘടന കെട്ടിപ്പടുക്കാതെയും തൊഴിലാളികൾ ഇന്നു നേരിടുന്ന ജീവിത ദുരിതങ്ങൾക്ക് അറുതി വരുത്താൻ കഴിയില്ല എന്ന് സഖാവ് ജിഎസ് പത്മകുമാർ അഭിപ്രായപ്പെട്ടു. മെയ്ദിനം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്ക് എന്നെന്നും ആവേശവും പ്രതീക്ഷയുമാണ്. മെയ്ദിനം നമ്മുടെ പോരാട്ടത്തിന്റെ പ്രതിജ്ഞ പുതുക്കേണ്ട ദിനമാണ്. എഐയുറ്റിയുസി ജില്ലാ സെക്രട്ടറി ഡി.ഹരികൃഷ്ണന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഖാക്കൾ ആർ.ബിജു, ഡി.സുന്ദരേശൻ, ജി.ആർ.സുഭാഷ് എന്നിവരും പ്രസംഗിച്ചു.




മെയ്ദിന സമ്മേളനം എഐയുടിയുസി സംസ്ഥാനസെക്രട്ടറി വി.കെ സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

## അമ്പലപ്പുഴ

സാർവ്വദേശീയ തൊഴിലാളിദിനമായ മെയ് 1 ന് എഐയുടിയുസിയുടെ ആഭിമുഖ്യത്തിൽ അമ്പലപ്പുഴയിൽ തൊഴിലാളി റാലിയും സമ്മേളനവും നടന്നു. വൈകിട്ട് 4 മണിക്ക് ആരംഭിച്ച റാലി അമ്പലപ്പുഴ ടൗൺഹാളിൽ സമാപിച്ചു. എഐയുടിയുസിയ്ക്കു കീഴിലുള്ള വിവിധ യൂണിയനുകളിലെ നൂറുകണക്കിന് തൊഴിലാളികൾ റാലിയിൽ പങ്കെടുത്തു. തുടർന്ന് നടന്ന സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ സദാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എസ്.സീതിലാലിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി സ.വി.വേണുഗോപാൽ, കേരള മത്സ്യ സംസ്കരണ തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡന്റ് ശ്രീമതി രേവമ്മ ചന്ദ്രൻ, കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി ആർ. വേണുഗോപാൽ, ആർ. അർജ്ജുനൻ, കെ. ശിവൻകുട്ടി, കെ. ആർ. ഓമനക്കുട്ടൻ, കെ.പി. മനോഹരൻ, വി.ആർ അനിൽ, ടി.കെ. ഗോപിനാഥൻ, എഐയുടിയുസി ജില്ലാ സെക്രട്ടറി പി.ആർ. സതീശൻ ജില്ലാകമ്മിറ്റിയംഗം പി.കെ. ശശി എന്നിവർ പ്രസംഗിച്ചു.




മെയ്ദിനത്തോടനുബന്ധിച്ച് അമ്പലപ്പുഴയിൽ നടന്ന മെയ്ദിനറാലി

## കൊല്ലം

കൊല്ലം ടൗണിൽ ഇടതുപക്ഷ ട്രേഡ് യൂണിയൻ സംഘടനകൾ സംയുക്തമായി മെയ്ദിന റാലിയും സമ്മേളനവും സംഘടിപ്പിച്ചു. സി.ഐ.റ്റി.യു നേതാവും തൊഴിൽവകുപ്പ് മന്ത്രിയുമായ സഖാവ് ജെ.മേഴ്സിക്കുട്ടിയമ്മ പൊതുയോഗം ഉദ്ഘാടനം ചെയ്തു.

ജില്ലാപ്രസിഡന്റ് എസ്. രാധാകൃഷ്ണൻ എഐയുറ്റിയുസിയെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു.

ആയിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത മേയ്ദിനറാലിയ്ക്കും സമ്മേളനത്തിനും എ.ഐ.യു.റ്റി.യുസി നേതാക്കളായ ബി.വിനോദ്, പി.പി.പ്രശാന്ത് കുമാർ, ബി.രാമചന്ദ്രൻ, സദാനന്ദൻപിള്ള , കുഞ്ഞുമോൻ തുടങ്ങിയവർ നേതൃത്വം നൽകി.

അഞ്ചൽ ടൗണിൽ നടന്ന സംയുക്ത മേയ്ദിന പ്രക ട നത്തിൽ മറ്റ് സംഘടനാനേതാക്കളോടൊപ്പം എസ്.യു.സി.ഐ (സി) ലോക്കൽ കമ്മിറ്റി സെക്രട്ടറി കെ.ശശാങ്കൻ പ്രസംഗിച്ചു. സി.മുരളി, സതീശൻ, കെ.മഹേഷ് , രാജു തുടങ്ങിയവർ പങ്കെടുത്തു.




തൊടുപുഴയിൽ നടന്ന മെയ്ദിനറാലിയിൽ സഖാവ് എം.എൻ.അനിൽ പ്രസംഗിക്കുന്നു.

## പാലക്കാട്

മെയ് ദിനാചരണത്തിന്റെ ഭാഗമായി പാലക്കാട് ടൗണിൽ എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റും എ.ഐ.യു.റ്റി.യു.സിയും സംയുക്തമായി പ്രകടനം നടത്തി. പാലക്കാട് മുനിസിപ്പൽ ബസ് സ്റ്റാന്റ് പരിസരത്തുനിന്ന് ആരംഭിച്ച പ്രകടനം സ്റ്റേഡിയം സ്റ്റാന്റിൽ സമാപിച്ചു. തുടർന്ന് നടന്ന യോഗത്തിൽ എ.ഐ.യു.റ്റി.യു.സി ജില്ലാ വൈസ് പ്രസിഡന്റ് സ. കെ.രാമനാഥൻ അദ്ധ്യക്ഷനായി. ജില്ലാ പ്രസിഡന്റ് കെ.അബ്ദുൾ അസീസ് മെയ്ദിന സന്ദേശം നൽകി. എസ്.യു.സി.ഐ(സി) ജില്ലാകമ്മിറ്റിയംഗം കെ.എം.ബീവി, എ.ഐ.യു.റ്റി.യു.സി ജില്ലാസെക്രട്ടറി കെ.പ്രദീപ്, ജില്ലാകമ്മിറ്റിയംഗം കെ.പ്രസാദ് എന്നിവർ പ്രസംഗിച്ചു . പ്രകടനത്തിന് മുന്നോടിയായി ടൗണിൽ തൊഴിലാളികൾക്ക് മെയ്ദിന ബാഡ്ജ് വിതരണം നടത്തി.




പാലക്കാട് നടന്ന മെയ്ദിനറാലി

## കോട്ടയം

എഐയുറ്റിയുസിയുടെ നേതൃത്വത്തിൽനടന്ന മെയ്ദിനറാലിയും പൊതുയോഗവും ജില്ലാ പ്രസിഡന്റ് കെ.പി.വിജയൻ ഉദ്ഘാടനം ചെയ്തു.

എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.കെ.ബിജു മുഖ്യപ്രസംഗം നടത്തി. കെഎസ്ഇബി പിസിസി ലൈൻവർക്കേഴ്സ് യൂണിയൻ ജില്ലാ സെക്രട്ടറി മാത്തുക്കുട്ടി, ജില്ലാ പ്രസിഡന്റ് പി.കെ.സജിമോൻ, കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷൻ ജില്ലാ സെക്രട്ടറി കെ.സുരേഷ്കുമാർ, എച്ച്എൻഎൽ സിആന്റ് സി വർക്കേഴ്സ് സെന്റർ ട്രഷറർ ടി.എൻ.ബോസ്, എഐയുറ്റിയുസി സംസ്ഥാന കമ്മിറ്റിയംഗം എ.ജി.അജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

എഐയുറ്റിയുസി ജില്ലാ സെക്രട്ടറി വി.പി.കൊച്ചുമോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് സെന്റർ ജില്ലാ സെക്രട്ടറി കെ.എൻ.രാജൻ സ്വാഗതവും കെഎസ്ഇബി പിസിസി ലൈൻ വർക്കേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റിയംഗം രാധാകൃഷ്ണൻ കൃതജ്ഞതയും പറഞ്ഞു.

സഖാക്കൾ എം.കെ.കണ്ണൻ, കെ.എസ്.ചെല്ലമ്മ, സുനിൽ പീറ്റർ, ബന്നി ദേവസ്യ, പി.സി.മധു എന്നിവർ പ്രകടനത്തന് നേതൃത്വം നൽകി.

എച്ച് എൻഎൽ സിആന്റ് സി വർക്കേഴ്സ് സെന്ററിന്റെ നേതൃത്വത്തിൽ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി കവാടത്തിൽ പൊതുയോഗം നടന്നു. എഐററിയുസി സംസ്ഥാന കമ്മിറ്റിയംഗം എം.കെ.കണ്ണൻ പതാക ഉയർത്തി. സഖാക്കൾ എം.കെ.കണ്ണൻ, ടി.എൻ.ബോസ് തുടങ്ങിയവർ പ്രസംഗിച്ചു.

തെങ്ങണായിൽ നടന്ന മെയ്ദിന റാലിയും പൊതുയോഗവും എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. എഐയുറ്റിയുസി ജില്ലാ ജോയിന്റ് സെക്രട്ടറി കെ.എൻ.രാജൻ അദ്ധ്യക്ഷത വഹിച്ചു. വി.പി.കൊച്ചുമോൻ, എസ്.യു.സി.ഐ കമ്മ്യൂണിസ്റ്റ് ജില്ലാ കമ്മിറ്റിയംഗം കെ.സദാനന്ദൻ, പി.സി.മധു, കെ.ആർ.രാമചന്ദ്രൻ തുടങ്ങിവയർ പ്രസംഗിച്ചു.




കോട്ടയത്ത് നടന്ന മെയ്ദിന റാലി സഖാവ് കെ.പി.വിജയൻ ഉദ്ഘാടനം ചെയ്യുന്നു

## എറണാകുളം

ജില്ലയിൽ മെയ്ദിനാചരണ സമ്മേളനം പിറവത്ത് എഐയുറ്റിയുസി ജില്ലാ പ്രസിഡന്റ് സഖാവ് പി.എം.ദിനേശൻ ഉദ്ഘാടനം ചെയ്തു. ■

# നവംബർ വിപ്ലവശതാബ്ദി ആചരണവും മാനവശക്തി ചരിത്രപ്രദർശനവും വയനാട്ടിൽ

മഹത്തായ നവംബർ വിപ്ലവത്തിന്റെ ശതാബ്ദി ആചരണം എസ്.യു.സി.ഐ (കമ്മ്യൂണിസ്റ്റ്) വയനാട് ജില്ലാ സംഘാടക കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരിയിൽ വിവിധ പരിപാടികളോടെ ഏപ്രിൽ 24,25,26 തിയ്യതികളിലായി നടന്നു. എസ്.യു.സി.ഐ സ്ഥാപന ദിനമായ ഏപ്രിൽ 24ന് സുൽത്താൻ ബത്തേരിയിൽ നടന്ന സ്ഥാപന ദിനാചരണ സമ്മേളനത്തോടൊപ്പം, നവംബർ വിപ്ലവ ശതാബ്ദി ആചരണ പരിപാടിയുടെ ഉദ്ഘാടനവും നടക്കുകയുണ്ടായി. പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം നിർവ്വഹിച്ചു.

സുൽത്താൻ ബത്തേരി സ്വതന്ത്ര മൈതാനിയിൽ ഒരുക്കിയ മാനവശക്തി നവംബർ വിപ്ലവ ചരിത്ര പ്രദർശനം എസ്.യു.സി.ഐ സംസ്ഥാന കമ്മിറ്റി അംഗം സ. എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു. മനുഷ്യചരിത്രത്തിലെ യുഗനിർണ്ണായകമായ നവംബർ വിപ്ലവത്തിന്റെ ശിൽപി മഹാനായ ലെനിനെക്കുറിച്ചും, സോഷ്യലിസ്റ്റ് വ്യവസ്ഥ വിജയകരമായി സംസ്ഥാപിച്ച മഹാനായ സ്റ്റാലിനെക്കുറിച്ചും ഏറ്റവും ശരിയായ ധാരണ പ്രദാനം ചെയ്യുന്നതാണ് മാനവശക്തി പ്രദർശനമെന്ന് അദ്ദേഹം പറഞ്ഞു. ലോകമെങ്ങുമുള്ള മാനവവാദികളായ എത്രയോ സമുന്നത വ്യക്തിത്വങ്ങൾ റഷ്യയിലെ സോഷ്യലിസത്തെക്കുറിച്ചും അതിന്റെ ശില്പികളെക്കുറിച്ചും അന്ന് പറഞ്ഞ കാര്യങ്ങൾ ഓർമ്മിക്കേണ്ടത് ഈ കാലത്തിന്റെ ആവശ്യകതയാണെന്നും അദ്ദേഹം പറഞ്ഞു.

ഏപ്രിൽ 25ന് വൈകുന്നേരം കാർഷിക പ്രതിസന്ധിയും നവംബർ വിപ്ലവത്തിന്റെ പാഠങ്ങളും എന്ന സെമിനാർ നടന്നു. ജനകീയ പ്രതിരോധ സമിതി ജില്ല വൈസ് പ്രസിഡണ്ട് അഡ്വ. കെ.അബ്ദുറഹ്മാൻ അദ്ധ്യക്ഷത വഹിച്ചു. സി.പി.ഐ സുൽത്താൻ ബത്തേരി ലോക്കൽ കമ്മിറ്റി സെക്രട്ടറി സ. എ.ഭാസ്ക്കരൻ ഉദ്ഘാടനം ചെയ്തു. എസ് യു.സി.ഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ. ജയ്സൺ ജോസഫ് വിഷയാവതരണം നടത്തി. കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ മാത്രമേ സാദ്ധ്യമാകൂ എന്നദ്ദേഹം നവംബർ വിപ്ലവാനുഭവം ചൂണ്ടിക്കാട്ടി വിശദീകരിച്ചു. മുതലാളിത്തത്തിന്റെ സവിശേഷതയായ ഉല്പാദനോപാധികളുടെ മേലുള്ള സ്വകാര്യ ഉടമസ്ഥതയും പരമാവധി ലാഭമെന്ന ഉല്പാദനലക്ഷ്യവും നിലനില്ക്കുവോളം കാർഷിക പ്രശ്നത്തിന് പരിഹാരമുണ്ടാകുകയില്ല. വളരെ പിന്നണിയിൽ കിടന്ന റഷ്യ സോഷ്യലിസത്തിന്റെ ഏതാനും ദശകങ്ങൾ കൊണ്ട്തന്നെ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ മാത്രമല്ല, അനേകം രാജ്യങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ നൽകി സഹായിക്കുകയും ചെയ്തുവെന്നും പറഞ്ഞു.

ഡോ. വി.സത്യാനന്ദൻ നായർ (കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡണ്ട്), എം.സുരേന്ദ്രൻ (ഹരിതസേന ജില്ല പ്രസിഡണ്ട്), എ.എൻ.മുകുന്ദൻ (എഫ്.ആർ.എഫ് ജില്ല കൺവീനർ), ടോമി വടക്കുംചേരി (കർഷക പ്രതിരോധ സമിതി വൈസ് പ്രസിഡണ്ട്), എസ്.രാജീവൻ (എസ്.യു.സി.ഐ സംസ്ഥാന കമ്മിറ്റി അംഗം) എന്നിവർ ചർച്ചയിൽ പങ്കെടുത്ത് പ്രസംഗിച്ചു. ദേവസ്യ പുറ്റനാൽ സ്വാഗതവും കെ. മധുസൂദനൻ നന്ദിയും പറഞ്ഞു.

26ന് വൈകുന്നേരം മലയാള സാഹിത്യ-ദൃശ്യ കലകളിൽ നവംബർ വിപ്ലവസ്വാധീനം എന്ന സെമിനാർ ചിത്രകാരനും എസ്.യു.സി.ഐ ആലപ്പുഴ ജില്ല സെക്രട്ടേറിയറ്റ് അംഗവുമായ സ. ആർ.പാർത്ഥസാരഥി വർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്നു. എ.ഐ.ഡി.വൈ.ഒ സംസ്ഥാന സെക്രട്ടറി സ. ഇ.വി. പ്രകാശ് വിഷയാവതരണം നടത്തി. എഴുത്തുകാരും ആക്ടിവിസ്റ്റുകളുമായ സി. കസ്തൂരിഭായ്, വി.കെ. ഷാജി എന്നിവർ പ്രസംഗിച്ചു. സി. എൻ.മുകുന്ദൻ സ്വാഗതം പറഞ്ഞു.



സെമിനാറിൽ അഡ്വ. കെ. അബ്ദുറഹ്മാൻ പ്രസംഗിക്കുന്നു

വൈകുന്നേരം 5 മണിക്ക് നടന്ന സോഷ്യലിസവും ലോകസമാധാനവും എന്ന സെമിനാറിൽ എസ്.യു.സി.ഐ (സി) ജില്ലാ സെക്രട്ടറി സ. വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു.

എസ്.യു.സി.ഐ (സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ. ജി.എസ്.പത്മകുമാർ വിഷയാവതരണം നടത്തി.ആധുനിക യുദ്ധങ്ങൾ ഉണ്ടാകുന്നത് കമ്പോളങ്ങൾ വെട്ടിപ്പിടിക്കാനുള്ള മുതലാളിത്തത്തിന്റെ ആവശ്യകതയിൽനിന്നാണെന്ന് അദ്ദേഹം പറഞ്ഞു. സോഷ്യലിസ്റ്റ് ക്യാമ്പിന്റെ തകർച്ചയെതുടർന്ന്, ഇനി യുദ്ധമുണ്ടാകുകയില്ലെന്നും ലോക സമാധാനത്തിന്റെ നാളുകൾ വന്നെത്തിയെന്നുമുള്ള മുതലാളിത്ത ലോകത്തിന്റെ അവകാശവാദം വെറും പൊള്ളയാണെന്ന് തെളിയിക്കുന്നതാണ് സമീപകാല ലോകസാഹചര്യമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

സി.പി.ഐ ജില്ലാ കമ്മിറ്റിയംഗം സ. പി.എസ്.വിശ്വംഭരൻ, സി.പി.ഐ(എം) ജില്ലാ കമ്മിറ്റിയംഗം സ. സുരേഷ് താളൂർ, ആർ.എം.പി.ഐ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ. കെ.പി.പ്രകാശൻ, എസ്.യു.സി.ഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം സ. ജ്യോതികൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. എസ്.യു.സി.ഐ ജില്ലാ കമ്മിറ്റിയംഗം പി. കെ.ഭഗത് സ്വാഗതം പറഞ്ഞു.

റഷ്യൻ വിശ്രുത ചലചിത്രങ്ങളായ 'ബാലഡ് ഓഫ് എ സോൾജർ', 'ബാറ്റിൽഷിപ്പ് പൊടെംകിൻ' എന്നിവ രണ്ട് ദിവസങ്ങളിലായി പ്രദർശിപ്പിച്ചു.

നവംബർ വിപ്ലവശതാബ്ദി ആചരണത്തിന്റെ ഭാഗമായി നടന്ന മാനവശക്തി പ്രദർശനം സന്ദർശിക്കുവാനും സെമിനാറുകൾ ശ്രവിക്കുവാനും നൂറുക്കണക്കിനാളുകൾ സ്വതന്ത്ര മൈതാനിയിൽ എത്തുകയുണ്ടായി.പരിപാടി ജില്ലയിലെ കർഷകരിലും തൊഴിലാളികളിലും യുവാക്കളിലും പ്രത്യേകിച്ച്, ഇടതുപക്ഷ വിശ്വാസികളിൽ, ആത്മവിശ്വാസവും കരുത്തും ജ്വലിപ്പിച്ചു. ■



സാഹിത്യ സമ്മേളനത്തിൽ സി. കസ്തൂരിഭായ് പ്രസംഗിക്കുന്നു



സെമിനാറിൽ ജി.എസ്. പത്മകുമാർ വിഷയാവതരണം നടത്തുന്നു

# നവംബർ വിപ്ലവ ശതാബ്ദി ആചരണം അമ്പലപ്പുഴയിൽ

മഹത്തായ നവംബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ശതാബ്ദി ആചരണത്തിന്റെ ഭാഗമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)യും എഐയുടിയുസിയും ചേർന്ന് മെയ്1,2 തീയതികളിൽ അമ്പലപ്പുഴ ടൗൺഹാളിൽ മാനവശക്തി ചരിത്രപ്രദർശനവും സെമിനാറുകളും സംഘടിപ്പിച്ചു.

മെയ് 1 രാവിലെ 10 മണിക്ക് പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ ഡോ.വി വേണുഗോപാൽ മാനവശക്തി പ്രദർശനം ഉദ്ഘാടനം ചെയ്തു. എഐയുടിയുസി ജില്ലാ പ്രസിഡന്റ് എസ്.സീതിലാൽ മെയ്ദിന പതാക ഉയർത്തി. വൈകിട്ട് നടന്ന മെയ്ദിന സമ്മേളനം എഐയുടിയുസി സംസ്ഥാന സെക്രട്ടറി സ. വി.കെ സദാനന്ദൻ ഉദ്ഘാടനം ചെയ്തു. 8മണിക്ക് ഹോട്ട് സ്നോ എന്ന റഷ്യൻ ചലചിത്രം പ്രദർശിപ്പിച്ചു. മെയ് 2ന് രാവിലെ 10 മണിക്ക് നടന്ന സാംസ്കാരിക സംഗമം കവി ശ്രീ. കാവാലം ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബാനർ സാംസ്കാരിക സമിതി ജില്ലാ സെക്രട്ടറി ടി.വിശ്വകുമാറിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ആർ. പാർത്ഥസാരഥി വർമ, തോട്ടപ്പള്ളി രവീന്ദ്രനാഥ്, അഡ്വ. ബി.സുരേഷ്, കെ.സുരേഷ് കുമാർ, എ.ബി.ഉണ്ണി, ജയചന്ദ്രൻ തകഴിക്കാരൻ, ജോബ് മാത്തിൽ, എസ്.പി സന്തോഷ്, സി. ഹണി എന്നിവർ പങ്കെടുത്തു. വി. ഉഷാകുമാരി സ്വാഗതവും ആർ.അപർണ കൃതജ്ഞതയും പറഞ്ഞു. ഉച്ചകഴിഞ്ഞ് നടന്ന സ്ത്രീകളും കുട്ടികളും സോഷ്യലിസത്തിൽ എന്ന വിഷയത്തിലുള്ള സെമിനാർ അഡ്വ. ബി.കെ രാജഗോപാൽ ഉദ്ഘാടനം ചെയ്തു. അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ജില്ലാ പ്രസിഡന്റ് ശ്രീമതി.സൗഭാഗ്യലക്ഷ്മി വിഷയാവതരണം നടത്തി. സ.കെ.പി സുബൈദയുടെ അദ്ധ്യക്ഷതയിൽ നടന്ന സെമിനാറിൽ



സമ്മേളനത്തിൽ കെഎംഎസ്ടിയു വൈസ് പ്രസിഡന്റ് രേവമ്മ ചന്ദ്രൻ പ്രസംഗിക്കുന്നു

കെ.ജെ ഷീല, ടി.ആർ രാജിമോൾ, കെ.സരസ്വതി, എസ്. അനിൽപ്രസാദ് എന്നിവർ പങ്കെടുത്തു. വൈകിട്ട് 5 മണിക്ക് ലോകസമാധാനവും സോഷ്യലിസവും എന്ന വിഷയത്തിലുള്ള സെമിനാറിൽ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സ.ജി.എസ് പത്മകുമാർ വിഷയമവതരിപ്പിച്ചു. എഐയുടിയുസി ജില്ലാവൈസ് പ്രസിഡന്റ് കെ.ആർ ശശി അദ്ധ്യക്ഷത വഹിച്ചു. സിപിഐ(എം) ഏരിയാ സെക്രട്ടറി എ.ഓമനക്കുട്ടൻ, സിപിഐ അമ്പലപ്പുഴ മണ്ഡലം പ്രസിഡന്റ് വി.സി മധു, എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗം സ.വർഗ്ഗീസ് എം ജേക്കബ്, സ. ടി.മുരളി, സ. സി.വി.പീതാംബരൻ എന്നിവർ പ്രസംഗിച്ചു. അഡ്വ. എം.എ ബിന്ദു സ്വാഗതവും സ.എ മുഹമ്മദ് കൃതജ്ഞതയും പറഞ്ഞു. തുടർന്ന് മീത മുരളി ആന്റ് പാർട്ടിയുടെ വയലിൻ ഫ്യൂഷൻ അവതരണവും ഉണ്ടായിരുന്നു. ■

# ജിഷ്ണു കേസ്: സർക്കാരും സിപിഐ(എം)ഉം നിരത്തുന്ന അവകാശവാദങ്ങളും യാഥാർത്ഥ്യവും

**അവകാശവാദം: ജിഷ്ണുകേസിൽ ചെയ്യാവുന്നതെല്ലാം സർക്കാർ ചെയ്തു.**

വാസ്തവത്തിൽ എടുത്താൽ സർക്കാർ പറയുന്ന ഈ അവകാശവാദം സത്യമാണ്. ജിഷ്ണുകേസ്സിൽ കൊലയാളികളായ കോളേജ് മാനേജുമെന്റിനുവേണ്ടി ചെയ്യാവുന്നതെല്ലാം സർക്കാർ ചെയ്തിട്ടുണ്ട്. എന്നാൽ മകനെ നഷ്ടപ്പെട്ട ഒരു കുടുംബത്തിന്റെ വേദന മനസ്സിലാക്കുന്നതിലും പരിഹരിക്കുന്നതിലും നീതി ഉറപ്പാക്കുന്നതിലും അതുവഴി സ്വാശ്രയ വിദ്യാഭ്യാസക്കച്ചവടക്കാരെ നിലക്കുനിർത്തുന്നതിലും ഗുരുതരമായ വീഴ്ചയാണ് സർക്കാർ വരുത്തിയിട്ടുള്ളതെന്നതാണ് യാഥാർത്ഥ്യം.

**എന്താണ് യഥാർത്ഥത്തിൽ ഈ കേസിൽ സംഭവിച്ചിട്ടുള്ള കാര്യങ്ങൾ?**

കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങളിലെ മനുഷ്യാവകാശ ലംഘനങ്ങളെ സംബന്ധിച്ച് നിരവധിയായ പരാതികൾ സർക്കാരിനും ബന്ധപ്പെട്ട ഏജൻസികൾക്കും പ്രവഹിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരമൊരു കേസ്, അത്തരം പരാതികൾ എന്നന്നേക്കുമായി അവസാനിപ്പിക്കാൻ ലഭിച്ച ഒരു സാധ്യതയായി കണ്ടുകൊണ്ട് സർക്കാർ ഉത്തരവാദിത്തബോധത്തോടെ പ്രവർത്തിക്കേണ്ടിയിരുന്നു. ജിഷ്ണുവിന്റെ മരണം വാദത്തിനുവേണ്ടി ആത്മഹത്യയാണെന്നു സമ്മതിച്ചാൽത്തന്നെ, ഒരു സ്വാശ്രയസ്ഥാപനത്തിൽ നിന്നും ഇത്തരമൊരു ദുരന്തവാർത്ത വരുമ്പോൾ ഒരു ജനാധിപത്യസർക്കാർ കാട്ടേണ്ടുന്ന ജാഗ്രതയും അവധാനതയും ഈ കേസിൽ തുടക്കം മുതലേ ഉണ്ടായില്ല എന്നത് ആർക്കും നിഷേധിക്കാനാവില്ല. നെഹ്രു കോളേജ് മാനേജുമെന്റിനു മാത്രമല്ല, മുഴുവൻ സ്വാശ്രയമാനേജുമെന്റുകൾക്കും ഒരു താക്കീതായി മാറത്തക്കവിധം ഈ സാഹചര്യത്തെ വിനിയോഗിക്കാൻ കഴിയുമായിരുന്നു. ഒരു ജിഷ്ണു ഇനി കേരളത്തിൽ ആവർത്തിക്കപ്പെടാതിരിക്കാൻ സ്വാശ്രയകോളേജുകളിൽ ശക്തമായ നിയമവാഴ്ച ഉറപ്പാക്കാൻ ഇത് വഴി തുറക്കുമായിരുന്നു. അപ്രകാരമുള്ള ഗൗരവവും ഉത്തരവാദിത്തബോധവുമുള്ള ഒരു സമീപനം പിണറായി സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായതേയില്ല. നേരേമറിച്ച് നെഹ്രു കോളേജ് മാനേജുമെന്റിനെ സംരക്ഷിക്കുന്ന ഒരു നിലപാടാണ് ആദ്യം മുതലേ സർക്കാരിൽ നിന്നുണ്ടായത്. പ്രാഥമിക അന്വേഷണം മുതൽ കോടതിനടപടികളിൽവരെ ഒന്നിനു പിന്നാലെ മറ്റൊന്ന് എന്ന നിലയിൽ പ്രകടമായ ആസൂത്രിത ക്രമക്കേടുകളും വീഴ്ചകളും ഗുരുതരമായ അലംഭാവവും സംശയരഹിതമായി സ്ഥാപിക്കുന്നത് അതാണ്.

ആദ്യം അന്വേഷണം നടത്തിയ പഴയന്നൂർ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ചകൾ ഉണ്ടായി എന്ന് കണ്ടെത്തിയതുകൊണ്ടാണല്ലോ പുതിയ അന്വേഷണ സംഘത്തെ നിയോഗിച്ചത്. ആദ്യ അന്വേഷണം നടത്തുന്ന സംഘം വീഴ്ചകൾ വരുത്തി എന്ന് കണ്ടെത്തുകയും പുതിയ സംഘത്തെ നിയോഗിക്കുകയും ചെയ്തു എന്ന് സർക്കാർ വീമ്പിളക്കുമ്പോൾ യഥാർത്ഥത്തിൽ പ്രതികളെ രക്ഷിക്കാനുള്ള നടപടി പൂർത്തിയായി എന്നേ അർത്ഥമുള്ളൂ. കൃത്യം നടന്നതിനുശേഷമുള്ള ആദ്യത്തെ നിർണ്ണായകമായ ദിവസങ്ങളിൽ തെളിവുകൾ വീണ്ടെടുക്കാനാവാത്തവിധം നശിപ്പിക്കപ്പെടുകയും സുപ്രധാനമായ തെളിവുകളും സൂചനകളും അവഗണിക്കപ്പെടുകയും അവയെ ആധാരമാക്കിയുള്ള അന്വേഷണം അവസാനിപ്പിക്കുകയും ചെയ്യുന്നതോടെ പ്രതികൾ രക്ഷപ്പെടുമെന്ന് ഉറപ്പായിക്കഴിഞ്ഞു. ഇത് ഉറപ്പാക്കിയതിനുശേഷം മറ്റെന്ത് ചെയ്താലും അത് ഒരു നാടകം മാത്രമാണ്. നമ്മുടെ സംസ്ഥാനത്ത് നിരവധി കേസുകളിൽ ഈ സമ്പ്രദായം പരീക്ഷിക്കുകയും വിജയിക്കുകയും ചെയ്തിട്ടുണ്ട്.

ആദ്യ അന്വേഷണത്തിൽ വീഴ്ചകളെന്ന പേരിൽ സംഭവിച്ച കാര്യങ്ങൾ യഥാർത്ഥത്തിൽ യാദൃശ്ചികമായി ഉണ്ടായ വീഴ്ചകളല്ല. മറിച്ച് ആസൂത്രിതമായി പ്രതികളെ രക്ഷിക്കുന്നതിനുവേണ്ടി കൈക്കൊണ്ട നടപടികളാണ്. സങ്കീർണ്ണമായ കാര്യങ്ങളിലല്ല ഇവിടെ വീഴ്ച ഉണ്ടായിരിക്കുന്നത്. ഒരു കുറ്റകൃത്യം നടന്നുകഴിഞ്ഞാൽ വളരെ സ്വാഭാവികമായി പോലീസ് കൈക്കൊള്ളുന്ന നടപടിക്രമങ്ങൾ പലതും ഇവിടെ ഉണ്ടായില്ല. കുറ്റാന്വേഷണവുമായി ബന്ധപ്പെട്ട പോലീസ് ചട്ടങ്ങളെ സംബന്ധിച്ച് മിനിമം ധാരണയുള്ള ഒരു പോലീസ് ഉദ്യോഗസ്ഥനുപോലും ഉണ്ടാകാൻ പാടില്ലാത്ത കാര്യങ്ങൾ ഇവിടെ സംഭവിച്ചു. കൃത്യം നടന്നതെന്ന് ആരോപിക്കപ്പെടുന്ന കോളേജിന്റെ ബോർഡ് റൂം തുറന്നു പരിശോധിക്കാൻ പോലീസ് തയ്യാറായില്ല. മൃതദേഹം തൂങ്ങിനിന്നതായി കാണപ്പെട്ട ഹോസ്റ്റൽ റൂം പോലീസ് കസ്റ്റഡിയിൽ തികഞ്ഞ ബന്തവസ്സിൽ ആക്കുക എന്നത് ഏറ്റവും പ്രാഥമികമായ നടപടിയാണ്. അതുണ്ടായില്ല എന്നു മാത്രമല്ല, മാനേജുമെന്റ് നൽകിയ താഴിട്ട് പൂട്ടുകയും ശേഷം താക്കോൽ അവർക്കുതന്നെ തിരികെ നൽകുകയും ചെയ്തു! തെളിവുകൾ നശിപ്പിക്കാൻ പോലീസ് നേരിട്ട് പ്രതികൾക്ക് സഹായം നൽകി എന്നു സാരം. നെഹ്രു കോളേജിലെ മുഴുവൻ സി.സി.റ്റി.വി. ക്യാമറകളും നശിപ്പിക്കുകയും അതിൽ റെക്കോഡ് ചെയ്തിരുന്ന ദൃശ്യങ്ങൾ ഇല്ലാതാക്കുകയും ചെയ്ത മാനേജുമെന്റ് അത്തരം ഒരു നടപടിക്ക് മുതിർന്നതിൽ നിന്നും അവർ ഗുരുതരമായ എന്തോ കാര്യങ്ങൾ മറച്ചുവയ്ക്കാൻ ശ്രമിക്കുകയാണ് എന്ന് വ്യക്തമാണ്. എന്നാൽ അതിന്റെയും കൃത്യമായി അന്വേഷണം നടന്നില്ല. ജിഷ്ണുവിന്റെ ഉത്തരപേപ്പറിൽ നെടുകെ കുത്തിവരച്ചതും അതിൽ ജിഷ്ണുവിന്റേതെന്ന പേരിൽ ഒപ്പിട്ടതും പ്രവീൺ എന്ന ഇന്റേണൽ ഇൻവിജിലേറ്റർ ആണ്. ജിഷ്ണു കോപ്പിയടിച്ചുവെന്ന് വ്യാജമായി സ്ഥാപിക്കാൻ മാനേജുമെന്റ് കാട്ടിയ നടപടികളെ സംബന്ധിച്ച് ഗൗരവപൂർവ്വമായി അന്വേഷിച്ചിരുന്നെങ്കിൽ കൃഷ്ണദാസും സംഘവും ജനുവരി രണ്ടാം ആഴ്ചയിൽത്തന്നെ തുറുങ്കിലടയ്ക്കപ്പെടുമായിരുന്നു. അതും നടന്നില്ല. മൃതദേഹപരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ നടന്നതായി കുടുംബാംഗങ്ങൾ ശക്തമായി ആരോപിക്കുന്നു. ജിഷ്ണുവിന്റെ ശരീരത്തിലുണ്ടായിരുന്ന മുറിവുകളെ സംബന്ധിച്ച ഒരു പരാമർശവും എഫ്ഐആറിലോ ഇൻക്വസ്റ്റിലോ രേഖപ്പെടുത്തിയിട്ടില്ല. ഇത്രയും ഗൗരവപ്പെട്ട ഒരു കേസിൽ പോസ്റ്റ്മോർട്ടം നടത്തിയത് ഒരു മുതിർന്ന ഫോറൻസിക് സർജനല്ല. അതിനെ സംബന്ധിച്ച് നൽകിയ പരാതിയെത്തുടർന്ന് സർക്കാർ ഡോ. ശ്രീകുമാരിയെ പോസ്റ്റ്മോർട്ടത്തിലും പരിശോധനകളിലും പിഴവുകൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ ചുമലപ്പെടുത്തി. ഇപ്പോൾവരെയും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് വന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല.

മൃതദേഹം തൂങ്ങിക്കിടന്ന തോർത്ത് മുണ്ട് ഫോറൻസിക് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. പ്രസ്തുത തോർത്ത് എവിടെയാണെന്നു പോലും അറിയില്ല. മുകളിൽ സൂചിപ്പിച്ചവയെല്ലാം ജിഷ്ണുക്കേസിന്റെ അന്വേഷണത്തിൽ സംഭവിച്ച ഗുരുതരമായ ക്രമക്കേടുകളാണ്. തുടർന്നുവന്ന അന്വേഷണ സംഘത്തിന്റെ നിഗമനങ്ങൾ അതാണ് വ്യക്തമാക്കുന്നത്. കോളേജ് മാനേജുമെന്റ് തയ്യാറാക്കിയ ഒരു തിരക്കഥ മാത്രമാണ് കോപ്പിയടി സംഭവമെന്ന് രണ്ടാം അന്വേഷണസംഘം കണ്ടെത്തി. ജിഷ്ണുവിന്റേതെന്ന് പോലീസ് ആദ്യഘട്ടത്തിൽ ആണയിട്ടിരുന്ന കത്ത് വ്യാജമാണെന്നും പുതിയ അന്വേഷണ സംഘം കണ്ടെത്തി. അങ്ങിനെയെങ്കിൽ വ്യക്തമാകുന്നത് രണ്ട് സാധ്യതകളാണ്. ജിഷ്ണുവിനെ ഇല്ലാതാക്കാൻ തീരുമാനിക്കുകയും അതിനായി കോപ്പിയടിയുടെ ഒരു കഥ ചമയ്ക്കുകയും ചെയ്തു. അല്ലെങ്കിൽ വളരെ ഉയർന്ന മാനസിക നിലയും തന്റേടവുമുള്ള ഒരു വ്യക്തിയെ ആത്മഹത്യയിലേക്ക് തള്ളിവിടത്തക്കവിധം അപമാനിക്കുകയും തകർക്കുകയും ചെയ്തു. ഈ രണ്ട് സാധ്യതകളിലും നെഹ്രുകോളേജ് മാനേജുമെന്റ് ചെയ്തിട്ടുള്ളത് മന:സാക്ഷിയെ ഞെട്ടിപ്പിക്കുന്ന കഠിനമായ കുറ്റമാണ്. ഇപ്രകാരമൊരു കുറ്റകൃത്യത്തിന് നേതൃത്വം നൽകിയ ക്രിമിനൽ സംഘത്തെ തുറുങ്കിലടയ്ക്കാനും മതിയായ ശിക്ഷ ഉറപ്പാക്കാനും എല്ലാ പഴുതും അടച്ചുകൊണ്ടുള്ള ഒരന്വേഷണം നടത്താനോ നടപടിക്രമങ്ങൾ സ്വീകരിക്കാനോ സംസ്ഥാനം ഭരിക്കുന്ന എൽഡിഎഫ് സർക്കാരിനു കഴിഞ്ഞിട്ടില്ല. അതിനാൽ ഈ കേസിൽ ചെയ്യാവുന്നതെല്ലാം ചെയ്തു എന്ന സർക്കാർ വാദം ശുദ്ധതട്ടിപ്പാണ്. ജിഷ്ണുവിന്റെ കുടുംബത്തിനുവേണ്ടി സർക്കാർ ഒരു കാര്യവും ചെയ്തിട്ടില്ല.

**അവകാശവാദം: ജിഷ്ണുവിന്റെ കുടുംബത്തിന് 10 ലക്ഷം നഷ്ടപരിഹാരം നൽകി**

ഖജനാവിൽ നിന്നും നഷ്ടപരിഹാരം നൽകി എന്നത് നെഹ്രു കോളേജ് മാനേജുമെന്റിനെ രക്ഷിക്കാൻ ശ്രമിച്ചില്ല എന്നതിന്റെ തെളിവല്ലല്ലോ. കൃഷ്ണദാസ് നയിക്കുന്ന ക്രിമിനൽ സംഘത്തെ രക്ഷിക്കാൻ നടപടികൾ കൈക്കൊള്ളുമ്പോൾത്തന്നെ 10 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ് തങ്ങളുടെ യഥാർത്ഥ ഇംഗിതം മറച്ചുവയ്ക്കാൻ നല്ലതെന്ന് ആർക്കാണറിയാത്തത്. ധനസഹായം നൽകി എന്നത് പത്രപരസ്യത്തിലെ ഇനമായി മാറുമ്പോൾ അതിന്റെ ലക്ഷ്യമെന്തായിരുന്നുവെന്ന് പകൽ പോലെ വ്യക്തമാവുകയാണ്. 10 ലക്ഷം രൂപ നൽകി, ജിഷ്ണുവിന്റെ ബന്ധുക്കളെ വിലക്കെടുക്കാനാണ് സിപിഐ(എം) നയിക്കുന്ന സർക്കാർ ശ്രമിച്ചത്. അങ്ങിനെ വിലക്കെടുക്കാൻ നിന്നുകൊടുക്കില്ല ബന്ധുക്കളെന്നു മനസ്സിലായപ്പോൾ തന്ന പണത്തിന്റെ കണക്കുപറഞ്ഞ് ജിഷ്ണുവിന്റെ കുടുംബത്തെ അപമാനിക്കുകയാണ് സർക്കാർ. നൽകുന്ന പണവും വാങ്ങി മിണ്ടാതിരിക്കണമെന്നാണോ സിപിഐ(എം) ശഠിക്കുന്നത്. അതോ മിണ്ടാതിരിക്കാനുള്ള കോഴയാണോ സർക്കാർ നൽകിയ 10 ലക്ഷം രൂപ. എത്ര അപഹാസ്യമായ നിലയിലേക്കാണ് സർക്കാർ നിപതിച്ചിരിക്കുന്നതെന്ന് കാണുക.

**അവകാശവാദം: കുടുംബം ആവശ്യപ്പെട്ട സ്പെഷ്യൽ പ്രോസിക്യൂട്ടറെ നൽകി**

പരാജയപ്പെടാൻ വേണ്ടി തയ്യാറാക്കപ്പെട്ട ഒരു തിരക്കഥയായി എഫ്ഐആറും ഇൻക്വസ്റ്റ് റിപ്പോർട്ടും വരാൻ പോകുന്ന കുറ്റപത്രവും നിലനിൽക്കെ, പ്രോസിക്യൂട്ടർ ആരു തന്നെയായാലും കുറ്റവാളികൾ രക്ഷപ്പെടുമെന്ന് ഉറപ്പാക്കിയിട്ടുള്ള സർക്കാരിന് ജിഷ്ണുവിന്റെ കുടുംബം ആവശ്യപ്പെട്ട സ്പെഷ്യൽ പ്രോസിക്യൂട്ടറെ നൽകുന്നതിന് എന്താണ് തടസ്സം? നേരെമറിച്ച് അവർ ആവശ്യപ്പെട്ട പ്രോസിക്യൂട്ടറെ നൽകിയാൽ അതും പ്രചാരണത്തിന് ഒരു ഇനം ആകുമെങ്കിൽ അപ്രകാരം ചെയ്യുന്നതാണല്ലോ ബുദ്ധി. ഇതേ പബ്ലിക് പ്രോസിക്യൂട്ടർ മദ്ധ്യസ്ഥനായി ഒരു കരാർ ഉണ്ടാക്കിയത് ഇതുവരെ വെളിച്ചം കണ്ടിട്ടില്ല. സർക്കാരിനെ രക്ഷിക്കാനായി മഹിജയുടെ സമരം എവ്വിധവും അവസാനിപ്പിക്കുക എന്ന ദൗത്യമേ പബ്ലിക് പ്രോസിക്യൂട്ടർക്ക് ഉണ്ടായിരുന്നുള്ളൂ എന്ന സംശയം നിലനിൽക്കുമ്പോൾ ഭാവിയിൽ കേസിൽ എന്തെങ്കിലും ഗുണം ഉണ്ടാകുമെന്ന് കരുതാൻ ഒരു ന്യായവും ഇല്ലല്ലോ.

**അവകാശവാദം: ഒന്നാം പ്രതിയുടെ മുൻകൂർ ജാമ്യം റദ്ദാക്കാൻ സർക്കാർ സുപ്രീം കോടതിയിൽ വരെ നിയമപോരാട്ടം നടത്തി**

മുൻകൂർ ജാമ്യാപേക്ഷ കീഴ്കോടതിയിൽ എത്തിയപ്പോൾ ഒത്തുകളിച്ച പ്രോസിക്യൂഷനാണ് യഥാർത്ഥത്തിൽ ഒന്നാം പ്രതിക്ക് മുൻകൂർ ജാമ്യം ലഭിക്കാൻ സാഹചര്യം ഒരുക്കിയത്. കളക്ടർ വിളിച്ചുചേർത്തിട്ടുള്ള യോഗത്തിൽ തനിക്ക് പങ്കെടുക്കാനുള്ളതുകൊണ്ട് ജാമ്യം നൽകണമെന്നാണ് ഒന്നാം പ്രതി കോടതിയിൽ അപേക്ഷിച്ചത്. യഥാർത്ഥത്തിൽ ഈ യോഗം നടന്നുകഴിഞ്ഞിരുന്നു. എന്നുമാത്രവുമല്ല, ഈ യോഗത്തിലേക്ക് കൃഷ്ണദാസിനെ ക്ഷണിച്ചിരുന്നതുമില്ല. ഇക്കാര്യങ്ങൾ കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ ഒരു പക്ഷേ കൃഷ്ണദാസിന് ജാമ്യം ലഭിക്കുമായിരുന്നില്ല. ജാമ്യം റദ്ദാക്കാനുള്ള സർക്കാരിന്റെയും ജിഷ്ണുവിന്റെ അമ്മയുടെയും ഹർജി തള്ളിക്കൊണ്ട് മാർച്ച് 27ന് സുപ്രീം കോടതി ജസ്റ്റിസ് എസ്.എ.ബോബ്ഡെ പറഞ്ഞത് ജിഷ്ണുവിന്റെ മരണത്തിൽ കൃഷ്ണദാസിന്റെ പങ്ക് സംശയരഹിതമായി സ്ഥാപിക്കാൻ പോലീസിനു കഴിഞ്ഞിട്ടില്ല എന്നാണ്. അവിടെയും സംസ്ഥാനത്തെ പോലീസ് അന്വേഷണത്തിന്റെ പരാധീനതകളാണ് വിനയായി മാറിയത്.

അടിമുടി ദുർബ്ബലമായ ഒരു അന്വേഷണ റിപ്പോർട്ടും കേസ് ഡയറിയുമായി പരമോന്നതകോടതിയിൽ പോയാലും ജാമ്യം റദ്ദാക്കപ്പെടില്ല എന്ന് അറിയാത്തവരല്ല സംസ്ഥാന ഭരണത്തിന്റെ തലപ്പത്തിരിക്കുന്നവർ. പിന്നെ എന്തിനാണ് പോയത്? തങ്ങൾ അങ്ങേയറ്റംവരെ ജിഷ്ണുവിനുവേണ്ടി പോരാടുകയാണെന്ന പ്രതീതി സൃഷ്ടിക്കാനും പ്രചാരണം നടത്താനും വേണ്ടിയുള്ള നാടകം മാത്രമാണ് സുപ്രീം കോടതിയിലെ നിയമയുദ്ധം.

കണക്കറ്റ് പണവും സ്വാധീനവുമുള്ള പ്രതികൾ മുൻകൂർ ജാമ്യം നേടാൻ നിശ്ചയമായും സാധ്യതയുണ്ടെന്ന് സർക്കാരിന് അറിയാമായിരുന്നിട്ടും കഴിവതും വേഗം എഫ്ഐആർ തയ്യാറാക്കി ഇവരെ അറസ്റ്റു ചെയ്യാതിരുന്നതെന്തുകൊണ്ടാണ്? ജിഷ്ണു വധിക്കപ്പെട്ട് നീണ്ട 36 ദിവസങ്ങൾക്കുശേഷമാണ് എഫ്ഐആർ പോലും സമർപ്പിച്ചത്. അതും കഴിഞ്ഞ് 4-ാം ദിവസമാണ് കൃഷ്ണദാസിന് ജാമ്യം ലഭിച്ചത്. വിലപ്പെട്ട ഈ 4 ദിവസം പാഴാക്കിയില്ലേ. രണ്ടാം പ്രതി സഞ്ജിത് വിശ്വനാഥിന് ജാമ്യം ലഭിച്ചത് എഫ്ഐആർ സമർപ്പിച്ച് 44 ദിവസത്തിനുശേഷം മാർച്ച് 24 നാണ്. ഇയാൾക്കും ജാമ്യം നേടാൻ അവസരമൊരുക്കിയതും പിണറായിയുടെ സർക്കാരാണ്. മൂന്നാം പ്രതി ശക്തിവേലിനെ അറസ്റ്റു ചെയ്തതാകട്ടെ മഹിജയുടെ സമരം 6 ദിവസം പിന്നിട്ടതിനുശേഷവും. സമരം ഒത്തുതീർക്കാൻ സർക്കാർ തീരുമാനിച്ചപ്പോൾ ഞൊടിയിടയിൽ ശക്തവേലിനെ മാളത്തിൽ നിന്നും പിടികൂടി. സർക്കാരിന്റെ അറിവോടെയാണ് ഇവർ ഒളിവിൽ താമസിച്ചിരുന്നതെന്ന് തെളിയിക്കാൻ ഇതിൽപ്പരം തെളിവ് വേണോ. ഇത്രയൊക്കെ കഴിഞ്ഞ് സുപ്രീം കോടതിയിൽ വരെ പോരാടി എന്നു ഊറ്റം കൊള്ളുന്നത് എത്രയോ അപഹാസ്യം.

ഒന്നാം പ്രതിക്കു പുറമെ അവശേഷിക്കുന്ന നാലുപ്രതികൾക്കും മുൻകൂർ ജാമ്യം ലഭിക്കാൻ കാരണം ഈ ദുർബ്ബലമായ അന്വേഷണറിപ്പോർട്ട് തന്നെയാണ്. പ്രാഥമിക അന്വേഷണ വേളയിൽ നശിപ്പിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്ത തെളിവുകളായിരുന്നു പ്രതികളെ കൃത്യവുമായി ബന്ധിപ്പിക്കാനുള്ള ദൃഢമായ കണ്ണികൾ. അവ നഷ്ടപ്പെടുത്തിയ പോലീസും അതിന് നേതൃത്വം നൽകിയ സർക്കാരുമാണ് പ്രതികൾക്കെല്ലാം ജാമ്യം ലഭിക്കാൻ ഇടയാക്കിയത്. പ്രാഥമിക അന്വേഷണവേളയിലെ നശിപ്പിക്കപ്പെട്ട തെളിവുകൾക്കു പുറമെ പുതിയ തെളിവുകൾ കണ്ടെത്താനുള്ള നടപടികളിലും ഗുരുതരമായ വീഴ്ചയാണ് പോലീസ് വരുത്തിയത്. ഫെബ്രുവരി മധ്യത്തോടെ കണ്ടെത്തപ്പെട്ട ജിഷ്ണുവിന്റേതെന്ന് കരുതപ്പെടുന്ന രക്തക്കറയുടെ ഡിഎൻഎ പരിശാധന നടത്താൻ മാതാപിതാക്കളുടെ രക്തസാമ്പിൾ നാദാപുരം താലൂക്ക് ആശുപത്രിയിൽ ശേഖരിച്ചത് മാർച്ച് 14നു മാത്രം. ഡിഎൻഎ പരിശോധനയിലൂടെ ഇടിമുറിയിൽ നിന്നും ലഭിച്ച രക്തക്കറ ജിഷ്ണുവിന്റേതെന്ന് ശാസ്ത്രീയമായി സ്ഥാപിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ആർക്കും ജാമ്യം ലഭിക്കുമായിരുന്നില്ല. ഇപ്പോൾ ഇവർക്ക് ജാമ്യം ലഭിച്ചുവെന്ന് മാത്രമല്ല, പ്രതികളെ ചോദ്യം ചെയ്യുക പോലും പാടില്ല എന്നാണ് കോടതി കൽപ്പിച്ചിരിക്കുന്നത്. ഇത്രയും പ്രതികൂലമായ സാഹചര്യം ജിഷ്ണുക്കേസിന് സൃഷ്ടിച്ചതിനുശേഷമാണ് ചെയ്യാനുള്ളതെല്ലാം ചെയ്തെന്ന് ലക്ഷങ്ങൾ മുടക്കി പരസ്യം ചെയ്ത് ജനങ്ങളെ കബളിപ്പിക്കാൻ ശ്രമിക്കുന്നത്. ■

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/05/2017
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

UNITY
MALAYALAM MONTHLY

Vol 44 No.2
Price : Rs 5.00
May 2017

# മഹിജയുടെ സമരം എന്തു നേടിയെന്ന ചോദ്യം ഇടതുപക്ഷ രാഷ്ട്രീയത്തിന് അപമാനകരം

**ഇത് ഇടതു പോലീസ് നയമോ?**

സംസ്ഥാന പോലീസ് ആസ്ഥാനത്തിനു സമീപം ഏപ്രിൽ 5 ന് ജിഷ്ണുവിന്റ അമ്മ മഹിജയുടെ മേലും മറ്റ് കുടുംബാംഗങ്ങളുടെ മേലും ഉണ്ടായ പോലീസ് അതിക്രമം ഇടതുരാഷ്ട്രീയത്തിന് അങ്ങേയറ്റം അപമാനകരമായി.



സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ഐക്യദാർഢ്യ കൂട്ടായ്മ മുതിർന്ന പത്രപ്രവർത്തകൻ ഗൗരീദാസൻ നായർ ഉദ്ഘാടനം ചെയ്യുന്നു



സെക്രട്ടേറിയറ്റിന് മുന്നിലെ സമരകേന്ദ്രം സഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്യുന്നു

ഡിജിപി ആസ്ഥാനം സമരനിരോധിത മേഖലയാണ്, കുടുംബാംഗങ്ങളല്ലാത്ത പുറത്തുനിന്നുള്ളവർ നുഴഞ്ഞുകയറി, മഹിജയെയും കുടുംബത്തെയും മുന്നിൽ നിർത്തി രാഷ്ട്രീയമുതലെടുപ്പ് നടത്തുകയാണ്, എസ്.യു.സിഐക്കാർ ഗൂഢാലോചന നടത്തി എന്നിങ്ങനെ സിപഐ(എം)ഉം സർക്കാരും മുന്നോട്ടുവയ്ക്കുന്ന എല്ലാ അഭിപ്രായങ്ങളും വാദത്തിനുവേണ്ടി അംഗീകരിച്ചാൽത്തന്നെ ഏപ്രിൽ 5ന്റെ പോലീസ് നടപടി എങ്ങിനെയാണ് ഇടതുരാഷ്ട്രീയത്തെ പ്രതിഫലിപ്പിക്കുക? സിപഐ(എം)ന്റെ സത്യസന്ധതയുള്ള അണികളോടാണ് ഈ ചോദ്യം.

ഒരു ഇടതു സർക്കാർ അധികാരത്തിലിരിക്കുമ്പോൾ ശരിയല്ലാത്ത ഡിമാന്റ് ഉയർത്തിക്കൊണ്ട് പിന്തിരിപ്പൻ നേതൃത്വത്തിൻകീഴിൽ സങ്കുചിതമായ ലക്ഷ്യങ്ങളോടെ ഒരു സമരം ഉയർന്നുവന്നുവെന്ന് കരുതുക. ഒരു ഘട്ടത്തിൽ അവർ ചില്ലറ അക്രമത്തിന്റെ മാർഗ്ഗങ്ങളും അവലംബിച്ചെന്നു കരുതുക. അങ്ങിനെയുള്ള ഒരു സമരത്തോടുപോലും ജനാധിപത്യസമീപനം കൈവെടിയാൻ പാടില്ല എന്നതാണ് യഥാർത്ഥ ഇടതപക്ഷ നിലപാട് എന്നിരിക്കെ, ഏറ്റവും സമാധാനപരമായി, ഒരു പാവപ്പെട്ട അമ്മയും കുടുംബാംഗങ്ങളും സഹനസമരത്തിനായി എത്തിയപ്പോൾ അവർക്കുമേൽ ബലപ്രയോഗം നടത്തിയത് എങ്ങനെ ന്യായീകരിക്കാനാകും. ജനാധിപത്യ സമരങ്ങളിൽ പോലീസ് സേനയെ പൂർണ്ണമായി മാറ്റി നിർത്തിക്കൊണ്ട്, രാഷ്ട്രീയനേതൃത്വം സഹിഷ്ണുതയോടെ, സമരത്തോട് ആദരവ് നിലനിർത്തിക്കൊണ്ട്, ജനാധിപത്യപരമായ ചർച്ചകളിലൂടെ, അംഗീകരിക്കാവുന്ന ഡിമാന്റുകൾ അംഗീകരിച്ചും അല്ലാത്തവ എന്തുകൊണ്ട് അംഗീകരിക്കാനാവില്ല എന്ന് ബോദ്ധ്യപ്പെടുത്തിയും സമരസാഹചര്യത്തെ കൈകാര്യം ചെയ്യുന്നതല്ലേ ഏറ്റവും ഉന്നതമായ ജനാധിപത്യശൈലി. വളരെ സുതാര്യമായി ഇത് ജനങ്ങളുടെയും മാധ്യമങ്ങളുടെയും മുമ്പിൽ നിർവ്വഹിക്കപ്പെട്ടാൽ സമരത്തിന്റെ ന്യായ – അന്യായങ്ങളെ സംബന്ധിച്ച് ജനങ്ങൾക്ക് വ്യക്തമായ ധാരണ ലഭിക്കും. സമരത്തിന് സങ്കുചിതമായ താൽപ്പര്യങ്ങളുണ്ടെങ്കിൽ അവ തുറന്നുകാട്ടപ്പെടാൻ ഈ ജനാധിപത്യപ്രക്രിയ സഹായിക്കുന്നു. അതീവ ഗൗരവമാർന്ന ഒരു ക്രസമാധാന പ്രശ്നമാകാത്തിടത്തോളം പോലീസ് ജനാധിപത്യസമരരംഗത്തേക്ക് ഒരു കാരണവശാലും വരേണ്ടതില്ല. ഇതാണ് ഏറ്റവും കൃത്യമായ ഇടതു നിലപാട്. സംഘടിച്ചുവിലപേശാനും അതിലൂടെ ജനാധിപത്യബോധവും പ്രബുദ്ധതയും വളർത്താനും കഴിയാത്തിടത്തോളം ജനാധിപത്യക്രമം ശക്തിപ്പെടില്ല. വളരെ വിപുലമായ അത്തരമൊരു പ്രക്രിയയിൽ ഒന്നാകെ മുഴുകുമ്പോഴാണ് എല്ലാത്തരം സങ്കുചിതത്വത്തിൽ നിന്നും വർഗ്ഗീയ – വിഭാഗീയ മനോഘടനയിൽ നിന്നും ജനങ്ങൾ മുക്തരാകുന്നത്. അത്തരമൊരു ജനതയ്ക്കു മാത്രമേ വർഗ്ഗരാഷ്ട്രീയത്തിന്റെ പ്രധാന്യവും പ്രസക്തിയും തിരിച്ചറിയാൻ കഴിയൂ. ആയതിനാൽ ജനാധിപത്യ സമരങ്ങളെ ഇടതുശക്തികൾ പ്രാണനെപ്പോലെ ഗണിക്കുന്നു. നേതൃത്വമോ ഡിമാന്റുകളോ പിന്തിരിപ്പനാണെങ്കിൽപ്പോലും അത് ഒരു കാരണവശാലും ഒരു സമരം അടിച്ചമർത്തപ്പെടാനുള്ള കാരണമാകുന്നില്ല. പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തിയാൽ നാളെ ശരിയായ ജനാധിപത്യസമരങ്ങൾക്കുമേലെ




കോട്ടയത്ത് സഖാക്കൾ എം.ഷാജർഖാൻ, എസ്.മിനി, എസ്.ശ്രീകുമാർ എന്നിവർക്ക് നൽകിയ സ്വീകരണം

വലതുപക്ഷ ശക്തികൾക്ക് സേനയെ ഉപയോഗിക്കാനുള്ള കീഴ്വഴക്കം സൃഷ്ടിക്കപ്പെടും. ജനാധിപത്യവിരുദ്ധമായ രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിക്കപ്പെടും. അത് വലതു – ഫാസിസ്റ്റ് ശക്തികൾക്ക് വളക്കൂറുള്ളമണ്ണ് സൃഷ്ടിക്കാനിടവരുത്തും. ജനാധിപത്യ പ്രക്ഷോഭങ്ങളോടുള്ള ശരിയായ ഇടതുപക്ഷ സമീപനം ഇതാണ്.



ഏപ്രിൽ 10ന് ഡൽഹിയിൽ ജെ.എൻ.യുവിൽ നടന്ന പ്രതിഷേധം

**മഹിജയുടെ നിശ്ചയദാർഢ്യം ഭാവി പോരാട്ടങ്ങൾക്ക് അടിത്തറയാകും**

ജനാധിപത്യസമരങ്ങളോടുള്ള ഈ ഇടതുപക്ഷ നിലപാട് പിണറായി സർക്കാർ മഹിജയുടെ സമരത്തിന്റെ കാര്യത്തിൽ പൂർണ്ണമായും വെടിയുന്നതാണ് നാം കണ്ടത്. ഏപ്രിൽ 5ന്റെ പോലീസ് നടപടിയേക്കാൾ ഭയാശങ്കകൾ ഉണർത്തുന്നതാണ് 12–ാം തീയതി പത്രസമ്മേളനത്തിൽ മുഖ്യമന്ത്രി നടത്തിയ പ്രതികരണങ്ങൾ. ഏപ്രിൽ 9ന് സർക്കാർ നിയോഗിച്ച ഉന്നതരായ രണ്ട് പ്രതിനിധികൾ സമരക്കാരുമായി ഒത്തുതീർപ്പുണ്ടാക്കി പത്തിന വ്യവസ്ഥകൾ അംഗീകരിച്ച് സമരം പിൻവലിച്ചതിനുശേഷം സമരംകൊണ്ട് എന്തുനേടി എന്ന മുഖ്യമന്ത്രിയുടെ ചോദ്യം മഹിജയെ മാത്രമല്ല, കേരളത്തിന്റെ മനസ്സാക്ഷിയെ ഒന്നടങ്കം അപമാനിക്കുന്ന ഒന്നാണ്. സമരം കൊണ്ട് നിരവധി കാര്യങ്ങൾ നേടിയതുകൊണ്ടാണല്ലോ ഒരു പത്തിന കരാർ സർക്കാരിന് ഒപ്പിടേണ്ടി വരുന്നത്. അതിനുശേഷവും സമരം ഒന്നും നേടിയില്ല എന്നു പറയുന്നത് ഏറ്റവും വഷളായ ദുരഭിമാനത്തിന്റെ ജല്പനമാണ്. നിസ്സഹായയായ ഒരമ്മയുടെയും കുടുംബത്തിന്റെയും അളവറ്റ ഇഛാശക്തിക്കുമുമ്പിൽ പരാജയപ്പെട്ട കേരളത്തിന്റെ മുഖ്യമന്ത്രിയുടെ മുറിവേറ്റ അഹന്തയുടെ വാക്കുകളാണിവ. മുഖ്യമന്ത്രീ, താങ്കൾ സ്വയം ഇത്രയും കൊച്ചാകരുത്. ഉടനടിയുള്ള കണക്കുതീർക്കലിന്റെ ഇടുങ്ങിയ രാഷ്ട്രീയമനസ്സ് താങ്കൾ വെടിയണം. എന്തുവില നൽകിയും ജനാധിപത്യസമരരാഷ്ട്രീയം ശക്തിപ്പെടണമെന്നാഗ്രഹിക്കുന്ന ഒരു നേതാവിനും ഇപ്രകാരം അഭിപ്രായപ്പടാനാകില്ല. മഹിജയുടെ സമരം സിപിഐ(എം)ന് രാഷ്ട്രീയ ക്ഷീണം ഉണ്ടാക്കിയെങ്കിൽ അത് ആ പ്രസ്ഥാനത്തിന്റെ പരാധീനത നിമിത്തമാണ്. എന്നാൽ മഹിജയുടെ സമരം ദീർഘകാലാടിസ്ഥാനത്തിൽ പ്രബുദ്ധമായ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തിന് കരുത്തുപകരുന്നതാണ്. സ്വന്തം മകന്റെ വേർപാടിനെ പോരാട്ടത്തിന്റെ അസാധാരണമായ ഊർജ്ജമാക്കി മാറ്റിയ മഹിജ കോരളത്തിലെ മുഴുവൻ സ്ത്രീകൾക്കും യോഗ്യമായ മാതൃകയാണ്. രോഹിത് വെമുലയുടെ അമ്മയെയും ഗോവിന്ദ് പൻസാരയുടെ മകളെയും ആദരവോടെ സ്വീകരിക്കുന്ന അതേ മനസ്സോടെ മഹിജയെയും ആദരിക്കണം. രാഷ്ട്രീയ സങ്കുചിതത്വത്തിന്റെ ഇരുൾ വീണ മനസ്സ്കൊണ്ട് മഹിജയെ അളക്കരുത്. അവരുടെ നിലപാടിന് ബലം പകരണം. അവരുടെ പ്രക്ഷോഭത്തിന് ശക്തമായ തുടർച്ച സൃഷ്ടിക്കാൻ യഥാർത്ഥ ഇടതുപക്ഷ വിശ്വാസികൾ മുന്നോട്ടുവരണം. സ്ത്രീകൾ വിലക്കുകളുടെയും പുരുഷകൽപ്പനകളുടെയും വിധിബോധത്തിന്റെയും ചുവരുകൾക്കുള്ളിൽ നിന്നും പുറത്തുവരാത്ത ഈ ദുർഘടവേളയിൽ ഒരു മഹിജയോ ഒരു രാധിക വെമുലയോ ഉയർന്നുവരുമ്പോൾ ഇരുകൈയ്യും നീട്ടി നാം അതിനെ വരവേൽക്കണം. അവഹേളിച്ച് തളർത്തരുത്. കേരള മുഖ്യമന്ത്രി പിണറായി വിജയന്റെയും എം.എം.മണിയുടെയും വാക്കുകൾ മാപ്പർഹിക്കാത്ത അപരാധമായി മാറുന്നത് അപ്പോഴാണ്. ■



തൃശൂരിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ സഖാവ് എം.ഷാജർഖാൻ പ്രസംഗിക്കുന്നു.




ജയിൽവിമോചിതരായവർക്ക് തിരുവനന്തപുരത്ത് നൽകിയ സ്വീകരണസമ്മേളനത്തിൽ സഖാവ് ആർ.ബിജു പ്രസംഗിക്കുന്നു

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.